# ഗിരിദീപം

ഏപ്രിൽ 2025

ഉയിർപ്പുതിരുനാൾ ആശംസകൾ



"കർത്താവ് സത്യമായും ഉയിർത്തെഴുന്നേറ്റു..."

(ലൂക്കാ 24:34)


HAPPY FEAST
ഏപ്രിൽ 24 ന്
നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന
മാർ ജോർജ് ഞറളക്കാട്ട് പിതാവിനും
മാർ ജോർജ് വലിയമറ്റം പിതാവിനും
തലശ്ശേരി അതിരൂപതാ കുടുംബത്തിന്റെ
പ്രാർത്ഥനാശംസകൾ
സ്നേഹസ്മരണയ്ക്ക്
19-ാം ചരമ വാർഷികം
മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി
ജനനം 04.08.1911 മരണം 04.04.2006

ഏപ്രിൽ 2025

വാല്യം 08
ലക്കം 04

# ഗിരിദീപം

## തലശ്ശേരി അതിരൂപതയുടെ മുഖപത്രം

Archbishops House, Holloway Road, Thalassery, Kerala, India - 670101
Ph: 0091-490 2341058; Email: curiaadtly@gmail.com; Web: www.archdioceseoftellicherry.org

# ഗിരിദീപം

തലശ്ശേരി അതിരൂപതയുടെ മുഖപത്രം


1. Prot. No. 100/2025, Circular No. 06/2025 ........ 05
2. കച്ചേരിക്കാര്യം ........ 08
3. സെമിനാരി വാർത്തകൾ ........ 19
4. ഓവർസീസ് അപ്ഡേറ്റ്സ് ........ 20
5. കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ് ........ 21
6. ബൈബിൾ അപ്പൊസ്റ്റൊലേറ്റ് ........ 28
7. ചിൽഡ്രൻ അപ്പൊസ്റ്റൊലേറ്റ് ........ 30
   - തിരുബാലസഖ്യം ........ 34
8. യൂത്ത് അപ്പൊസ്റ്റൊലേറ്റ് ........ 36
9. ഫാമിലി അപ്പൊസ്റ്റൊലേറ്റ് ........ 40
10. എജ്യൂക്കേഷണൽ അപ്പൊസ്റ്റൊലേറ്റ് ........ 48
   - TRACE ........ 55
   - വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ് ........ 57
11. ലെയ്റ്റി അപ്പൊസ്റ്റൊലേറ്റ്
   - എകെസിസി ........ 59
   - കുടുംബക്കൂട്ടായ്മ ........ 64
   - കരിസ്മാറ്റിക് ........ 66
   - ഫ്രാൻസിസ്ക്കൻ അല്മായ സഭ ........ 69
   - ADAM ........ 71
   - കെ.സി.ബി.സി. മദ്യവിരുദ്ധസമിതി ........ 73
12. സോഷ്യൽ സർവ്വീസ് അപ്പൊസ്റ്റൊലേറ്റ് ........ 75
   - ബയോ മൗണ്ടൻ ........ 82
   - ഇൻഫാം ........ 86
13. ധ്യാനകേന്ദ്രങ്ങളിലൂടെ ........ 89
14. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (പാംപ്ലാനി പിതാവ്) ........ 90
15. Engagements - April (Archbishop Mar Joseph Pamplany) ........ 93
16. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) ........ 95
17. Engagements - April (Archbishop Mar George Njaralakatt) ........ 97
18. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (വലിയമറ്റം പിതാവ്) ........ 98
19. Engagements - April (Archbishop Mar George Valiamattam) ........ 98

# സർക്കുലർ

**മാർ ജോസഫ് പാംപ്ലാനി**

Prot. No. 100 /2025, Circular No. 06/2025

## നാല്പതാം വെള്ളി തീർത്ഥാടനം

ഈശോയിൽ പ്രിയമുള്ള സഹോദരീസഹോദരന്മാരേ,

ഈശോയുടെ പീഡാനുഭവങ്ങളെ ആഴത്തിൽ ധ്യാനിക്കുന്ന വലിയനോമ്പിന്റെ ദിനങ്ങളിലൂടെ നാം കടന്നുപോകുകയാണ ല്ലോ. നമ്മുടെ രക്ഷയുടെ അടയാളമായ വിശുദ്ധ കുരിശിനെ ജീവിതത്തോട് ചേർത്തുപിടിക്കുവാനും അനുദിന ജീവിതത്തി ന്റെ സഹനങ്ങളെ കുരിശിലേക്ക് നോക്കി നേരിടുവാനും നമുക്ക് പരിശ്രമിക്കാം. നമ്മുടെ സഭാപാരമ്പര്യത്തിൽ വലിയ നോമ്പിൽ പ്രാധാന്യത്തോടെ അനുസ്മരിക്കുന്ന ദിനമാണ് നോമ്പിന്റെ നാല്പതു ദിനങ്ങൾ പിന്നിടുന്ന നാല്പതാം വെള്ളി. കേരളസഭ യിൽ നിലനിന്നിരുന്ന പൗരസ്ത്യമായ ഒരു ആചരണമാ ണിത്. വലിയ ആഴ്ചയിലേക്കുള്ള കവാടം എന്നാണ് നാല്പ താംവെള്ളി അറിയപ്പെടുന്നത്. പാശ്ചാത്യസഭയിലും പൗരസ്ത്യ സഭയിലും നോമ്പ് മോശയുടെയും ഈശോയുടെയും നാല്പ തുദിവസത്തെ ഉപവാസത്തിന്റെ അനുസ്മരണമാണ്. സഭയിൽ ആദ്യകാലങ്ങളിൽ വലിയനോമ്പ് ദനഹാതിരുനാൾ മുതലുള്ള 40 ദിവസങ്ങളായിരുന്നു. തുടർന്ന് പീഢാനുഭവ ആഴ്ചയുടെ ആചരണം എന്ന രീതീയായിരുന്നു. മാർ തോമാ ക്രിസ്ത്യാനി കൾക്കിടയിൽ വലിയ നോമ്പിലെ നാല്പതുദിവസങ്ങൾ പ്രാധാ ന്യത്തോടെ ഓർമ്മിച്ച് അതിന്റെ സമാപനം ത്യാഗത്തോടെ ആച രിക്കുന്ന രീതി ഉണ്ടായിരുന്നു. ആ പാരമ്പര്യത്തിന്റെ തുടർച്ചയാ യാണ് കേരളസഭയിൽ നാല്പതാം വെള്ളി ആചരണം നടന്നി

രുന്നത്. പിന്നീട് സഭയിൽ 50 നോമ്പ് ഏകീകരിച്ചപ്പോഴാണ് ഇപ്പോഴു ള്ളതുപോലുള്ള നോമ്പാചരണം ആരംഭിച്ചത്. വലിയ നോമ്പിന്റെ നാല്പതു ദിനങ്ങൾ പിന്നിട്ട് വിശുദ്ധ വാരത്തിലേക്ക് കൂടുതൽ ആത്മീയ ഒരുക്കത്തോടെ പ്രവേശിക്കുവാൻ നാല്പതാം വെള്ളി ആച രണം സഹായകമാകും.

ജൂബിലി വർഷത്തിൽ തീർത്ഥാടനങ്ങൾ നടത്തണമെന്ന് പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപാപ്പാ ആഹ്വാനം ചെയ്തിട്ടുണ്ടല്ലോ. ഈ വർഷം മുതൽ നമ്മുടെ അതിരൂപതയിൽ നാലപ്താം വെള്ളി ആച രണം കൂടുതൽ ദൈവജനത്തെ ഉൾപ്പെടുത്തിക്കൊണ്ട് തീർത്ഥാടന മായി സംഘടിപ്പിക്കുകയാണ്. ചെറുപുഴ, മേരിഗിരി, തോമാപുരം എന്നീ ഫൊറോനകളിലെ ഇടവകകളുടെ പ്രത്യേക പങ്കാളിത്തത്തോടെ സ്ലീവാ പാതയുടെയും കരുണയുടെ ജപമാലയുടെയും പ്രാർത്ഥകൾ ചൊല്ലി ചെറുപുഴ സെന്റ് മേരീസ് ഫൊറോനാ ദൈവാലയത്തിലേക്കാണ് തീർത്ഥാടനം നടത്തുന്നത്. 2025 ഏപ്രിൽ 11 വെള്ളിയാഴ്ചയാണ് ഈ വർഷത്തെ നാല്പതാം വെള്ളി. അന്നേദിവസം ഉച്ചകഴിഞ്ഞ് 4 മണിക്ക് വിവിധ കേന്ദ്രങ്ങളിൽ നിന്നും കുരിശിന്റെ വഴി നടത്തി കാൽനടയായി ചെറുപുഴ സെന്റ് മേരീസ് ഫൊറോന ദൈവാലയത്തിലേക്കാണ് തീർത്ഥടകർ എത്തുന്നത്. മേരിഗിരി ഫൊറോനയിലെ ഇടവകകളിൽ നിന്നുള്ള ദൈവജനം പെരിങ്ങാല പള്ളിയിൽ സമ്മേളിച്ച് വൈകിട്ട് 5.45 ന് ചെറുപുഴ ടൗണിൽ എത്തിച്ചേരുംവിധത്തിലും തോമാപുരം, ചെറുപുഴ ഫൊറോനകളിലെ തീർത്ഥാടകർ അന്നേദിവസം വൈകു ന്നേരം 5.45 ന് ചെറുപുഴ ടൗണിന് സമീപമുള്ള പാലത്തിന്റെ അടുത്ത് എത്തിച്ചേരും വിധത്തിലുമാണ് തീർത്ഥാടനം ക്രമീകരിച്ചിരിക്കുന്നത്. വിവിധ സെന്ററുകളിൽനിന്നും തീർത്ഥാടകരായി ചെറുപുഴയിൽ എത്തിയ ശേഷം കുരിശിന്റെ വഴിയുടെ പ്രാർത്ഥനകൾ ചൊല്ലിക്കൊണ്ട് ചെറുപുഴ സെന്റ് മേരീസ് ഫൊറോനാ ദൈവാലയത്തിലേക്ക് തീർത്ഥാടനം തുടരും. രാത്രി 7 മണിയോടെ ചെറുപുഴ ദൈവാലയ ത്തിൽ എത്തിച്ചേർന്ന് വി. കുരിശിന്റെ വണക്കത്തിനും നാല്താം വെള്ളിയുടെ സന്ദേശത്തിനും ശേഷം തീർത്ഥാടനം സമാപിക്കും. മല യോര മേഖലയിലെ പ്രധാന പട്ടണമായ ചെറുപുഴയിലേക്ക് രക്ഷ യുടെ അടയാളമായ വിശുദ്ധ കുരിശ് കൈകളിലേന്തി ദൈവജനം തീർത്ഥാടനം നടത്തുന്നത് വലിയ നോമ്പിൽ നമ്മൾ നല്കുന്ന സാക്ഷ്യ

മായി മാറും. ഈ തീർത്ഥാടനത്തിന് പരമാവധി ആളുകൾ പങ്കെടുക്കുമല്ലോ. കുരിശിന്റെ തണലിൽ നമ്മുടെ കർത്താവിന്റെ പീഡാനുഭവങ്ങളെ ആഴത്തിൽ നമുക്ക് ധ്യാനിക്കാം. നാല്പതാം വെള്ളി തീർത്ഥാടനത്തിനായി സ്നേഹത്തോടെ നിങ്ങളേവരെയും സ്വാഗതം ചെയ്യുന്നു.

ക്രൂശിതനായ കർത്താവ് നിങ്ങളെ എല്ലാവരേയും പിതാവിന്റെയും † പുത്രന്റെയും † പരിശുദ്ധാത്മാവിന്റെയും † നാമത്തിൽ ആശീർവദിക്കട്ടെ,

സ്നേഹപൂർവ്വം നിങ്ങളുടെ പിതാവ്,

**† മാർ ജോസഫ് പാംപ്ലാനി**
*തലശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത*

*2025 മാർച്ച് 25 ന് മംഗളവാർത്ത തിരുനാളിൽ തലശ്ശേരി അതിരൂപതാ കാര്യാലയത്തിൽ നിന്നും നൽകപ്പെട്ടത്.*

---

*NB:* ഈ സർക്കുലർ 2025 മാർച്ച് 30-ാം തീയതി ഞായറാഴ്ചയോ ഏപ്രിൽ 6 ന് ഞായറാഴ്ചയോ വിശുദ്ധ കുർബാന മധ്യേ ദൈവാലയങ്ങളിൽ വായിക്കേണ്ടതാണ്.

# കച്ചേരിക്കാര്യം
## ഏപ്രിൽ 2025

**1. അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ ചരമ വാർഷികം**

തലശ്ശേരി അതിരൂപതയുടെ പ്രഥമമെത്രാൻ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ പത്തൊൻപതാം ചരമ വാർഷികം 2025 ഏപ്രിൽ 04-ാം തീയതി വെള്ളിയാഴ്ചയാണ്. അന്നേദിനം നമ്മുടെ അതിരൂപതയിലെ എല്ലാ ദൈവാലയങ്ങളിലും അഭിവന്ദ്യ പിതാവിനുവേണ്ടി വി. കുർബാന അർപ്പിക്കുകയും പിതാവിനെക്കുറിച്ചുള്ള അനുസ്മരണം നടത്തുകയും ചെയ്യണം. വിശ്വാസോത്സവത്തിന്റെ സമാപനദിനം സൺഡേ സ്കൂൾ കുട്ടികൾക്ക് മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിനെ പരിചയപ്പെടുത്തുകയും തലശ്ശേരി അതിരൂപതയുടെ വളർച്ചയിൽ പിതാവിന്റെ സംഭാവനകൾ വിശദീകരിക്കുകയും ചെയ്യുന്നത് ഉചിതമായിരിക്കും.

**2. വിശുദ്ധ മൂറോൻ വെഞ്ചരിപ്പും വൈദിക സമ്മേളനവും**

2025 ഏപ്രിൽ 14 തിങ്കളാഴ്ച തലശ്ശേരി അതിരൂപതയിൽ അജപാലന ശുശ്രൂഷ ചെയ്യുന്ന മുഴുവൻ വൈദികരുടെയും യോഗം ആലക്കോട് സെന്റ് മേരീസ് ഫൊറോന ദൈവാലയത്തിൽ വച്ച് ചേരുന്നതാണ്. അന്നേ ദിവസമാണ് വിശുദ്ധ മൂറോൻ വെഞ്ചരിപ്പ് നടത്തുന്നത്. രാവിലെ 9.30 ന് ദിവ്യകാരുണ്യ ആരാധനയ്ക്കുശേഷം 10.30 ന് വിശുദ്ധ കുർബാന ആരംഭിക്കും. വിവിധ കൂദാശകൾക്ക് ഉപയോഗിക്കുന്ന വിശുദ്ധ തൈലം വലിയ ആഴ്ചയിൽ ബഹു. വൈദികരുടെ ഒപ്പം അഭിവന്ദ്യ പിതാവ് വെഞ്ചരിക്കുന്ന പാരമ്പര്യമാണ് നമ്മുടെ അതിരൂപതയിലുള്ളത്. ബഹു. വൈദികർ തിരുവസ്ത്രങ്ങൾ (കാപ്പ സെറ്റ്) നിർബന്ധമായും കൊണ്ടുവരുമല്ലോ. വി. കുർബാനയ്ക്കുശേഷം 12 മണിമുതൽ 1.30 വരെ വൈദികസമ്മേളനം നടക്കും. വിശുദ്ധ മൂറോൻ വെഞ്ചരിപ്പിലും വൈദിക സമ്മേളനത്തിലും മുഴുവൻ വൈദികരും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. വി. കുമ്പസാരത്തിനുള്ള സൗകര്യവും ഉണ്ടായിരിക്കും.

ഈശോ പൗരോഹിത്യം സ്ഥാപിച്ച വിശുദ്ധ വാരത്തിലേയ്ക്ക് ആത്മ വിശുദ്ധിയോടെ നമുക്ക് പ്രവേശിക്കാം.

**3. നാല്പതാം വെള്ളി തീർത്ഥാടനം**

വലിയനോമ്പിൽ കർത്താവിന്റെ പീഢാനുഭവങ്ങളെ കൂടുതൽ തീക്ഷ്ണതയോടെ അനുസ്മരിക്കുവാൻ ഈ വർഷം മുതൽ നാല്പതാം വെള്ളി തീർത്ഥാടനം ആരംഭിക്കുകയാണ്. ഇടവകകളിൽ ചെറിയ രീതിയിൽ നാല്പതാംവെള്ളി ആചരണം നടക്കുന്നുണ്ടെങ്കിലും കൂടുതൽ ദൈവജനത്തെ ഉൾപ്പെടുത്തിക്കൊണ്ട് തീർത്ഥാടനമായാണ് ഈ വർഷം നമ്മൾ നാല്പതാംവെള്ളി ആചരിക്കുന്നത്. ചെറുപുഴ, തോമാപുരം, മേരിഗിരി എന്നീ ഫൊറോനകളിലെ ഇടവകകളുടെ പ്രത്യേക പങ്കാളിത്തത്തോടെ 2025 ഏപ്രിൽ 11 ന് വെള്ളിയാഴ്ച ചെറു പുഴ സെന്റ് മേരീസ് ഫൊറോനാ ദൈവാലയത്തിലേക്കാണ് തീർത്ഥാ ടനം നടത്തുന്നത്. മോശയും ഈശോയും നാല്പതു ദിവസങ്ങൾ ഉപവസിച്ചതിന്റെ ഓർമ്മയാണ് നോമ്പ്. വിഭൂതി തിരുനാൾ ദിനം മുതൽ നോമ്പിന്റെ 40 ദിവസങ്ങൾ പിന്നിടുകയാണ് നാല്പതാം വെള്ളിയിൽ. മേരിഗിരി ഫൊറോനയിലെ ഇടവകകളിൽ നിന്നുള്ള തീർത്ഥാടകർ അന്നേദിവസം പെരിങ്ങാല പള്ളിയിൽ ഒരുമിച്ച് ചേർന്ന് വൈകിട്ട് 5.45 ന് ചെറുപുഴ ടൗണിൽ എത്തിച്ചേരുംവിധം തീർത്ഥാടനം ആരംഭി ക്കും. തോമാപുരം ഫൊറോനയിലെയും ചെറുപുഴ ഫൊറോനയി ലെയും തീർത്ഥാടകർ അന്നേദിവസം വൈകിട്ട് 5.45 ന് ചെറുപുഴ പാല ത്തിന് സമീപം എത്തിച്ചേരുംവിധത്തിലും തീർത്ഥാടനം ആരംഭിക്കും. ചെറുപുഴയിൽ സംഗമിക്കുന്ന തീർത്ഥാടകർ ടൗണിലൂടെ വിശുദ്ധ കുരിശ് കൈകളിലേന്തി ചെറുപുഴ സെന്റ് മേരീസ് ഫൊറോന ദൈവാ ലയത്തിലേക്ക് തീർത്ഥാടനം തുടരും. 7 മണിക്ക് ചെറുപുഴ പള്ളിയിൽ എത്തിച്ചേരുന്ന തീർത്ഥാടനം വിശുദ്ധ കുരിശിന്റെ വണക്കത്തോടെയും അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ സന്ദേശത്തോടെയും സമാപിക്കും. തീർത്ഥാടകർക്ക് ഭക്ഷണം ക്രമീകരിച്ചിട്ടുണ്ട്. വലിയനോ മ്പിൽ രക്ഷയുടെ അടയാളമായ വിശുദ്ധ കുരിശും വഹിച്ചുകൊണ്ട് ഒരു സമൂഹമായി ദൈവജനം ചെറുപുഴ പട്ടണത്തിലൂടെ നീങ്ങുന്നത് സാക്ഷ്യത്തിന്റെ അവസരമായി മാറും. പരമാവധി ദൈവജനത്തെ തീർത്ഥാടനത്തിൽ പങ്കെടുപ്പിക്കുവാൻ പ്രോത്സാഹിപ്പിക്കുമല്ലോ.

**4. നാമഹേതുക തിരുനാൾ**

ഏപ്രിൽ 24 ന് വി. ഗീവർഗീസ് സഹദായുടെ തിരുനാൾ ദിനമാ ണല്ലോ. അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെയും അഭി

വന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവിന്റെയും നാമഹേതുക തിരുനാൾ ദിനം കൂടിയാണന്ന്. അഭിവന്ദ്യ പിതാക്കന്മാർക്കും ജോർജ് നാമധാരികളായ പ്രിയപ്പെട്ട വൈദികർക്കും തിരുനാൾ ദിനത്തിന്റെ പ്രാർത്ഥനകളും ആശംസകളും നേരുന്നു.

**5. ബഹു. വൈദികരുടെയും പള്ളിജീവനക്കാരുടെയും അലവൻസ്**

2025 ഏപ്രിൽ മുതൽ ബഹു. വൈദികരുടെ അലവൻസ് 1,000 രൂപ വർദ്ധിപ്പിച്ചിട്ടുണ്ട്. 2025 ഏപ്രിൽ മുതൽ 16,000/- രൂപയായിരിക്കും വൈദികരുടെ അലവൻസ്. ഈ വർഷം ബഹു. വൈദികർക്ക് ഇൻക്രിമെന്റ് ഉണ്ടായിരിക്കുന്നതല്ല.

ദൈവാലയ ശുശ്രൂഷിയും അക്കൗണ്ടന്റും നിലവിൽ കൈപ്പറ്റുന്ന ശമ്പളത്തോട് ഇൻക്രിമെന്റ് കൂടി ചേർത്ത് ഏപ്രിൽ മാസം മുതൽ നല്കേണ്ടതാണ്. ദൈവാലയ ശുശ്രൂഷികളുടെ ഇൻക്രിമെന്റ് 150 രൂപയും അക്കൗണ്ടന്റിന്റെ ഇൻക്രിമെന്റ് 100 രൂപയുമാണ്.

വിശുദ്ധ കുർബാന ധർമ്മത്തിന്റെ പുതുക്കിയ നിരക്ക് ഏപ്രിൽ 1 മുതൽ നിലവിൽ വരുന്നതാണ് (പുതുക്കിയ നിരക്ക് 2025 ജനുവരി മാസത്തെ ഗിരിദീപത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്).

**6. ബഹു. വൈദികരുടെ സ്ഥലം മാറ്റം**

ബഹു. വൈദികരുടെ ഈ വർഷത്തെ സ്ഥലംമാറ്റം 2025 മെയ് 10ന് ശനിയാഴ്ചയാണ്. 2025 ഏപ്രിൽ 26 ശനിയാഴ്ച ട്രാൻസ്ഫർ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതാണ്.

**7. ഓശാന ഞായർ, ദുഃഖവെള്ളി സ്തോത്രക്കാഴ്ചകൾ**

ഓശാന ഞായറാഴ്ചത്തെ സ്തോത്രകാഴ്ച വൈദികവിദ്യാർത്ഥികളുടെ പരിശീലനത്തിനായും ദുഃഖവെള്ളിയാഴ്ചത്തെ സ്തോത്രകാഴ്ച വിശുദ്ധനാടുകളുടെ സംരക്ഷണത്തിനുവേണ്ടിയുമാണ് സമാഹരിക്കുന്നത്. ദൈവജനത്തെ ഈ കാര്യങ്ങളുടെ പ്രാധാന്യം ഓർമ്മിപ്പിച്ച് സ്തോത്രക്കാഴ്ച സമാഹരിക്കുകയും അതിരൂപതാ കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യുമല്ലോ.

**8. വാർഷിക പൊതുയോഗവും കൈക്കാരന്മാരുടെ തെരഞ്ഞെടുപ്പും**

2024-2025 വർഷത്തെ ആണ്ടുതിരട്ട്, അടുത്ത വർഷത്തേക്കുള്ള ബജറ്റ് എന്നിവ പാസാക്കുന്നതിനും പുതിയ കൈക്കാരന്മാരെ തെരഞ്ഞെടുക്കുന്നതിനുമുള്ള വാർഷികപൊതുയോഗം എല്ലാ ഇടവകകളിലും നിർബന്ധമായും 2025 ഏപ്രിൽ 06-ാം തീയതി ഞായറാഴ്ചയോ ഏപ്രിൽ 27-ാം തീയതി ഞായറാഴ്ചയോ ചേരേണ്ട

താണ്. ആണ്ടുതിരട്ടും പൊതുയോഗ തീരുമാനങ്ങളും 2025 മെയ് 02, 03 തീയതികളിൽ ഫൊറോനാ കേന്ദ്രങ്ങളിൽ വച്ച് പരിശോധിക്കുന്നതാണ്.

പൊതുയോഗത്തിൽ ഇടവകകളുടെ 2024-2025 വർഷത്തെ വാർഷിക കണക്കു പാസാക്കുകയും 2025-2026 വർഷത്തേക്കുള്ള കൈക്കാര ന്മാരെയും രണ്ട് ഇന്റേണൽ ഓഡിറ്റർമാരെയും തിരഞ്ഞെടുക്കുകയും ചെയ്യണം. കൈക്കാരന്മാരെ തിരഞ്ഞെടുക്കുമ്പോൾ അതിരൂപതാ നിയമാവലി (പേജ് 175) ൽ പറഞ്ഞിരിക്കുന്ന യോഗ്യതകൾ ഉള്ളവരാ ണെന്ന് ഉറപ്പു വരുത്തണം. നാലു കൈക്കാരന്മാരെയും തിരഞ്ഞെടു ക്കേണ്ടത് പൊതുയോഗമാണ്. എന്നാൽ അവരിൽ 2 പേർ നിലവിലുള്ള പാരീഷ് കൗൺസിൽ അംഗങ്ങളായിരിക്കണം.

**9. ആണ്ട് തിരട്ട്, ബജറ്റ് പാസ്സാക്കൽ മെയ് 02, 03 തീയതികളിൽ**

ആണ്ട് തിരട്ടും വാർഷിക പൊതുയോഗതീരുമാനവും പരിശോധിച്ച് അംഗീകരിക്കാനായി ബഹു. വികാരി ജനറാൾ അച്ചന്മാരും ചാൻസലറും 2025 മെയ് 02, 03 തീയതികളിൽ ഫൊറോനകൾ സന്ദർശിക്കുന്നതാണ്. തീയതിയും സമയക്രമവും ചുവടെ ചേർക്കുന്നു.

| തീയതി | സമയം | ഫൊറോനകൾ |
|---|---|---|
| 02-05-2025<br>വെള്ളി | 9.00 am - 11.00 am<br>9.00 am - 12.00 am | എടൂർ<br>ചെറുപുഴ, പനത്തടി, പൈസക്കരി |
| 02-05-2025<br>വെള്ളി | 11.00 am - 1.30 pm<br>2.00 pm - 3.30 pm<br>2.00 pm - 5.00 pm<br>2.30 pm - 5.30 pm<br>4.00 pm - 6.00 pm | കുന്നോത്ത്<br>കാസർഗോഡ്<br>മേരിഗിരി, ചെമ്പേരി<br>മണിക്കടവ്<br>കാഞ്ഞങ്ങാട് |
| 03-05-2025<br>ശനി | 9.00 am - 12.00 pm<br>9.00 am - 11.00 am<br>12.00 pm - 2.00 pm<br>2.30 pm - 5.00 pm<br>2.30 pm - 5.30 pm<br>3.00 pm - 6.00 pm | പേരാവൂർ, തളിപ്പറമ്പ്, ചെമ്പന്തൊട്ടി<br>വെള്ളരിക്കുണ്ട്<br>മാലോം<br>ആലക്കോട്<br>നെല്ലിക്കാംപൊയിൽ, വായാട്ടുപറമ്പ്<br>തോമാപുരം |

**പരിശോധനക്കായി കൊണ്ടുവരേണ്ടവ**

1. വാർഷിക പൊതുയോഗത്തിന്റെ മിനിട്സ് രേഖപ്പെടുത്തിയ യോഗപുസ്തകം. പുതുതായി തിരഞ്ഞെടുക്കപ്പെട്ട നാലു കൈക്കാ രന്മാരുടെയും രണ്ട് ഇന്റേണൽ ഓഡിറ്റർമാരുടെയും പേരുകൾ,

ആണ്ടുതിരട്ടും ബജറ്റും പാസ്സാക്കിയ വിവരം എന്നിവ പൊതുയോഗ തീരുമാനങ്ങളിൽ ഉണ്ടായിരിക്കണം.

2. പ്രസ്തുതയോഗത്തിന്റെ മിനിട്സ് അരമനപത്രത്തിൽ എഴുതിയ ഒരു കോപ്പി.
3. അക്കൗണ്ടിംഗ് സോഫ്റ്റ് വെയറിൽനിന്നും എടുത്ത വാർഷിക തിരട്ടിന്റെ ഒരു കോപ്പി.
4. 2025-2026 വർഷത്തേക്കുള്ള ബജറ്റ് - 2 കോപ്പി
5. 10% അതിരൂപതാ വിഹിതവും ഇതരപിരിവുകളും കുടിശ്ശികകൾ ഉണ്ടെങ്കിൽ അവയും അടച്ചതിന്റെ രശീതുകൾ.
6. പി.പി.എഫിലേക്കുള്ള 2025 ലെ വിഹിതവും കുടിശ്ശികയുണ്ടെങ്കിൽ അതും.

**പ്രത്യേക ശ്രദ്ധയ്ക്ക്**

1. ബഹു. വികാരി, നടത്തുകൈക്കാരൻ, സെക്രട്ടറി എന്നിവരാണ് ഓരോ ഇടവകയിൽനിന്നും വരേണ്ടത്.
2. അക്കൗണ്ടിംഗ് സോഫ്റ്റ് വെയറിൽ 2025 മാർച്ച് 31 വരെയുള്ള കണക്കുകൾ ഇനിയും അപ്‌ലോഡ് ചെയ്യാത്തവർ ഉടനെ ചെയ്യണം. ഓരോ ഇടവകയും അടയ്ക്കാനുള്ള 10% തുക എത്രയെന്ന് മുൻകൂട്ടി അറിയിക്കാൻ സാധിക്കും.
3. പതിനായിരം രൂപക്ക് മുകളിൽ അതിരൂപതാവിഹിതവും മറ്റ് പിരിവുകളും അടയ്ക്കാനുള്ളവർ നിർബന്ധമായും ചെക്കുകളായി നല്കണം. ജീവകാരുണ്യഫണ്ടും പി.പി.എഫ് വിഹിതവും വെവ്വേറെ ചെക്കുകളായും ബാക്കിയുള്ളവ ഒറ്റ ചെക്കിലും നല്കാവുന്നതാണ്.

## 10. ആദരാഞ്ജലികൾ



**1. റവ. സി. റോസ് ജെയിംസ് എസ്.എച്ച് (78)** : തിരുഹൃദയ സന്യാസിനി സമൂഹം തലശ്ശേരി സെന്റ് ജോസഫ്സ് പ്രൊവിൻസ് അംഗമായ ബഹു. സി. റോസ് ജെയിംസ് 2025 മാർച്ച് 8 ന് നിര്യാതയായി. മൃതസംസ്കാര ശുശ്രൂഷകൾ 2025 മാർച്ച് 8 ന് പേരാവൂർ തൊണ്ടിയിൽ പ്രൊവിൻഷ്യൽ ഹൗസ് സിമിത്തേരിയിൽ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ മുഖ്യകാർമികത്വത്തിൽ നടന്നു. വായാട്ടുപറമ്പ് ചുങ്കക്കുന്ന്, കൊട്ടിയൂർ, തൊണ്ടിയിൽ, പൈസക്കരി, അറബി, ആലക്കോട്, നിർമലപുരം സിദ്ധാപുരം, വെള്ളാട്, മംഗലാപുരം, കരുവഞ്ചാൽ, ബളാൽ, നീലേശ്വരം, കരുണാലയം, തലശ്ശേരി, തൊക്കിലങ്ങാടി, കരുവഞ്ചാൽ പ്രീസ്റ്റ് ഹോം

എന്നീ സ്ഥലങ്ങളിൽ ബഹു. സിസ്റ്റർ സേവനം ചെയ്തിട്ടുണ്ട്. ബഹു. സിസ്റ്ററിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.

**2. റവ. ഫാ. ജോസ് കൊച്ചുപാറയ്ക്കൽ എം.എസ്.റ്റി. (72) :**



എം.എസ്.റ്റി സഭാംഗമായ ബഹു. ജോസ് കൊച്ചുപാറയ്ക്കൽ 2025 മാർച്ച് 15ന് നിര്യാതനായി. തലശ്ശേരി അതിരൂപതയിൽ വരക്കാട്, ആശാൻകവല എന്നീ ഇടവകകളിൽ ബഹു. ജോസ് അച്ചൻ ശുശ്രൂഷ ചെയ്തിട്ടുണ്ട്. വരക്കാട് പള്ളി ബഹു. ജോസച്ചന്റെ നേതൃത്വത്തിലാണ് പണികഴിച്ചത്. തലശ്ശേരി അതിരൂപതയിലെ കാലിച്ചാനടുക്കത്താണ് അച്ചന്റെ കുടുംബാംഗങ്ങൾ താമസിക്കുന്നത്. മൃതസംസ്കാര ശുശ്രൂഷകൾ 2025 മാർച്ച് 17ന് ഭരണങ്ങാനം എം.എസ്.റ്റി. ജനറലേറ്റ് സിമിത്തേരിയിൽ നടന്നു. പ്രിയപ്പെട്ട ജോസച്ചന്റെ നിര്യാണത്തിൽ വ്യസനിക്കുന്ന എം. എസ്.റ്റി. സഭാംഗങ്ങൾക്കും അച്ചന്റെ പ്രിയപ്പെട്ട കുടുംബാംഗങ്ങൾക്കും അതിരൂപതാ കുടുംബത്തിന്റെ അനുശോചനങ്ങൾ അറിയിക്കുന്നു.

**11. സ്നേഹസ്മൃതി**

| | | | |
|---|---|---|---|
| 1. | റവ. ഫാ. മാത്യു മേക്കുന്നേൽ | - | 01-04-2008 |
| 2. | റവ. ഫാ. സേവ്യർ കണിയാന്തറ | - | 02-04-1990 |
| 3. | **അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി** | **-** | **04-04-2006** |
| 4. | റവ. ഫാ. ജോസഫ് തുരുത്തേൽ | - | 05-04-2021 |
| 5. | **അഭിവന്ദ്യ മാർ ഇമ്മാനുവൽ പോത്തനാമൂഴി** | **-** | **06-04-2003** |
| 6. | റവ. ഫാ. പോൾ മണക്കാട്ടുമറ്റം | - | 08-04-2015 |
| 7. | റവ. ഫാ. ജോസഫ് കൊല്ലംപറമ്പിൽ | - | 10-04-1977 |
| 8. | റവ. ഫാ. ജോസഫ് കൂറ്റാരപ്പള്ളിൽ | - | 10-04-2020 |
| 9. | റവ. ഫാ. മാത്യു മുള്ളൻമട | - | 17-04-2020 |
| 10. | റവ. ഫാ. മാത്യു പാലമറ്റം | - | 20-04-1972 |
| 11. | റവ. ഫാ. ഫ്രാൻസീസ് ആറുപറയിൽ | - | 20-04-2012 |
| 12. | റവ. ഫാ. അഗസ്റ്റിൻ കണ്ണാടിക്കര | - | 21-04-1994 |
| 13. | റവ. ഫാ. സക്കറിയാസ് വള്ളോപ്പിള്ളി | - | 28-04-2016 |
| 14. | റവ. ഫാ. ജോർജ് സ്രാമ്പിക്കൽ | - | 29-04-1997 |
| 15. | റവ. ഫാ. ജോർജ് പുനക്കാട്ട് | - | 29-04-1968 |
| 16. | റവ. ഫാ. ജോസഫ് വെട്ടിക്കുഴിച്ചാലിൽ | - | 29-04-1999 |

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*

## കൃപാഭിഷേകം ബൈബിൾ കൺവെൻഷൻ - ചെമ്പേരി

തലശ്ശേരി അതിരൂപതയുടെ പ്ലാറ്റിനം ജൂബിലിക്ക് ഒരുക്കമായി വർഷത്തിൽ ഒരു ബൈബിൾ കൺവെൻഷൻ നടത്തണം എന്ന പാസ്റ്ററൽ കൗൺസിൽ തീരുമാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2025 മാർച്ച് 12 മുതൽ 16 വരെ വൈകുന്നേരം 4 മണിമുതൽ രാത്രി 10.30 വരെ 'കൃപാഭിഷേകം' ബൈബിൾ കൺവെൻഷൻ ചെമ്പേരി ലൂർദ്ദ് മാതാ ബസിലിക്കാ ദൈവാലയത്തിന്റെ അങ്കണത്തിൽ നടത്തപ്പെട്ടു. സുപ്രസിദ്ധ വചനപ്രഘോഷകനും അണക്കര മരിയൻ റിട്രീറ്റ് സെന്റർ ഡയറക്ടറുമായ ഡൊമിനിക് വാളന്മനാൽ അച്ചനാണ് കൺവെൻഷന് നേതൃത്വം നല്കിയത്. 60 തോളം ശുശ്രൂഷകരാണ് മധ്യസ്ഥപ്രാർത്ഥന, സ്പിരിച്വൽ ഷെയറിംഗ്, കൺവെൻഷനിലെ മറ്റ് ശുശ്രൂഷകൾ എന്നിവയ്ക്ക് നേതൃത്വം നല്കിയത്. സമാപനദിവസം ഏകദേശം ഇരുപതിനായിരത്തോളം ആളുകളാണ് കൺവെൻഷനിൽ പങ്കെടുത്തത്. അനേകർക്ക് രോഗസൗഖ്യവും വിടുതലും ലഭിക്കുകയുണ്ടായി. കൺവെൻഷൻ നടന്ന അഞ്ച് ദിവസം വലിയ ദൈവാനുഗ്രഹത്തിന്റെ ദിവസങ്ങളായിരുന്നു.

അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് കൺവെൻഷന്റെ ആദ്യദിവസം വി. കുർബാന അർപ്പിച്ച് കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവും അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവും അഭിവന്ദ്യ മാർ ജോസഫ് പണ്ടാരശ്ശേരിൽ പിതാവും കൺവെൻഷൻ ദിനങ്ങളിൽ ദിവ്യബലിയർപ്പിച്ചു. 'അവസാനമായി കർത്താവിലും അവിടുത്തെ ശക്തിയുടെ പ്രാഭവത്തിലും കരുത്തുള്ളവരായിരിക്കുവിൻ. സാത്താന്റെ കുടില തന്ത്രങ്ങളെ എതിർത്ത് നില്ക്കുവാൻ ദൈവത്തിന്റെ എല്ലാ ആയുധങ്ങളും ധരിക്കുവിൻ, എന്തെന്നാൽ നമ്മൾ മാംസത്തിനും രക്തത്തിനും എതിരായിട്ടല്ല, പ്രഭുത്വങ്ങൾക്കും ആധിപത്യങ്ങൾക്കും ഈ അന്ധകാര ലോകത്തിന്റെ അധിപന്മാർക്കും സ്വർഗ്ഗീയ ഇടങ്ങളിൽ വസിക്കുന്ന തിന്മയുടെ ദുരാത്മാക്കൾക്കുമെതിരായിട്ടാണ് പട വെട്ടുന്നത്. അതിനാൽ ദൈവത്തിന്റെ എല്ലാ ആയുധവും ധരിക്കുവിൻ. ദൈവവചനമാകുന്ന ആത്മാവിന്റെ വാൾ എടുക്കുകയും ചെയ്യുവിൻ' (എഫേ 6:10-12) എന്ന ദൈവവചനത്തിന്റെ അഭിഷേകത്താൽ നമ്മുടെ അതിരൂപത നിറഞ്ഞ ദിനങ്ങളായിരുന്നു കൺവെൻഷൻ ദിനങ്ങൾ. അനേകായിരങ്ങളാണ് വചനം കേൾക്കാനായി ദാഹത്തോടെ എത്തിയത്.

ബൈബിൾ കൺവെൻഷനുവേണ്ട പ്രോത്സാഹനങ്ങൾ നല്കുകയും ഉദ്ഘാടനദിനത്തിലും സമാപനദിനത്തിലും അഭിഷേകമാർന്ന വചന

സന്ദേശത്തിലൂടെ ദൈവജനത്തിനു വചനവിരുന്നു നല്കുകയും ചെയ്ത അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിനെ നന്ദിയോടെ ഓർമിക്കുന്നു. ബലിയർപ്പിക്കുവാൻ എത്തിയ അഭിവന്ദ്യ പിതാക്കന്മാരെയും ഈ കൺവെൻഷൻ വിജയകരമാക്കി തീർക്കുവാൻ കഠിനാദ്ധ്വാനം ചെയ്ത ബഹു. വൈദികരെയും നന്ദിയോടെ ഓർമിക്കുന്നു. പൈസക്കരി ഫൊറോനാവികാരി ബഹു. നോബിൾ ഓണംകുളം അച്ചന്റെ നേതൃത്വത്തിലുള്ള ബഹുമാനപ്പെട്ട വൈദികരേയും വായാട്ടുപറമ്പ് ഫൊറോനാവികാരി ബഹു. തോമസ് തെങ്ങുംപള്ളിൽ അച്ചന്റെ നേതൃത്വത്തിലുള്ള ബഹുമാനപ്പെട്ട വൈദികരേയും ചെമ്പന്തൊട്ടി ഫൊറോനാവികാരി ബഹു. ആന്റണി മഞ്ഞളാംകുന്നേൽ അച്ചന്റെ നേതൃത്വത്തിലുള്ള ബഹുമാനപ്പെട്ട വൈദികരേയും നന്ദിയോടെ അനുസ്മരിക്കുന്നു. ചെമ്പേരി ബസിലക്ക അംഗണത്തിൽ കൺവെൻഷനു വേണ്ട ക്രമീകരണങ്ങൾ ചെയ്ത ബസിലിക്ക റെക്ടർ ബഹു. ജോർജ് കാഞ്ഞിരക്കാട്ട് അച്ചനെയും ചെമ്പേരി ഫൊറോനയിലെ ബഹു. വൈദികരെയും ചെമ്പേരി ബസിലിക്കാ അംഗങ്ങളെയും നന്ദിയോടെ ഓർമിക്കുന്നു. കൺവെൻഷൻ ദിനങ്ങളിൽ വി. കുമ്പസാരത്തിനു സഹായിച്ച ബഹു. വൈദികർ, വി. കുർബാന നല്കാൻ സഹായിച്ച ബഹു. സിസ്റ്റേഴ്സ് എന്നിവരെയും നന്ദിയോടെ അനുസ്മരിക്കുന്നു. 41 ദിവസങ്ങൾ മധ്യസ്ഥപ്രാർത്ഥനയിലൂടെ കൺവെൻഷന്റെ വിജയത്തിനുവേണ്ടി പ്രയത്നിച്ച കണ്ണൂർ, കാസർഗോഡ് സോണിലെ കരിസ്മാറ്റിക് പ്രാർത്ഥനാഗ്രൂപ്പ് അംഗങ്ങളെ പ്രത്യേകം നന്ദിയോടെ ഓർക്കുന്നു. വികാരി ജനറാൾമാരായ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി അച്ചനെയും മാത്യു ഇളംതുരുത്തിപ്പടവിൽ അച്ചനെയും രൂപതാകേന്ദ്രത്തിലെ ബഹു. വൈദികരെയും നന്ദിയോടെ ഓർമിക്കുന്നു.

കൃപാഭിഷേകം ബൈബിൾ കൺവെൻഷന്റെ കൺവീനർ ആയി പ്രവർത്തിച്ചത് പ്രോട്ടോസിഞ്ചെല്ലൂസ് മോൺ. ആന്റണി മുതുകുന്നേലച്ചനാണ്. വിവിധ കമ്മറ്റികളെ ഏകോപിച്ച് കുറ്റമറ്റവിധത്തിലുള്ള സംഘാടനത്തിലൂടെ കൺവെൻഷൻ വിജയകരമാക്കി മാറ്റുവാൻ ബഹു. മുതുകുന്നേലച്ചനു കഴിഞ്ഞു. അച്ചന്റെ കഠിനാദ്ധ്വാനവും സംഘാടക വൈഭവവും കൺവെൻഷന്റെ വിജയത്തിന് കാരണമായി. ബഹു. ആന്റണി മുതുകുന്നേലച്ചന് ഹൃദ്യമായ നന്ദി. ചെമ്പേരിയിൽ നടന്ന കൃപാഭിഷേകം ബൈബിൾ കൺവെൻഷൻ നമ്മുടെ അതിരൂപതയ്ക്ക് മുഴുവൻ ആത്മീയ ഉണർവിന്റെ അവസരമായി മാറി.

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*

# പ്രഥമ സാൻജോസ് തീർത്ഥാടനം - പനത്തടി

2025 മാർച്ച് 18,19 തീയതികളിൽ കാസർഗോഡ് റീജിയണിലെ വെള്ളരിക്കുണ്ട്, മാലോം, പനത്തടി, കാസർഗോഡ്, കാഞ്ഞങ്ങാട് എന്നീ അഞ്ച് ഫൊറോനകളിലെ ദൈവജനത്തിന്റെ പ്രത്യേക പങ്കാളിത്തത്തോടെ വി. യൗസേപ്പിതാവിന്റെ നാമത്തിലുള്ള പനത്തടി സെന്റ് ജോസഫ്സ് ഫൊറോന ദൈവാലയത്തിലേക്ക് തീർത്ഥാടനം നടന്നു. തിരുസഭയുടെ കാവല്ക്കാരനും തലശ്ശേരി അതിരൂപതയുടെ മധ്യസ്ഥനുമായ വി. യൗസേപ്പിതാവിനോടുള്ള ഭക്തി പ്രകടിപ്പിക്കുവാൻ ഏഴായിരത്തോളം തീർത്ഥാടകരാണ് വി. യൗസേപ്പിതാവിന്റെ തിരുനാൾ ദിനത്തിൽ പനത്തടിയിലേക്ക് ഒഴുകിയെത്തിയത്. പടിമരുത്, മാലോം, പാണത്തൂർ, പടുപ്പ് എന്നീ നാല് സെന്ററുകളിൽ നിന്നാണ് തീർത്ഥാടനം ആരംഭിച്ചത്. എല്ലാ സെന്ററുകളിലും മാർച്ച് 18ന് വൈകുന്നേരം 6.30 മുതൽ വിശുദ്ധ യൗസേപ്പിതാവിനെക്കുറിച്ചുള്ള വചനവിചിന്തനങ്ങളും ദിവ്യകാരുണ്യ ആരാധനയും വി. കുർബാനയും ഉൾപ്പെടുത്തിയുള്ള സാൻജോസ് നൈറ്റ് നടന്നു. എല്ലാ സെന്ററുകളിലും വി. കുമ്പസാരത്തിനുള്ള സൗകര്യവും ക്രമീകരിച്ചിരുന്നു.

മാലോം സെന്റ് ജോർജ് ഫൊറോനാ ദൈവാലയത്തിൽ സാൻജോസ് നൈറ്റിന് മോൺ. മാത്യു ഇളംതുരുത്തിപടവിലച്ചനും ബഹു. മാത്യു മുക്കുഴിയച്ചനും നേതൃത്വം നല്കി. പടിമരുത് ദൈവാലയത്തിൽ നടന്ന സാൻജോസ് നൈറ്റിന് മോൺ. ആന്റണി മുതുകുന്നേലച്ചനും ബഹു. ജോസഫ് മുട്ടത്തുകുന്നേലച്ചനും നേതൃത്വം നല്കി. പാണത്തൂർ ദൈവാലയത്തിൽ നടന്ന തീർത്ഥാടനത്തിന് ബഹു. ജോസഫ് കാക്കരമറ്റത്തിലച്ചനും ബഹു. ജോസഫ് വടക്കേപ്പറമ്പിലച്ചനും നേതൃത്വം നല്കി. പനത്തടി സെന്റ് ജോസഫ് ഫൊറോന ദൈവാലയത്തിൽ നടന്ന സാൻജോസ് നൈറ്റിന് മോൺ. സെബാസ്റ്റ്യൻ പാലാക്കുഴിയച്ചനും ബഹു. അഗസ്റ്റിൻ ചക്കാംകുന്നേലച്ചനും നേതൃത്വം നല്കി. പടുപ്പ് ദൈവാലയത്തിൽ നടന്ന സാൻജോസ് നൈറ്റിന് ബഹു. ഫിലിപ്പ് കവിയിലച്ചനും ബഹു. ലിജോ തടത്തിലച്ചനും OFM Cap. നേതൃത്വം നല്കി.

പടിമരുത് പള്ളിയിൽ നിന്നും സാൻജോസ് നൈറ്റിനുശേഷം അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ നേതൃത്വത്തിൽ പനത്തടിയിലേക്ക് തീർത്ഥാടനം ആരംഭിച്ചു. ആയിരക്കണക്കിന് വിശ്വാസികളും അനേകം വൈദികരും സന്യസ്തരും വൈദികവിദ്യാർത്ഥികളും

തീർത്ഥാടനത്തിൽ പങ്കാളികളായി. ജപമാല പ്രാർത്ഥനയും കുരിശിന്റെ വഴിയുടെ പ്രാർത്ഥനയും കരുണയുടെ ജപമാലയും ചൊല്ലിയുള്ള ഭക്തി സാന്ദ്രമായ തീർത്ഥാടനമായിരുന്നു നടന്നത്. 19-ാം തീയതി പുലർച്ച നാലുമണിയോടെ തീർത്ഥാടകർ പനത്തടി ദൈവാലയത്തിൽ എത്തി ച്ചേർന്നു. അഭിവന്ദ്യ പിതാവിനെയും തീർത്ഥാടക സംഘത്തെയും പന ത്തടി ഫൊറോനാ വികാരി ബഹു. ജോസഫ് വാരണത്തച്ചന്റെ നേതൃ ത്വത്തിൽ സ്വീകരിച്ചു. ദിവ്യബലിക്കു മുമ്പായി വി. യൗസേപ്പിതാവിന്റെ തിരുശേഷിപ്പ് ദൈവാലയത്തിൽ പ്രതിഷ്ഠിച്ചു. അഭിവന്ദ്യ മാർ സെബാ സ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന് റോമിൽ നിന്ന് ലഭിച്ച വി. യൗസേപ്പി താവിന്റെ തിരുശേഷിപ്പ് പനത്തടി ഫൊറോനാ വികാരി ബഹു. ജോസഫ് വാരണത്തച്ചൻ ബഹു. വൈദികർക്കൊപ്പം പ്രദക്ഷിണമായി ദൈവാലയത്തിലേയ്ക്ക് സംവഹിച്ചു. അഭിവന്ദ്യ പിതാവ് തിരുശേഷിപ്പ് ദൈവാലയ കവാടത്തിൽ നിന്ന് സ്വീകരിച്ച് ദൈവാലയത്തിൽ വചന പീഠത്തിനു സമീപം പ്രതിഷ്ഠിച്ചു.

19-ാം തീയതി പുലർച്ചെ 5 മണിക്ക് തീർത്ഥാടകർക്കുവേണ്ടിയുള്ള ദിവ്യബലിയിൽ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് മുഖ്യ കാർമികനായി. മോൺ. ആന്റണി മുതുകുന്നേൽ, മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി, മോൺ. മാത്യു ഇളംതുരുത്തിപടവിൽ, ഫാ. ജോസഫ് മുട്ടത്തുകുന്നേൽ, ഫാ. ജോസഫ് വാരണത്ത്, രാജപുരം ഫൊറോനാ വികാരി ഫാ. ജോസ് അരീച്ചിറ എന്നിവരും നൂറോളം വൈദികരും സഹകാർമ്മികരായി.

ബഹു. വൈദികരുടെ ആത്മാർത്ഥമായ സഹകരണം തീർത്ഥാട നത്തിന്റെ വിജയത്തിന് കാരണമായി. തീർത്ഥാടനത്തിന്റെ പ്രാധാന്യ ത്തെക്കുറിച്ച് ദൈവജനത്തെ ബോധ്യപ്പെടുത്തി അവരോടൊപ്പം ത്യാഗ ത്തോടെ തീർത്ഥാടനം നടത്തുവാൻ ധാരാളം വൈദികർ എത്തിയിരു ന്നു. മാലോം ഫൊറോന വികാരി ബഹു. ജോസ് തൈക്കുന്നുംപുറം അച്ചനെയും കാഞ്ഞങ്ങാട് ഫൊറോനാവികാരി ബഹു. ജോർജ് കള പ്പുര അച്ചനെയും വെള്ളരിക്കുണ്ട് ഫൊറോനാ വികാരി ബഹു. ജോൺസൺ അന്ത്യാംകുളം അച്ചനെയും കാസർഗോഡ് ഫൊറോന വികാരി ബഹു. ജോർജ് വള്ളിമല അച്ചനെയും നന്ദിയോടെ ഓർമ്മി ക്കുന്നു. സാൻജോസ് നൈറ്റിനുള്ള ക്രമീകരണങ്ങൾ നടത്തിയ ബഹു. ജോസ് തൈക്കുന്നുംപുറം അച്ചനെയും ബഹു. അഗസ്റ്റിൻ ചെറുനിലം അച്ചനെയും ബഹു. തോമസ് പാമ്പയ്ക്കൽ അച്ചനെയും ബഹു. തോമസ് ചിന്താർമണിയിൽ അച്ചനെയും ബഹു. വർഗ്ഗീസ് ചെരിയം

പുറത്ത് അച്ചനെയും ബഹു. നിഖിൽ ആട്ടുക്കാരൻ അച്ചനെയും ബഹു. ജോൺസൺ വേങ്ങപ്പറമ്പിൽ അച്ചനെയും നന്ദിയോടെ അനുസ്മരിക്കുന്നു.

തീർത്ഥാടകർക്കു വിശ്രമസ്ഥലവും ലഘുഭക്ഷണവും ഒരുക്കിയ കോട്ടയം അതിരൂപതയിലെ രാജപുരം ഫൊറോന വികാരി ബഹു. ജോസ് ആരിച്ചിറയച്ചനും ഇടവകാംഗങ്ങൾക്കും കള്ളാർ തിരുഹൃദയ ധ്യാനകേന്ദ്രത്തിലെ ബഹു. വൈദികർക്കും ഹൃദ്യമായ നന്ദി അറിയിക്കുന്നു. തീർത്ഥാടകരെ സ്വീകരിച്ച പനത്തടി ഫൊറോന ഇടവകാസമൂഹത്തെ നന്ദിയോടെ അനുസ്മരിക്കുന്നു. ബഹു. ജോസഫ് വാരണത്ത് അച്ചന്റെയും അസി. വികാരി ബഹു. അഗസ്റ്റിൻ അറയ്ക്കലച്ചന്റെയും നേതൃത്വത്തിൽ പള്ളിക്കമ്മിറ്റി അംഗങ്ങൾ നടത്തിയ ഒരുക്കങ്ങൾ കുറ്റമറ്റതായിരുന്നു. മുഴുവൻ തീർത്ഥാടകർക്കും ഇരിപ്പിടങ്ങളും ദൈവാലയത്തിന് പുറത്ത് L E D സ്ക്രീനുകളും ക്രമീകരിച്ചിരുന്നു. തീർത്ഥാടകർക്ക് നേർച്ചഭക്ഷണവും ലളിതമായ പ്രഭാത ഭക്ഷണവും ഒരുക്കിയിരുന്നു. പ്രിയപ്പെട്ട വാരണത്ത് അച്ചനും ആശിഷ് അച്ചനും ഹൃദയം നിറഞ്ഞ നന്ദിയും അഭിനന്ദനങ്ങളും അറിയിക്കുന്നു.

അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് തീർത്ഥാടനത്തിന് മുന്നിൽനിന്ന് അതിരൂപതയെ മുഴുവൻ യൗസേപ്പിതാവിന്റെ പക്കലേക്ക് നയിച്ചു. അഭിവന്ദ്യ പിതാവിന്റെ ത്യാഗത്തിനും, ആവേശം ജ്വലിപ്പിക്കുന്ന നേതൃത്വത്തിനും ആത്മാർത്ഥമായ നന്ദി അറിയിക്കുന്നു. ബഹു. ജനറാളച്ചന്മാർക്കും അതിരൂപതാ കേന്ദ്രത്തിലെ ബഹു. വൈദികർക്കും പ്രിയപ്പെട്ട വൈദികവിദ്യാർത്ഥികൾക്കും സമർപ്പിതർക്കും ത്യാഗപൂർവം തീർത്ഥാടനത്തിൽ പങ്കെടുത്ത മുഴുവൻ ദൈവജനത്തിനും ആത്മാർത്ഥമായി നന്ദി അറിയിക്കുന്നു. യൗസേപ്പിതാവിന്റെ മധ്യസ്ഥ്യം നമ്മുടെ അതിരൂപതയെ കൂടുതൽ വളർച്ചയിലേക്ക് നയിക്കട്ടെ.

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*

# സെമിനാരി വാർത്തകൾ

**അവധിക്കാല ധ്യാനങ്ങൾ, സേവനങ്ങൾ**

വിവിധ മേജർ സെമിനാരികളിൽ പഠിക്കുന്ന നമ്മുടെ അതിരൂപതയിലെ വൈദികാർത്ഥികളുടെ അവധി മാർച്ച് മാസത്തിൽ ആരംഭിച്ചു. ഇടവകയിൽ കുട്ടികൾക്ക് ധ്യാനങ്ങൾ, ക്ലാസ്സുകൾ, സെമിനാറുകൾ, ഇടവകയിലെ ആത്മ സ്ഥിതി തയ്യാറാക്കൽ തുടങ്ങിയവ ചെയ്യുവാൻ നമ്മുടെ ബ്രദേഴ്സ് അവധി ക്കാലത്ത് സജ്ജരാണ്. ഇത്തരത്തിലുള്ള സേവനങ്ങൾ ആവശ്യമുള്ള ഇട വകകൾ മുൻകൂട്ടി മൈനർ സെമിനാരി റെക്ടറച്ചനെ അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**ഫാ. ജിൻസ് പ്ലാവുനിൽക്കുംപറമ്പിൽ**
*വൊക്കേഷൻ പ്രൊമോട്ടർ*
9400652328

**റവ. ഡോ. ജോർജ് കരോട്ട്**
*റെക്ടർ*
8304871142

## മരിയൻ പിൽഗ്രിം മിനിസ്ട്രി

തലശ്ശേരി അതിരൂപതയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന മരിയൻ പിൽഗ്രിം മിനിസ്ട്രി 2025 ജൂബിലി വർഷത്തിൽ വിശുദ്ധ നാട്ടിലേയ്ക്കും (2025 ഏപ്രിൽ 21) യൂറോപ്പിൻ രാജ്യങ്ങളി ലേയ്ക്കും (2025 മെയ് 11) തീർത്ഥാടനം സംഘടിപ്പിക്കുന്നുണ്ട്.

യാത്രകളെക്കുറിച്ച് കൂടുതൽ അറിയാനും സീറ്റുകൾ ബുക്ക് ചെയ്യുവാനും 7306266198 എന്ന നമ്പറിൽ ബന്ധപ്പെടാവു ന്നതാണ്.

**ഫാ. ജോർജ് വെള്ളരിങ്ങാട്ട്**
**ഡയറക്ടർ, മരിയൻ പിൽഗ്രിം മിനിസ്ട്രി**

# ഓവർസീസ് അപ്ഡേറ്റ്സ്

**ബ്രദർ ഫിലിപ്പ് (സെബിൻ) മറ്റപ്പള്ളിൽ ഡീക്കൻ പട്ടം സ്വീകരിച്ചു**

നമ്മുടെ അതിരൂപതാ വൈദിക വിദ്യാർത്ഥിയായ ഡീക്കൻ ഫിലിപ്പ് മറ്റപ്പിള്ളിൽ 2025 മാർച്ച് 15 ന് ജർമ്മനിയിലെ Rotternburg - Stuttgart രൂപതയുടെ കത്തീഡ്രൽ ദൈവാലയത്തിൽവച്ച് Rotternburg - Stuttgart രൂപതാധ്യക്ഷനായ അഭിവന്ദ്യ ക്ലാവൂസ് ക്രേമർ പിതാവിന്റെ കൈവയ്പ് വഴി ഡീക്കൻ പട്ടം സ്വീകരിച്ചു. 2010 ൽ തലശ്ശേരി അതിരൂപത മൈനർ സെമിനാരിയിൽ ചേർന്ന ബ്രദർ സെബിൻ ആലുവാ മംഗലപ്പുഴ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിൽ നിന്ന് തത്വശാസ്ത്രപഠനം പൂർത്തിയാക്കി. റീജൻസി പരിശീലനത്തിനുശേഷം ജർമനിയിൽ ട്യൂബിൻഗെൻ യൂണിവേഴ്സിറ്റിയിൽ ദൈവശാസ്ത്ര പഠനത്തിനായി ചേർന്നു. ചുരുങ്ങിയ കാലംകൊണ്ട് ജർമൻ ഭാഷയിൽ പ്രാവീണ്യം നേടിയ ബ്രദർ സെബിൻ യൂണിവേഴ്സിറ്റിയിലെ ഏറ്റവും ഉയർന്ന മാർക്കോടുകൂടി Licentiate പഠനം പൂർത്തിയാക്കി. തലശ്ശേരി അതിരൂപതയിൽനിന്നുള്ള വൈദികവിദ്യാർഥികൾക്ക് ജർമ്മനിയിൽ ദൈവശാസ്ത്രപഠനം നടത്താനും തുടർന്ന് അവിടെ അജപാലനശുശ്രൂഷ ചെയ്യാനുമുള്ള തലശ്ശേരി അതിരൂപതയും Rottenburg - Suttgart രൂപതയും തമ്മിലുള്ള ധാരണയുടെ അടിസ്ഥാനത്തിൽ പരിശീലനം പൂർത്തിയാക്കി ഡീക്കൻ പട്ടം സ്വീകരിക്കുന്ന ആദ്യത്തെ വൈദിക വിദ്യാർത്ഥിയാണ് ബ്രദർ സെബിൻ.

ഡീക്കൻ സെബിന് ദൈവാനുഗ്രഹങ്ങൾ, പ്രാർത്ഥനാശംസകൾ.

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*

# കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ്

"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്കാ 2:52).

ആത്മീയജീവിതത്തിന്റെ വസന്തകാലം എന്നു വിശേഷിപ്പിക്കുന്ന നോമ്പിന്റെ ദിനങ്ങളിലാണല്ലോ നാം. ഈശോയുടെ പെസഹാരഹസ്യത്തിന്റെ ആചരണത്തിനും ഉയിർപ്പുതിരുനാളിന്റെ ആഘോഷത്തിനും വേണ്ടിയുള്ള ഒരുക്കത്തിന്റെയും തപസ്സിന്റെയും കാലമാണ് 50 നോമ്പിന്റെ ദിനങ്ങൾ. വചനവായനയിലൂടെയും പ്രാർത്ഥനയിലൂടെയും പരിത്യാഗത്തിലൂടെയും ഈശോയെ അനുകരിക്കുവാനുള്ള അവസരമായി നോമ്പിന്റെ ദിനങ്ങളെ നമുക്ക് പ്രയോജനപ്പെടുത്താം.

## 1. വാർഷികപരീക്ഷ I - XI - ഏപ്രിൽ 06 ഞായർ

1 മുതൽ 11 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികളുടെ വാർഷിക പരീക്ഷ വിശ്വാസോത്സവത്തിനുശേഷം **ഏപ്രിൽ 06 ഞായറാഴ്ച രാവിലെ 11 മണി മുതൽ 01 മണിവരെ** ആയിരിക്കും. പരീക്ഷയ്ക്ക് എല്ലാ അദ്ധ്യായങ്ങളിൽ നിന്നുമുള്ള ചോദ്യങ്ങൾ ഉണ്ടായിരിക്കും.

## 2. മാർക്ക് വിഭജനം

**ക്ലാസ്സ് 1-3**

| | |
|---|---|
| പാഠപുസ്തകം | - 50 മാർക്ക് |
| ഉപപാഠം | - 20 മാർക്ക് |

**ക്ലാസ്സ് 4-11**

| | |
|---|---|
| പാഠപുസ്തകം | - 50 മാർക്ക് |
| ഉപപാഠം | - 10 മാർക്ക് |
| നമസ്ക്കാരം | - 05 മാർക്ക് |
| ജനറൽ ചോദ്യങ്ങൾ | - 05 മാർക്ക് |

## 3. ജനറൽ ചോദ്യങ്ങൾ

ഈസ്റ്റർ പരീക്ഷയുടെ ജനറൽ ചോദ്യങ്ങൾ പ്രധാനാധ്യാപകരുടെയും വിശ്വാസപരിശീലകരുടെയും വാട്സ്ആപ്പ് ഗ്രൂപ്പുവഴി നൽകി

യിരുന്നല്ലോ. അധ്യാപകർ ജനറൽ ചോദ്യങ്ങൾ കുട്ടികൾക്ക് നല്കി അവരെ പരീക്ഷയ്ക്ക് ഒരുക്കേണ്ടതാണ്.

### 4. വിശ്വാസോത്സവം - ഏപ്രിൽ 01 മുതൽ 04 വരെ

വിശ്വാസോത്സവം ഏപ്രിൽ 01 മുതൽ 04 വരെയാണ്. ദിവസങ്ങളുടെ എണ്ണവും സമയക്രമവും എല്ലാ സൺഡേസ്കൂളുകളും കൃത്യമായി പാലിക്കണം. വിശ്വാസോത്സവദിവസങ്ങളിൽ ധ്യാനമോ സെമിനാറുകളോ സംഘടിപ്പിക്കാതിരിക്കാൻ ശ്രദ്ധിക്കുമല്ലോ.

### 5. വിശ്വാസോത്സവ പഠനശിബിരങ്ങൾ

മാർച്ച് 8 ശനിയാഴ്ച രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 1 മണിവരെയുള്ള സമയത്ത് തളിപ്പറമ്പിൽവച്ച് അതിരൂപതാതല പഠനശിബിരവും മാർച്ച് 16, 23 എന്നീ ഞായറാഴ്ചകളിൽ ഉച്ചകഴിഞ്ഞ് 2.30 മുതൽ 5.30 വരെയുള്ള സമയത്ത് ഫൊറോനാതല പഠനശിബിരവും നടത്തി. ട്രെയിനിംഗിന് നേതൃത്വം നൽകിയവർക്കും പഠനശിബിരത്തിൽ പങ്കെടുത്തവർക്കും നന്ദി.

### 6. വിശ്വാസോത്സവ ആൽബം

ഈ വർഷം വിശ്വാസോത്സവത്തോടനുബന്ധിച്ച് കുട്ടികൾ ആൽബം തയ്യാറാക്കേണ്ടതാണ്. അധ്യാപകർ കുട്ടികൾക്കുവേണ്ട നിർദ്ദേശങ്ങൾ നല്കി അവരെ ഒരുക്കുമല്ലോ. **വിഷയം: ദൈവവചനം.**

ആൽബത്തിൽ ദൈവവചനത്തെ ആസ്പദമാക്കിയുള്ള ചിത്രങ്ങൾ, വാർത്തകൾ, പേപ്പർ കട്ടിംഗ്സ് etc. ഉണ്ടായിരിക്കണം. കൂടാതെ ഈ വിഷയത്തെ സംബന്ധിച്ച് കുറഞ്ഞത് 3 ലേഖനങ്ങളും ആൽബത്തിൽ ഉൾപ്പെടുത്തേണ്ടതാണ്. ഒന്നാമത്തെ ലേഖനം അധ്യാപകരിൽ ഒരാളും രണ്ടും മൂന്നും ലേഖനങ്ങൾ അധ്യാപകരുടെ സഹായത്തോടെ കുട്ടികളും എഴുതുക. ലേഖനങ്ങൾ 4 പേജിൽ കവിയരുത്.

ശ്രദ്ധിക്കുക: ആൽബം അധ്യാപകരുടെ സഹായത്തോടെ കുട്ടികളാണ് തയ്യാറാക്കേണ്ടത്. ആൽബത്തിന്റെ വലുപ്പം 14 ഇഞ്ച് നീളം, 11 ഇഞ്ച് വീതി. ആൽബം 50 പേജിൽ കൂടാൻ പാടില്ല. ഡിജിറ്റൽ ആൽബം മോഡലിൽ ലേസർ പ്രിന്റും മറ്റും ഉപയോഗിക്കാം. എന്നാൽ അവ 8 പേജിൽ കൂടരുത്. ഇടവകയിലെ ഏറ്റവും നല്ല ആൽബം ഏപ്രിൽ 14-ന് ഫൊറോനയിൽ എത്തിക്കുക. ഫൊറോനയിലെ മികച്ച രണ്ട് ആൽബങ്ങൾ ഏപ്രിൽ 20-ന് മുമ്പായി അതിരൂപതയിൽ എത്തിക്കേണ്ടതാണ്.

### 7. സ്കോളർഷിപ്പ് പരീക്ഷ

നാല്, ഏഴ്, പത്ത് ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് പരീക്ഷ ഉണ്ടായിരിക്കും. ▸ ഉത്തര പേപ്പറുകൾ ഫൊറോനാ തലത്തിൽ മൂല്യനിർണ്ണയം നടത്തി **ഏറ്റവും കൂടുതൽ മാർക്ക് നേടിയ രണ്ട് ഉത്തര പേപ്പ**

**റുകൾ ഏപ്രിൽ 14 തിങ്കളാഴ്ചക്കുള്ളിൽ** വിശ്വാസപരിശീലനകേന്ദ്രം ഓഫീസിൽ എത്തിക്കേണ്ടതാണ്. ▸ അതിരൂപതാതലത്തിലുള്ള സ്കോളർഷിപ്പ് ഫലം പ്രസിദ്ധീകരിച്ചതിനുശേഷം മാത്രമേ ഫൊറോനാതലത്തിലുള്ള ഫലം പ്രസിദ്ധപ്പെടുത്താവൂ.

## 8. മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി അനുസ്മരണം

ഏപ്രിൽ 4-ാം തീയതിയാണ് ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ 18-ാം ചരമവാർഷികം ആചരിക്കുന്നത്. വിശ്വാസോത്സവത്തിന്റെ സമാപനദിവസമായ അന്ന് വള്ളോപ്പിള്ളി പിതാവിനെ അനുസ്മരിക്കുകയും നമ്മുടെ അതിരൂപതയുടെ അഭിവൃദ്ധിക്കും മലബാർ മേഖലയുടെ ഉന്നമനത്തിനുമായി പിതാവു ചെയ്ത സ്തുത്യർഹമായ സേവനങ്ങളെ കുട്ടികൾക്ക് പരിചയപ്പെടുത്തിക്കൊടുക്കുകയും ചെയ്യേണ്ടതാണ്.

## 9. സഭാവിജ്ഞാനീയ ക്വിസ്

വിശ്വാസപരിശീലകർക്കുവേണ്ടിയുള്ള സഭാവിജ്ഞാനീയ ക്വിസ് ഏപ്രിൽ 15 ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 1.30 മുതൽ 3 മണിവരെ തളിപ്പറമ്പിൽവച്ച് നടത്തുന്നതാണ്. ❖''ദിവ്യകാരുണ്യത്തിൽ നിന്ന് ജീവകാരുണ്യത്തിലേക്ക്'' അധ്യായം 1 മുതൽ 7 വരെ ❖ സീറോമലബാർസഭയുടെ ചരിത്രം ❖ സഭയെ സംബന്ധിച്ച പൊതുവിവരങ്ങൾ.

### നിർദ്ദേശങ്ങൾ

■ ഒറ്റവാക്കിൽ ഉത്തരമെഴുതാനുള്ള 50 ചോദ്യങ്ങളായിരിക്കും പരീക്ഷയ്ക്ക് നൽകുന്നത്. ■ 30 ചോദ്യങ്ങൾക്ക് ഓപ്ഷൻ ഉണ്ടായിരിക്കുന്നതാണ്.

## 10. ASPCT പരീക്ഷ

ആസ്പെക്ട് എഴുത്തുപരീക്ഷ മാർച്ച് 9 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 1.30 മുതൽ 3.00 മണിവരെയുള്ള സമയത്ത് നടത്തി. പരീക്ഷയിൽ പങ്കെടുത്ത എല്ലാ വിശ്വാസപരിശീലകർക്കും അഭിനന്ദനങ്ങൾ.

## 11. അവധിക്കാല വേദപാഠം ഏപ്രിൽ 7-11

സൺഡേസ്കൂളിൽ റഗുലറായി പഠിക്കാൻ സാധിക്കാത്ത 6 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന നവോദയ, സ്പോർട്സ് സ്കൂളുകളിലെ കുട്ടികൾക്കുമാത്രമുള്ള അവധിക്കാല വിശ്വാസപരിശീലന ക്ലാസുകൾ ഏപ്രിൽ 7 തിങ്കളാഴ്ച രാവിലെ 9.30 മുതൽ 11-ാം തീയതി വെള്ളിയാഴ്ച ഉച്ചക്ക് 1 മണിവരെ സന്ദേശഭവനിൽ വച്ച് നടത്തപ്പെടുന്നു. ക്യാമ്പിൽ പങ്കെടുക്കുന്ന കുട്ടികൾ നിർബന്ധമായും വിശ്വാസോത്സവത്തിൽ പങ്കെടുക്കണം. കൂടാതെ ബഹു. വികാരിയച്ചന്റെ കത്ത്, പാഠപുസ്തകം, ബൈബിൾ, കുർബാന പുസ്തകം, പ്രോഗ്രസ് കാർഡ്, ബെഡ്ഷീറ്റ്, ടോയ്‌ലറ്റ് സാധനങ്ങൾ എന്നിവ

കൊണ്ടുവരേണ്ടതാണ്. 12-ാം ക്ലാസിലെ കുട്ടികൾ അസൈൻമെന്റ് എഴുതി കൊണ്ടു വരണം. **ക്യാമ്പിൽ പങ്കെടുക്കുന്ന കുട്ടികൾ ഹെഡ്മാസ്റ്റർ മുഖേന ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.** ക്യാമ്പ് ഫീസ് 2000 രൂപയായിരിക്കും.

**12. സ്റ്റാഫ് മീറ്റിംഗ്**

എല്ലാ സൺഡേ സ്കൂളുകളിലും ബഹു. വികാരിയച്ചന്റെ അദ്ധ്യക്ഷതയിൽ സ്റ്റാഫ് മീറ്റിംഗ് കൂടി വിശ്വാസോത്സവം കാര്യക്ഷമമായി നടത്തുന്നതിനുവേണ്ട ക്രമീകരണങ്ങൾ നടത്തണം.

**13. ഹെഡ്മാസ്റ്റർമാരുടെ ഫൊറോന മീറ്റിംഗ്**

2024-2025 പ്രവർത്തനവർഷത്തെ സൺഡേ സ്കൂൾ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും വരുന്ന അധ്യയന വർഷത്തെക്കുറിച്ച് പ്ലാൻ ചെയ്യുന്നതിനും വിശ്വാസോത്സവ വർക്കുബുക്കുകൾ വിതരണം ചെയ്യുന്നതിനുമായി മാർച്ച് 8, 11, 12, 13, 14 തീയതികളിൽ ബഹു. ഹെഡ്മാസ്റ്റർമാരുടെ ഫൊറോന മീറ്റിംഗ് നടത്തി. മീറ്റിംഗിൽ പങ്കെടുത്ത എല്ലാ ഹെഡ്മാസ്റ്റർമാർക്കും നന്ദി.

**14. അതിരൂപതാ വിസിറ്റേഴ്സ് സമ്മേളനം**

അതിരൂപതാ സൺഡേസ്കൂൾ സന്ദർശകരുടെ സമ്മേളനം **മാർച്ച് 3 തിങ്കളാഴ്ച സന്ദേശഭവനിൽവച്ച്** നടത്തി. സന്ദർശന റിപ്പോർട്ട് വിസിറ്റേഴ്സ് മീറ്റിംഗിൽ അവതരിപ്പിച്ചു.

**15. "എൻലൈറ്റ്" - നന്ദി**

ചെറുപുഴ, പുളിങ്ങോം, പാലാവയൽ, മണ്ഡപം, മണിക്കടവ്, കുന്നോത്ത് എന്നീ സ്ഥലങ്ങളിൽവച്ച് ചെറുപുഴ, തോമാപുരം, മണിക്കടവ്, കുന്നോത്ത് ഫൊറോനകളിൽ 7, 8 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ എൻലൈറ്റ് പ്രോഗ്രാം സംഘടിപ്പിച്ചു. റവ. ഫാ. ക്ലിന്റ് വെട്ടുകല്ലേൽ OFM Cap, ശ്രീ. ജോബി ജോൺ മൂലയിൽ, ശ്രീ. ബിനോഷ് ആലയ്ക്കാമറ്റത്തിൽ, ശ്രീ. വിപിൻ മാറുകാട്ടുകുന്നേൽ, ശ്രീ. ടോമി കുന്നേൽപറമ്പിൽ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

**16. ദിവ്യകാരുണ്യസന്ധ്യ - നന്ദി**

ചെറുപുഴ ഫൊറോനയിലെ വിശ്വാസപരിശീലകർക്കായി ദിവ്യകാരുണ്യ സന്ധ്യ നടത്തി. പങ്കെടുത്ത എല്ലാ വിശ്വാസപരിശീലകർക്കും നന്ദി.

**17. ഡിപ്ലോമ റിസൾട്ട് 2024-2025**

തലശ്ശേരി അതിരൂപതാ വിശ്വാസപരിശീലനകേന്ദ്രം 2024-2025 പ്രവർത്തനവർഷത്തിൽ പന്ത്രണ്ടാം ക്ലാസ്സിലെ കുട്ടികൾക്കായി നടത്തിയ സൺഡേ സ്കൂൾ ഡിപ്ലോമാ പരീക്ഷാഫലം തലശ്ശേരി അതിരൂപതാ പാസ്റ്ററൽ സെന്ററായ സന്ദേശഭവനിൽ ചേർന്ന മതബോധനകൗൺസിലിൽ വച്ച് അതിരൂപതാദ്ധ്യക്ഷൻ ആർച്ച്ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി ഡിപ്ലോമ

ഫലം പ്രഖ്യാപിച്ചു. 212 സൺഡേ സ്കൂളുകളിൽ 152 സൺഡേസ്കൂളുകൾ നൂറ് ശതമാനം വിജയം കരസ്ഥമാക്കി. 3232 കുട്ടികൾ പങ്കെടുത്ത ഡിപ്ലോമ പരീക്ഷയിൽ 3099 കുട്ടികൾ ഡിപ്ലോമയ്ക്കും 133 കുട്ടികൾ കോഴ്സ് സർട്ടിഫിക്കറ്റിനും അർഹരായി.

| **അതിരൂപതാ റാങ്ക് ലിസ്റ്റ് 2024 - 2025** | | | | |
|---|---|---|---|---|
| 1. | തോമസ് നാഗനോലിൽ | ചെറുപാറ | ഒന്നാം റാങ്ക് | 98 |
| 2. | എലിസബത്ത് കണിയറാകത്ത് | മാലോം | രണ്ടാം റാങ്ക് | 97 |
| 3. | ബിനിറ്റ മരിയ മാമൂട്ടിൽ | പച്ചാണി | മൂന്നാം റാങ്ക് | 96 |
| 4. | ആഗ്നസ് പതിയിൽ | കൊട്ടോടി | നാലാം റാങ്ക് | 95 |
| 4. | മേരി ജോൺ പൊരുന്നക്കോട്ട് | നിർമ്മലഗിരി | നാലാം റാങ്ക് | 95 |
| **ഫൊറോനാതല റാങ്ക് ലിസ്റ്റ്** | | **ഇടവക** | **ഫൊറോന** | |
| 1. | സ്വീഡൽ ഷിബു മുണ്ടയ്ക്കൽ | ആലക്കോട് | ആലക്കോട് | |
| 2. | ആൽഫ ജോസഫ് മുരിയൻകാവുങ്കൽ | ചേപ്പറമ്പ് | ചെമ്പന്തൊട്ടി | |
| 3. | മെർലിൻ സോജൻ മനാട്ട് | പുലിക്കുരുമ്പ | ചെമ്പേരി | |
| 4. | സ്നേഹ മരിയ വരിക്കാനിക്കൽ | മുളപ്ര | ചെറുപുഴ | |
| 5. | റോസ് മരിയ മറ്റമുണ്ടയിൽ | മാങ്ങോട് | എടൂർ | |
| 6. | ആൻമരിയ വടക്കൻ | ചായോത്ത് | കാഞ്ഞങ്ങാട് | |
| 7. | ജോർജ് പെട്ടപ്പുഴ | കാസർഗോഡ് | കാസർഗോഡ് | |
| 8. | ട്രീസ ഷാജി പുലവേലിൽ | അങ്ങാടിക്കടവ് | കുന്നോത്ത് | |
| 9. | എലിസബത്ത് കണിയറാകത്ത് | മാലോം | മാലോം | |
| 10. | വിക്ടോറിയ തുണ്ടത്തിൽ | മണിപ്പാറ | മണിക്കടവ് | |
| 11. | തോമസ് നാഗനോലിൽ | ചെറുപാറ | മേരിഗിരി | |
| 12. | മെറിൻ വലരിയിൽ | ഉളിക്കൽ | നെല്ലിക്കാംപൊയിൽ | |
| 13. | ആൽബിൻ തോമസ് പള്ളിച്ചിറ | പൈസക്കരി | പൈസക്കരി | |
| 14. | ആഗ്നസ് പതിയിൽ | കൊട്ടോടി | പനത്തടി | |
| 15. | മേരി ജോൺ പൊരുന്നക്കോട്ട് | നിർമ്മലഗിരി | പേരാവൂർ | |
| 16. | എലിസബത്ത് കക്കാട്ടിൽ | പരിയാരം | തളിപ്പറമ്പ് | |
| 17. | എലിസബത്ത് മേരി കോഴിക്കോട്ട് | പാലാവയൽ | തോമാപുരം | |
| 18. | എലിസബത്ത് പുളിമൂട്ടിൽ | കരുവഞ്ചാൽ | വായാട്ടുപറമ്പ് | |
| 19. | എൽസ മരിയ കരിവേപ്പിൽ | വെള്ളരിക്കുണ്ട് | വെള്ളരിക്കുണ്ട് | |

## 18. അതിരൂപതാ മതബോധന കമ്മിറ്റി

2024-2025 അധ്യയനവർഷത്തെ അതിരൂപതാ മതബോധന കമ്മിറ്റി അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ അധ്യക്ഷതയിൽ 2025 മാർച്ച് 4-ന് സന്ദേശഭവനിൽ വച്ച് നടത്തി. മതബോധനകമ്മിറ്റിയിൽ പങ്കെടുത്ത സന്യാസസമൂഹങ്ങളുടെ പ്രൊവിൻഷ്യൽസ്, ബഹു. ഫൊറോന വികാ

രിയച്ചന്മാർ, ഫൊറോനാ പ്രസിഡന്റ്- സെക്രട്ടറിമാർ, വിസിറ്റേഴ്സ് പ്രതിനിധികൾ, അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർമാർ, പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ടവർ എന്നിവർ മതബോധനകമ്മിറ്റിയിൽ പങ്കെടുത്തു.

**തീരുമാനങ്ങൾ**

1) വിശ്വാസപരിശീലകരുടെ തുടർപരിശീലനത്തിന്റെ ഭാഗമായി ക്ലാസ്സടിസ്ഥാനത്തിൽ ട്രെയിനിംഗ് നടത്തുക. 2) വിശ്വാസപരിശീലകരുടെ ധ്യാനം എല്ലാവർഷവും സംഘടിപ്പിക്കുക. 3) മാതാപിതാക്കൾക്ക് ക്ലാസ്സുകൾ സംഘടിപ്പിക്കുക. 4) കുട്ടികൾക്ക് അവധിക്കാല ധ്യാനം, സെമിനാറുകൾ എന്നിവ നടത്തുക. 5) ഓണം, ക്രിസ്തുമസ്, വാർഷിക പരീക്ഷകളുടെ സമയം സൺഡേസ്കൂളുകൾ കൃത്യമായി പാലിക്കുക. പരീക്ഷകൾക്ക് സൂപ്പർവൈസർമാരെ അയയ്ക്കുക. 6) സോൾട്ട് പ്രോഗ്രാം ഫൊറോന അടിസ്ഥാനത്തിൽ നടത്തുക.

## 19. റവ. ബ്രദർ മാത്യു കാവുങ്കൽ സ്കോളർഷിപ്പ്

പഠനത്തിൽ സമർത്ഥരും ഉന്നത വിദ്യാഭ്യാസത്തിന് സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നവരുമായ XII-ാം ക്ലാസ് കഴിഞ്ഞ കുട്ടികൾക്കുവേണ്ടി ഏർപ്പെടുത്തിയിരിക്കുന്നതാണ് ഈ സ്കോളർഷിപ്പ്.

**സ്കോളർഷിപ്പ് ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ**

1. XII-ാം ക്ലാസ്സിലെ ഡിപ്ലോമ പരീക്ഷയ്ക്ക് 85% മാർക്ക് കരസ്ഥമാക്കിയിരിക്കണം. 2. കഴിവതും ഓരോ ഫൊറോനയിലും ഒരാൾക്കെങ്കിലും സ്കോളർഷിപ്പ് ലഭിക്കുവാൻ ഇടയാകണം. 3. സാമ്പത്തികശേഷി കുറഞ്ഞവരായിരിക്കണം. 4. ഓരോ കുടുംബത്തിന്റെയും സാമ്പത്തിക ക്ലേശത്തിന്റെ നിജസ്ഥിതി മനസ്സിലാക്കുകയും താരതമ്യപ്പെടുത്തി നോക്കുകയും ചെയ്തശേഷമായിരിക്കും യോഗ്യരായവരെ തിരഞ്ഞെടുക്കുക. 5. വിദ്യാർത്ഥിയാണ് നിശ്ചിത ഫോറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടത്. 6. അപേക്ഷയിൽ ബഹു. വികാരിയച്ചന്റെ ശുപാർശ ഉണ്ടായിരിക്കണം. 7. അപേക്ഷകൾ ഏപ്രിൽ 30-നകം ഓഫീസിൽ ലഭിച്ചിരിക്കണം.

## 20. ജൂബിലി

വിശ്വാസപരിശീലനരംഗത്ത് 25/50 വർഷം പൂർത്തിയാക്കിയവരുടെയും അധ്യാപനരംഗത്തുനിന്ന് വിരമിക്കുന്ന അധ്യാപകരുടെയും **പേരും വീട്ടുപേരും ഫോട്ടോയും ഫോൺ നമ്പറും** ഏപ്രിൽ 30-നുമുമ്പ് ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്.

## 21. ഹാജറിന് വിശിഷ്ട സമ്മാനം കുട്ടികൾക്ക്

12 വർഷവും എല്ലാ ഞായറാഴ്ചകളിലും മുടങ്ങാതെ സൺഡേ സ്കൂളിൽവന്ന് പഠനം പൂർത്തിയാക്കിയ കുട്ടികൾക്ക് (വി. കുർബാന + വിശ്വാസ പരിശീലനം) വിശ്വാസപരിശീലനകേന്ദ്രം പ്രത്യേക പ്രോത്സാഹനസമ്മാനം നല്കുന്നു. ബഹു. വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയ കത്തോടുകൂടി കുട്ടി

കളുടെ **പേര് വിവരങ്ങൾ ഫോട്ടോ സഹിതം** ഹെഡ്മാസ്റ്റർ ഏപ്രിൽ മാസം 30-ന് മുമ്പായി ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്.

### 22. ഹാജറിന് വിശിഷ്ട സമ്മാനം അധ്യാപകർക്കും

12 വർഷവും എല്ലാ ഞായറാഴ്ചകളിലും മുടങ്ങാതെ തുടർച്ചയായി സൺഡേസ്കൂളിൽ ഹാജരായി അധ്യാപനം നടത്തിയ അധ്യാപകർക്കും വിശ്വാസപരിശീലനകേന്ദ്രം പ്രത്യേക പ്രോത്സാഹനസമ്മാനം നല്കുന്നു. ബഹു. വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയ കത്തോടുകൂടി അധ്യാപകരുടെ **പേര് വിവരങ്ങൾ ഫോട്ടോ സഹിതം** ഹെഡ്മാസ്റ്റർ ഏപ്രിൽ മാസം 30-ന് മുമ്പായി ഓഫീസിൽ എത്തിക്കുമല്ലോ.

### 23. ഓഫീസിൽ അടയ്ക്കേണ്ട തുകകൾ

2024-2025 പ്രവർത്തന വർഷത്തിൽ ഓഫീസിൽ അടയ്ക്കേണ്ട വിവിധ തുകകൾ (സ്റ്റുഡന്റ്സ് ഫണ്ട്, ചോദ്യപേപ്പർ, പാഠപുസ്തകങ്ങൾ, ഉപപാഠ പുസ്തകങ്ങൾ) ശേഖരിച്ച് ബാങ്ക് വഴി അടയ്ക്കണമെന്ന് ഓർമിപ്പിക്കുന്നു. താഴെ കൊടുത്തിരിക്കുന്ന അക്കൗണ്ടിലേയ്ക്കാണ് തുക ട്രാൻസ്ഫർ ചെയ്യേണ്ടത്. തുക ട്രാൻസ്ഫർ ചെയ്യുന്നവർ ഡയറക്ടറച്ചനെ ഫോൺ വഴി അറിയിക്കുകയോ വാട്സ്ആപ്പ് നമ്പറിലേക്ക് സന്ദേശം നൽകുകയോ ചെയ്യണം.

### 24. റിട്ടയർമെന്റ്

അതിരൂപതാ മതബോധനകമ്മിറ്റിയുടെ (2011 ജൂൺ 14) നിശ്ചയപ്രകാരം സൺഡേസ്കൂൾ മതാധ്യാപകരുടെ റിട്ടയർമെന്റ് പ്രായം 65 വയസ് ആണ്. റിട്ടയർ ചെയ്യുന്ന അധ്യാപകരെ ഇടവകാതലത്തിൽ ആദരിക്കേണ്ടതാണ്. ഇടവകാ തിരുനാളിനോടനുബന്ധിച്ചുള്ള സൺഡേസ്കൂൾ വാർഷികയോഗങ്ങൾ അതിനായി പ്രയോജനപ്പെടുത്തുമല്ലോ. കൂടാതെ ഹെഡ്മാസ്റ്റർമാരുടെ സേവനകാലം 15 വർഷമായിട്ടാണ് കമ്മിറ്റി നിശ്ചയിച്ചിരിക്കുന്നത്. തുടർന്നും അവർക്ക് (65 വയസുവരെ) സൺഡേസ്കൂളിൽ പഠിപ്പിക്കാവുന്നതാണ്.

### 25. നന്ദി, നല്ല അവധിക്കാലം

2024-2025 അധ്യയനവർഷം അനുഗ്രഹപ്രദമാക്കുവാൻ സഹായിച്ച ബഹു. വികാരിയച്ചൻമാർക്കും കൊച്ചച്ചൻമാർക്കും സിസ്റ്റേഴ്സിനും ഹെഡ്മാസ്റ്റർമാർക്കും എല്ലാ വിശ്വാസപരിശീലകർക്കും നന്ദി. അവധിക്കാലത്ത് കുട്ടികൾക്ക് ആത്മീയ ഉണർവ് നൽകുന്ന പരിപാടികൾ നടത്തുവാൻ ശ്രദ്ധിക്കുമല്ലോ. എല്ലാവർക്കും നല്ല അവധിക്കാലം ആശംസിക്കുന്നു.

### 26. ഡയറക്ടറച്ചന്മാരുടെ സന്ദർശനം

ഡയറക്ടറച്ചൻ ആലക്കോട്, പനത്തടി, കുന്നുംകൈ, കാഞ്ഞങ്ങാട്, രത്നഗിരി എന്നീ സൺഡേസ്കൂളുകളിലും അസി. ഡയറക്ടറച്ചൻ ചെടിക്കുളം സൺഡേസ്കൂളിലും സന്ദർശനം നടത്തി.

**ഫാ. ജേക്കബ് വെണ്ണായപ്പിള്ളിൽ**
*ഡയറക്ടർ*

# ബൈബിൾ അപ്പൊസ്റ്റോലേറ്റ്
## ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

**തിയോളജി കോഴ്സുകളിലേക്കുള്ള രജിസ്ട്രേഷൻ**

2025 വർഷത്തെ തിയോളജി പഠനപ്രോഗ്രാമുകളിലേക്കുള്ള അഡ്മിഷൻ മെയ് 1 മുതൽ ആരംഭിക്കുന്നു.

**തിയോളജി കോഴ്സുകൾ**

1. Diploma in Theology (6 Months)
2. Bachelors Degree in Theology (3 Years)
3. Masters Degree in Theology (2 Years)

**പ്രത്യേകതകൾ**

- പഠിതാക്കൾക്ക് നിലവിലുള്ള പ്രവർത്തനങ്ങൾക്കും ജോലിക്കും ഒപ്പം പഠിക്കാവുന്ന രീതിയിലാണ് കോഴ്സുകൾ ക്രമീകരിച്ചിരിക്കുന്നത്.
- ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ദൈവശാസ്ത്രകോഴ്സുകൾ ഇംഗ്ലീഷ്/ മലയാളം ഭാഷകളിൽ പഠിക്കാവുന്നതാണ്.
- രജിസ്റ്റർ ചെയ്യുന്ന മുഴുവൻ പഠിതാക്കൾക്കും ഇംഗ്ലീഷ്/ മലയാളം ഭാഷകളിൽ എല്ലാ വിഷയങ്ങളുടെയും Printed Text Books ലഭിക്കുന്നതാണ്.
- ക്ലാസ്സുകൾ ഓൺലൈനായി നടത്തുന്നു. സാധാരണ ക്ലാസ്സുകളിലേതുപോലെതന്നെ വിദ്യാർത്ഥികൾക്ക് സംവദിക്കാനും സംശയനിവാരണം നടത്താനും കഴിയുന്ന തരത്തിലാണ് ക്ലാസ്സുകൾ ക്രമീകരിച്ചിരിക്കുന്നത്.
- തിയോളജി ക്ലാസ്സുകൾ അതതു വിഷയങ്ങളിൽ ഏറ്റവും പ്രഗത്ഭരായ ദൈവശാസ്ത്ര പണ്ഡിതർ നയിക്കുന്നതാണ്.

പ്രവേശനമാഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വെബ്സൈറ്റ് വഴി പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

**Website: www.alpha thalassery.org.**

കൂടുതൽ വിവരങ്ങൾക്ക്: Email - alphits @gmail.com Ph: 8086312826.

## തീസിസ് സമർപ്പണം

അവസാനവർഷ ബിരുദ, ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾ മെയ് 30 നു മുമ്പായി തീസിസ് ആൽഫാ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. ബിരുദ വിദ്യാർത്ഥികൾ 60 മുതൽ 80 വരെ പേജുകളും ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾ 80 മുതൽ 100 വരെ പേജുകളുമുള്ള പ്രബന്ധമാണ് തയ്യാറാക്കേണ്ടത്.

ബിരുദ വിദ്യാർത്ഥികൾ ബൈൻഡ് ചെയ്ത ഒരു കോപ്പിയും ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾ ബൈൻഡ് ചെയ്ത 2 കോപ്പികളും (ടൈപ്പ് ചെയ്തതായിരിക്കണം) സമർപ്പിക്കണം. കൃത്യസമയത്തിനുള്ളിൽ തീസിസ് സമർപ്പിക്കാത്ത വിദ്യാർത്ഥികൾക്ക് ഈ വർഷത്തെ കോൺവൊക്കേഷനിൽ പങ്കെടുക്കാൻ സാധിക്കുന്നതല്ല.

**സപ്ലിമെന്ററി പരീക്ഷകൾ:** സപ്ലിമെന്ററി പരീക്ഷകൾ ഏപ്രിൽ 10 മുതൽ ഏപ്രിൽ 28 വരെ നടത്തപ്പെടുന്നതാണ്. ഏപ്രിൽ 2 മുതൽ 7 വരെയുള്ള ദിവസങ്ങളിൽ ഇ-മെയിൽ വഴി രജിസ്ട്രേഷൻ നടത്താവുന്നതാണ്.

**സെമസ്റ്റർ പരീക്ഷകൾ:** ഈ സെമസ്റ്ററിലെ പരീക്ഷകൾ ഏപ്രിൽ 21 മുതൽ മെയ് 30 വരെ നടത്തപ്പെടുന്നു.

## ലോഗോസ് ബൈബിൾ ക്വിസ് - 2024

2024 ലെ ലോഗോസ് ക്വിസ് വിജയികൾക്കുള്ള സർട്ടിഫിക്കറ്റുകളും സമ്മാനങ്ങളും ഫൊറോന കേന്ദ്രങ്ങളിൽ എത്തിച്ചിട്ടുണ്ട്. A വിഭാഗത്തിൽ 60 ശതമാനത്തിൽ കൂടുതൽ മാർക്കും B-F വിഭാഗങ്ങളിൽ 70 ശതമാനത്തിൽ കൂടുതൽ മാർക്കും വാങ്ങിയ എല്ലാവർക്കും സമ്മാനങ്ങൾ നൽകുന്നുണ്ട്. സർട്ടിഫിക്കറ്റുകളും സമ്മാനങ്ങളും ഇടവകകളിൽ എത്തിച്ച് അർഹരായവർക്ക് നൽകുവാൻ ബഹു. വികാരിയച്ചൻമാർ ശ്രദ്ധിക്കുമല്ലോ.

## പുതിയ ചീഫ് എഡിറ്റർ

തലശ്ശേരി അതിരൂപത ബൈബിൾ അപ്പൊസ്റ്റോലേറ്റിന്റെ പ്രസിദ്ധീകരണമായ അജപാലകൻ-ദൈവവചന വ്യാഖ്യാന സഹായിയുടെ എഡിറ്റോറിയൽ ബോർഡ് മീറ്റിംഗ് മാർച്ച് മാസം 10-ാം തീയതി ഓൺലൈനായി നടത്തപ്പെട്ടു. പ്രസ്തുത മീറ്റിങ്ങിൽ വച്ച് അജപാലകന്റെ പുതിയ ചീഫ് എഡിറ്ററായി ഫാ. മാത്യു കൊട്ടുകാപ്പള്ളിയെ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് നിയമിച്ചു. 2024 ജനുവരി മുതൽ 2025 ഫെബ്രുവരി വരെ അജപാലകന്റെ ചീഫ് എഡിറ്ററായി സ്തുത്യർഹമായ സേവനം ചെയ്ത ബഹു. ടോം ഓലിക്കരോട്ടച്ചന് ഹൃദ്യമായ നന്ദി!

**ഫാ. തോമസ് മാപ്പിളപ്പറമ്പിൽ**
*ഡയറക്ടർ,*
*ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്*

**ഫാ. ഫിലിപ്പ് കവിയിൽ**
*ഡയറക്ടർ,*
*ബൈബിൾ അപ്പൊസ്റ്റൊലേറ്റ്*

**ഫാ. മാത്യു കൊട്ടുകാപ്പള്ളി**
*എക്സിക്യൂട്ടീവ് ഡയറക്ടർ*
*ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്*

# ചിൽഡ്രൻ അപ്പൊസ്റ്റോലേറ്റ്
## ചെറുപുഷ്പ മിഷൻലീഗ്

സ്നേഹ ബഹു. അച്ചന്മാരെ, സിസ്റ്റേഴ്സ്, പ്രിയ മിഷനറിമാരെ,

വിശ്വാസത്തിന്റെ കണിക നഷ്ടപ്പെട്ട് നിരാശയിൽ കഴിയുന്നവരെ പ്രതീക്ഷയിലേയ്ക്ക് നയിക്കുന്ന ഈശോയുടെ ഉത്ഥാനത്തിന്റെ സ്മരണയും ഈശോയ്ക്ക് വേണ്ടി രക്തസാക്ഷിത്വ മകുടം ചൂടിയ വി. ഗീവർഗീസ് സഹദായുടെ ഓർമ്മയും ഈ മാസം നാം അനുസ്മരിക്കുകയാണല്ലോ; ഈശോയുടെ ഉത്ഥാനത്തിരുന്നാളിനായി ഏറ്റവും അടുത്ത് ഒരുങ്ങിക്കൊണ്ടിരിക്കുന്ന നമുക്ക് ഉത്ഥിതനായവന്റെ തിരുമുറിവുകളോട് നമ്മുടെ പ്രതീക്ഷകളും വേദനകളും ചേർത്തുവയ്ക്കാം. വഴിമുട്ടുന്ന ജീവിതങ്ങൾക്ക് വഴികാട്ടിയായി, ഉത്ഥിതനായ ഈശോ നമ്മോട് കൂടെയുണ്ട്. കൂടെ നടക്കുന്ന അവിടുത്തെ സാന്നിധ്യം തിരിച്ചറിഞ്ഞ് ഈ ഉത്ഥാനത്തിരുന്നാൾ നമുക്ക് ആഘോഷിക്കാം. പ്രിയപ്പെട്ട കൊച്ചുകൂട്ടുകാർക്ക് ഉയിർപ്പുതിരുനാളിന്റെ മംഗളങ്ങൾ ഒത്തിരി സ്നേഹത്തോടെ ആശംസിക്കുന്നു...

അനുസ്മരിക്കുന്ന തിരുനാൾ : വി. ഗീവർഗീസ്സിന്റെ തിരുനാൾ
അനുസ്മരിക്കുന്ന വിശുദ്ധൻ : വി. ഗീവർഗീസ്
പ്രാർത്ഥനാനിയോഗം : വിശ്വാസത്തിനുവേണ്ടി പീഢനം ഏൽക്കുന്നവർക്കു വേണ്ടി
സുകൃത ജപം : ഈശോയെ അങ്ങ് എന്റെ സങ്കേതമായിരിക്കണമെ
വിശുദ്ധയെ അറിയാൻ, സ്നേഹിക്കാൻ : നവമാലിക അദ്ധ്യായം 9

**1. ശാഖകൾ ശ്രദ്ധിക്കാൻ**

04 വെള്ളി : മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ 19-ാം ചരമവാർഷികം
11 വെള്ളി : 40-ാം വെള്ളി
13 ഞായർ : ഓശാന ഞായർ
17 വ്യാഴം : പെസഹ വ്യാഴം
18 വെള്ളി : ദുഃഖ വെള്ളി
20 ഞായർ : ഈസ്റ്റർ
24 വ്യാഴം : വി. ഗീവർഗീസ് സഹദായുടെ തിരുനാൾ

**2. മേഖലകൾ ശ്രദ്ധിക്കാൻ**

എക്സിക്യൂട്ടീവ്, ദൈവവിളി ക്യാമ്പുകൾ, ക്രിസ്റ്റീൻ ധ്യാനങ്ങൾ, സെമിനാറുകൾ, അഗതിമന്ദിരസന്ദർശനം, മിഷൻഗ്രാമ സന്ദർശനം, മിഷണറിമാരെ ആദരിക്കൽ...

**3. ശാഖാ - മേഖല വൈസ് ഡയറക്ടേഴ്സിന്റെ ശ്രദ്ധയ്ക്ക്**

എല്ലാ ശാഖാ വൈസ് ഡയറക്ടേഴ്സിനും 2024-2025 പ്രവർത്തന വർഷത്തെ ശാഖാ - മേഖലാ വാർഷിക റിപ്പോർട്ട് ഫോം കിട്ടികാണും എന്ന് വിചാരിക്കുന്നു. കിട്ടാത്തവർ മേഖലാ വൈസ്ഡയറക്ടേഴ്സുമായോ, അതിരൂപതാ ഓഫീസുമായോ ബന്ധപ്പെടുമല്ലോ. വാർഷിക റിപ്പോർട്ട് ഫോം പൂരിപ്പിച്ച് ആരും അതിരൂപതയിലേക്ക് നേരിട്ട് അയക്കുകയോ കൊണ്ടുവന്ന് തരുകയോ ചെയ്യേണ്ടതില്ല. അവരവരുടെ മേഖലയിൽ ജൂൺ ആദ്യ ആഴ്ചയോടെ എത്തിച്ചാൽ മതിയാകും. മേഖലയിൽ നിന്നും ഒറിജിനൽ കോപ്പിയായിരിക്കണം അതിരൂപതാ ഓഫീസിലേക്ക് നൽകേണ്ടത് എന്നകാര്യം സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു. ഏപ്രിൽ, മെയ് മാസങ്ങളിൽ പല സിസ്റ്റേഴ്സിനും സ്ഥലം മാറ്റമുള്ളതിനാൽ റിപ്പോർട്ടുകൾ കൃത്യമായി എഴുതി മേഖലയിൽ എത്തിക്കാൻ ശ്രദ്ധിക്കുമല്ലോ.

**4. മേഖലാ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ്**

ചെറുപുഷ്പ മിഷൻലീഗിന്റെ 2025 - 2027 വർഷത്തേക്കുള്ള മേഖലാ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് ഏപ്രിൽ മാസത്തിൽ നടത്തി ലിസ്റ്റ് എത്രയും പെട്ടന്ന് ഓഫീസിൽ എത്തിക്കാൻ ശ്രദ്ധിക്കുമല്ലോ. മേഖലാ ഇലക്ഷൻ അതിരൂപതാ ഭാരവാഹികളുടെ സാന്നിധ്യത്തിൽ ആണ് നടത്തേണ്ടത്. മേഖലാ ഇലക്ഷൻ നടത്തുന്ന തീയതി നേരത്തെ തന്നെ അതിരൂപതാ ഓഫീസിൽ അറിയിക്കേണ്ടതാണ്.

**5. ശാഖാഭാരവാഹികളുടെ തെരഞ്ഞെടുപ്പ്**

2024 -25 പ്രവർത്തന വർഷത്തെ ശാഖാഭാരവാഹികളുടെ (ജൂനിയർ - സീനിയർ) തിരഞ്ഞെടുപ്പ് ഏപ്രിൽ 1 മുതൽ 4 വരെ നടക്കുന്ന വിശ്വാസോത്സവത്തോടനുബന്ധിച്ച് നടത്തുകയും അതിരൂപതയിൽ നിന്നും നൽകിയ ഫോമിൽ കൃത്യമായി എഴുതി തരുകയും ചെയ്യുമല്ലോ. ഏതെങ്കിലും ശാഖകളിൽ ശാഖാ ഭാരവാഹികളുടെ ലിസ്റ്റ് തരേണ്ട ഫോം ലഭിച്ചിട്ടില്ല എങ്കിൽ മേഖലാ വൈസ്ഡയറക്ടേഴ്സുമായോ, അതിരൂപതാ ഓഫീസുമായോ ബന്ധപ്പെടുമല്ലോ.

**6. മേഖലാ ജൂനിയർ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ്**

ചെറുപുഷ്പ മിഷൻലീഗിന്റെ 2025-26 വർഷത്തേക്കുള്ള മേഖലാ ജൂനിയർ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് മെയ് അവസാനത്തോടെയോ ജൂൺ ആദ്യ ആഴ്ചയോടെയോ നടത്തി ലിസ്റ്റ് അതിരൂപതയിൽ എത്തിക്കണമെന്ന് സ്നേഹത്തോടെ ഓർമ്മിപ്പിക്കുന്നു.

**7. അഭിവന്ദ്യ പിതാവിന്റെ തിരുനാൾ**

ഏപ്രിൽ 24 ന് നാമഹേതുകതിരുനാൾ ആഘോഷിക്കുന്ന അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിനും, മാർ ജോർജ് വലിയമറ്റം പിതാവിനും വേണ്ടി പ്രാർത്ഥിക്കുവാനും ഫീസ്റ്റിന്റെ മംഗളങ്ങൾ നേർന്നുകൊണ്ട് ആശംസാ കാർഡുകൾ അയയ്ക്കുവാനും ഫോൺ വിളിച്ച് ആശംസകൾ അർപ്പിക്കുവാനും ബഹുമാനപ്പെട്ട വൈസ് ഡയറക്ടേഴ്സ് കുട്ടികളെ ഓർമ്മിപ്പിക്കുമല്ലോ.

**8. ഏയ്ഞ്ചൽസ് മീറ്റ്**

ഈ വർഷം ആദ്യകുർബ്ബാന സ്വീകരിക്കുന്ന കുട്ടികളെ മേഖലാതലത്തിൽ ഒരുമിച്ചുകൂട്ടി അഭിനന്ദിക്കുകയും ചെറുപുഷ്പ മിഷൻലീഗ് സംഘടനയിലേയ്ക്കുള്ള ഔദ്യോഗിക പ്രവേശനം നൽകുകയും ചെയ്യുന്നതിനായി എല്ലാ മേഖലകളിലും എയ്ഞ്ചൽസ് മീറ്റ് നടത്തുവാൻ ബഹു. മേഖലാ ഡയറക്ടർ അച്ചൻമാർ ശ്രദ്ധിക്കുമല്ലോ. മെയ് ആദ്യആഴ്ചകളിൽ അഭിവന്ദ്യ പിതാക്കൻമാരുടെ സൗകര്യത്തിനനുസരിച്ച് തീയതികൾ സെക്രട്ടറിയെ വിളിച്ച് അതാത് മേഖലാ ഡയറക്ടർമാർ ഉറപ്പുവരുത്തുക. ഏയ്ഞ്ചൽസ് മീറ്റ് സർട്ടിഫിക്കറ്റ് ഓരോ മേഖലയ്ക്കും ആവശ്യമായ എണ്ണം ഓഫീസിൽ അറിയിക്കുമല്ലോ.

**9.അതിരൂപതാ മാനേജിംഗ് കമ്മറ്റി:** ഈ വർഷത്തെ അതിരൂപതാ മാനേജിംഗ് കമ്മറ്റി മെയ് 17-ാം തീയതി ശനിയാഴ്ച നടത്തപ്പെടുന്നതായിരിക്കും എന്നകാര്യം ഓർമിപ്പിക്കട്ടെ. സ്ഥലവും സമയവും പിന്നീട് അറിയിക്കുന്നതായിരിക്കും. എല്ലാ മേഖലകളിലെയും മാനേജിംഗ് കമ്മറ്റി അംഗങ്ങൾ നിർബന്ധമായും പങ്കെടുക്കണമെന്ന് ഓർമിപ്പിക്കുന്നു.

**10. എം റ്റി സി ക്യാമ്പ്:** എല്ലാ മേഖലകളിലും എം.റ്റി.സി. ക്യാമ്പ് നടത്തിക്കഴിഞ്ഞു കാണുമല്ലോ. അതിരൂപതാ ക്യാമ്പിലേയ്ക്കുള്ള 3 ആൺകുട്ടികളുടെയും 3 പെൺകുട്ടികളുടെയും പേര്, വീട്ടുപേര്, ഇടവക, വാട്സ്ആപ്പ് നമ്പർ എന്നിവ അതിരൂപതയിൽ നിന്ന് തന്നിരിക്കുന്ന ഫോമിൽ കൃത്യമായി പൂരിപ്പിച്ച് അതിരൂപതാ ഓഫീസിൽ തരാത്തവർ എത്രയും പെട്ടന്ന് തരുമല്ലോ. മേഖലകളിൽ ക്യാമ്പ് നടത്തി തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികളെയാണ് അതിരൂപതാ ക്യാമ്പിൽ പങ്കെടുപ്പിക്കേണ്ടത്. ഈ വർഷത്തെ അതിരൂപതാതല എം.റ്റി.സി. ക്യാമ്പ് ഏപ്രിൽ 9,10,11,12 തീയതികളിൽ ചന്ദനക്കാംപാറയിൽ വച്ച് നടത്തുന്നതായിരിക്കും. അതിരൂപതാ ക്യാമ്പിൽ നിന്നും സെലക്ഷൻ ലഭിക്കുന്ന കുട്ടികൾക്ക് മിഷൻ തീർത്ഥാടന യാത്ര ഉണ്ടായിരിക്കും. രജിസ്ട്രേഷൻ ഫീസ് 100/- രൂപ.

**11. ജീവദർശന ക്യാമ്പ് (നേതൃത്വ പരിശീലന ക്യാമ്പ്)**

അതിരൂപതയുടെ നേതൃത്വത്തിൽ ഏപ്രിൽ 8-10 തീയതികളിൽ കാസർഗോഡ്, കാഞ്ഞങ്ങാട്, പനത്തടി, മാലോം, വെള്ളരിക്കുണ്ട്, തോമാപുരം, ചെറുപുഴ, മേരിഗിരി എന്നീ മേഖലകളെ ഉൾക്കൊള്ളിച്ചുകൊണ്ട് പട

ന്നക്കാട് പാസ്റ്റർ സെന്ററിൽ വച്ചും അന്നേ ദിവസം തന്നെ ആലക്കോട്, വായാട്ടുപ്പറമ്പ്, ചെമ്പേരി, ചെമ്പന്തൊട്ടി, തളിപ്പറമ്പ്, പൈസക്കരി, പേരാവൂർ, മണിക്കടവ്, നെല്ലിക്കാംപൊയിൽ, കുന്നോത്ത്, എടൂർ എന്നീ മേഖലകളെ ഉൾക്കൊള്ളിച്ചുകൊണ്ട് ഇരിട്ടി ഹൃദയാരാമിൽ വച്ചും ജീവദർശന ക്യാമ്പ് (നേതൃത്വ പരിശീലന ക്യാമ്പ്) നടത്തപ്പെടുന്നു എന്നകാര്യം സ്നേഹപൂർവ്വം ഓർമ്മപ്പെടുത്തുന്നു. 5 ക്ലാസ്സ് മുതൽ 10 ക്ലാസ്സ് വരെ പഠിക്കുന്ന കുട്ടികളാണ് ക്യാമ്പിൽ പങ്കെടുക്കേണ്ടത്. രജിസ്ട്രേഷൻ ഫീസ് 800/- രൂപ. മറ്റ് കൂടുതൽ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതായിരിക്കും.

**12. കൈയ്യെഴുത്തു മാസിക മത്സര വിജയികൾ**

I<sup>st</sup> പൈസക്കരി ശാഖ

II<sup>nd</sup> ഉമ്മറപൊയിൽ ശാഖ

III<sup>rd</sup> കോളയാട് ശാഖ

**പ്രോത്സാഹന സമ്മാനത്തിന് അർഹരായവർ**

ചെറുപാറ, പരിയാരം, ജയഗിരി, ചേപ്പറമ്പ്, മണിപ്പാറ, പാത്തൻപാറ, ചരൾ, നെല്ലിക്കാംപൊയിൽ, ബളാൽ, കരിക്കോട്ടക്കരി, തയ്യേനി.

**13. മേഖലാ സന്ദർശനങ്ങൾ**

14.02.2025 ന് വെള്ളരിക്കുണ്ട് മേഖലയും, 15.02.2025 ന് പൈസക്കരി മേഖലയും, 16.02.2025 ന് കാസർഗോഡ് മേഖലയും, 20.02.2025 ന് ചെമ്പേരി, എടൂർ, കുന്നോത്ത് മേഖലകളും, 10.03.2025 ന് ചെറുപുഴ മേഖലയും അതിരൂപതാ ഭാരവാഹികൾ സന്ദർശിച്ചു.

**14. മേഖലാ കൗൺസിൽ വാർഷികം**

16.02.2024 ന് തളിപ്പറമ്പ് മേഖല കൗൺസിൽ - വാർഷികം നടന്നു.

**22. സെമിനാറുകൾ, ക്ലാസ്സുകൾ**

- 09.03.2025 ന് ചെടിക്കുളം ശാഖയിലെ കുട്ടികൾക്ക് ഡയറക്ടർ ഫാ ജോസഫ് വടക്കേപ്പറമ്പിൽ സെമിനാർ എടുത്തു.
- 14.03.2025 ന് കാഞ്ഞങ്ങാട് മേഖലയിലെ എം.റ്റി.സി ക്യാമ്പിന് പ്രസിഡന്റ് ഷിജോ സ്രായിൽ ക്ലാസ്സ് എടുത്തു.
- 16.03.2025 ന് കനകപ്പള്ളി ശാഖയിലെ കുട്ടികൾക്ക് ഷിജോ സ്രായിൽ സെമിനാർ എടുത്തു.

**23. ആദരാഞ്ജലികൾ**

അതിരൂപത ഭാരവാഹിയായ ശ്രീ. സണ്ണി പടിഞ്ഞാറെചിറ്റേടത്തിന്റെ വത്സലമാതാവ് ത്രേസ്യാമ്മ പടിഞ്ഞാറെചിറ്റേടത്തിന്റെ നിര്യാണത്തിൽ അതിരൂപതാ കുടുംബത്തിന്റെ ആദരാഞ്ജലികൾ.

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
*ഡയറക്ടർ*

# തിരുബാലസഖ്യം

സ്നേഹ ബഹുമാനപ്പെട്ട അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

ഒരു അധ്യായന വർഷത്തെ പഠനവും പരീക്ഷയുമൊക്കെ കഴിഞ്ഞ് അവധിക്കാലം ആഘോഷിക്കുവാനായി തയ്യാറെടുക്കുമ്പോൾ ഈശോ യെപ്പോലെ എല്ലാവരെയും സ്നേഹിക്കാൻ എല്ലാവർക്കും നന്മ ചെയ്യാൻ അങ്ങനെ വിശുദ്ധിയിൽ വളരാൻ ഈശോയുടെ കെ◌ാച്ചുകൂട്ടുകാർ നിര ന്തരം പരിശ്രമിക്കുമല്ലോ.എല്ലാവർക്കും സന്തോഷപ്രദമായ അവധി ക്കാലം ആശംസിക്കുന്നു.

അനുസ്മരിക്കുന്ന തിരുനാൾ : ഉയിർപ്പ് തിരുനാൾ
അനുസ്മരിക്കുന്ന വിശുദ്ധൻ : വി. ഗീവർഗീസ്,
സീയന്നായിലെ വി. കാതറിൻ
പ്രാർത്ഥനാനിയോഗം : കുടുംബങ്ങളുടെ വിശുദ്ധീകരണ ത്തിനുവേണ്ടി
സുകൃതജപം : ഉത്ഥിതനായ ഈശോയെ ഉത്ഥാന മഹത്വത്തിൽ ഞങ്ങളെയും പങ്കുചേർക്കണമെ...
വചനം : ദൈവത്തിന് ഒന്നും അസാദ്ധ്യമല്ല. (ലൂക്കാ 18:27)
പ്രവൃത്തി : സഭാധികാരികൾക്കു വേണ്ടി പ്രാർത്ഥിക്കുക.

**1. ശാഖകൾ ശ്രദ്ധിക്കാൻ**

04 വ്യാഴം : മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിന്റെ 19-ാം ചരമവാർഷികംചരമവാർഷികം
11 വെള്ളി : 40-ാം വെള്ളി
13 ഞായർ : ഓശാന ഞായർ
17 വ്യാഴം : പെസഹ വ്യാഴം
18 വെള്ളി : ദുഃഖ വെള്ളി

20 ഞായർ : ഈസ്റ്റർ
24 വ്യാഴം : വി. ഗീവർഗീസ് സഹദായുടെ തിരുനാൾ

**2. അഭിവന്ദ്യ പിതാവിന്റെ തിരുനാൾ**

ഏപ്രിൽ 24 ന് നാമഹേതുകതിരുനാൾ ആഘോഷിക്കുന്ന അഭിവന്ദ്യ ജോർജ് ഞറളക്കാട്ട് പിതാവിനും ജോർജ് വലിയമറ്റം പിതാവിനും വേണ്ടി പ്രാർത്ഥിക്കുവാനും ഫീസ്റ്റിന്റെ മംഗളങ്ങൾ നേർന്നുകൊണ്ട് ആശംസാ കാർഡുകൾ അയയ്ക്കുവാനും ഫോൺ വിളിച്ച് ആശംസകൾ അർപ്പിക്കുനാവും ബഹുമാനപ്പെട്ട വൈസ് ഡയറക്ടേഴ്സ് കുട്ടികളെ ഓർമ്മിപ്പിക്കുമല്ലോ.

**3. ഈശോയെപ്പോലെ വളരാം .... വലുതാകാം.**

തിരുബാലസഖ്യം കുട്ടികളുടെ ഈശോയെപ്പോലെ വളരാം വലുതാകാം എന്ന 2025 - 2026 വർഷത്തെ വർക്കുബുക്ക് തയ്യാറായിക്കൊണ്ടിരിക്കുന്നു. തിരുബാലസഖ്യം മാർഗ്ഗരേഖയും ഈ വർക്കുബുക്കിന്റെ തുടർച്ചയായിട്ടാണ് നൽകുന്നത്. 1-ാം ക്ലാസ്സ് മുതൽ 4-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് വിശ്വാസ പരിശീലന ബുക്കിന്റെ കൂടെ ഈ വർക്ക് ബുക്കും നൽകുവാൻ ബഹുമാനപ്പെട്ട ആനിമേറ്റേഴ്സും ഹെഡ്മാസ്റ്റർമാരും ശ്രദ്ധിക്കുമല്ലോ. ഓരോ ശാഖയിലേക്കും വേണ്ട ബുക്കുകളുടെ എണ്ണം ഈ മാസം തന്നെ ഓഫീസിൽ അറിയിക്കേണ്ടതാണെന്ന് ഓർമ്മിപ്പിക്കുന്നു.

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
*ഡയറക്ടർ*

# യൂത്ത് അപ്പൊസ്തലേറ്റ്

"യൗവനം മുതൽ അവനെ ഞാൻ പിതാവിനെപ്പോലെ പോറ്റുകയും ജനിച്ചപ്പോൾ മുതൽ നയിക്കുകയും ചെയ്തു" (ജോബ് 31:18).

പ്രിയപ്പെട്ട ഡയറക്ടറച്ചന്മാരെ, ആനിമേറ്റേഴ്സ്, യുവജന സുഹൃത്തുക്കളെ,

**മേഖലകൾ/യൂണിറ്റുകൾ ശ്രദ്ധിക്കാൻ**

ഏപ്രിൽ 04 - മാർ സെബാസ്റ്റ്യൻ വള്ളോപ്പള്ളി പിതാവിന്റെ 19-ാം ചരമവാർഷികദിനം

ഏപ്രിൽ 13 - ഓശാന ഞായർ

ഏപ്രിൽ 17 - പെസഹാവ്യാഴം

ഏപ്രിൽ 18 - ദുഃഖവെള്ളി

ഏപ്രിൽ 20 - ഈസ്റ്റർ

**33-ാമത് കെസിവൈഎം അർദ്ധ വാർഷിക സെനറ്റ്**

തലശ്ശേരി അതിരൂപത കെസിവൈഎം 33-ാമത് അർദ്ധ വാർഷിക സെനറ്റ് സമ്മേളനം മേരിഗിരി ഫൊറോനയുടെ ആതിഥേയത്വത്തിൽ മേരിഗിരിയിൽ വച്ചു നടത്തി. ഫെബ്രുവരി 23 ഞായറാഴ്ച്ച രാവിലെ 9 മണിക്ക് ആരംഭിച്ച സെനറ്റ് സമ്മേളനത്തിന് അതിരൂപത പ്രസിഡന്റ് ശ്രീ. ജോയൽ പുതുപ്പറമ്പിൽ അധ്യക്ഷത വഹിച്ചു. വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി സെനറ്റ് സമ്മേളനം ഉദ്ഘാടനം ചെയ്തു. അതിരൂപത ജനറൽ സെക്രട്ടറി ശ്രീ. അബിൻ വടക്കേക്കര സ്വാഗതവും ഡയറക്ടർ ഫാ. അഖിൽ മുക്കുഴി ആമുഖപ്രഭാഷണവും മേരിഗിരി ഫൊറോന വികാരി വെരി. റവ. ഫാ. അബ്രാഹം മഠത്തിമ്യാലിൽ അനുഗ്രഹപ്രഭാഷണവും SMYM സംസ്ഥാന ജനറൽ സെക്രട്ടറി അഖിൽ ചാലിൽപുത്തൻപുരയിൽ, മേരിഗിരി ഫൊറോന പ്രസിഡന്റ് കുമാരി മരിയ ജോസഫ്, അതിരൂപത കൗൺസിലർ ജോയൽ പി.ജെ, അതിരൂപത വൈസ് ഡയറക്ടർ സി. ജോസ്ന റോസ് എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. അതിരൂപത വൈസ് പ്രസിഡന്റ് കുമാരി ഗ്ലോറിയ കൂനാനിക്കൽ നന്ദി പറഞ്ഞു.

അതിരൂപതാ സമിതിയുടെ പ്രോഗ്രാമുകൾ ഏറ്റെടുത്ത് നടത്തിയ വിവിധ ഫൊറോനകളെ ആദരിച്ചു. 19 ഫൊറോനകളിലെ റിപ്പോർട്ടുകൾ അവതരിപ്പിച്ചു. തുടർന്ന് അതിരൂപത സമിതിയുടെ റിപ്പോർട്ടും വരവ് ചെലവ് കണക്കുകളും സെനറ്റിൽ അവതരിപ്പിച്ച് പാസാക്കി. സമാപന സമ്മേളന ത്തോടുകൂടി 33-ാമത് അർദ്ധവാർഷിക സെനറ്റിന് സമാപനം കുറിച്ചു.

## പ്രമേയം അവതരിപ്പിച്ചു

കെസിവൈഎം എസ്എംവൈഎം 33-ാമത് അർദ്ധവാർഷിക സെനറ്റ് സമ്മേളനത്തിൽ രണ്ട് പ്രമേയങ്ങൾ അവതരിപ്പിച്ചു. ജെ.ബി. കോശി കമ്മീ ഷൻ റിപ്പോർട്ട് - സർക്കാർ സുതാര്യത പുലർത്തണം, റിപ്പോർട്ട് പൂർണ്ണ രൂപ ത്തിൽ പുറത്തുവിടണം എന്ന വിഷയത്തെ സംബന്ധിച്ച് എടൂർ ഫൊറോന പ്രസിഡന്റ് ശ്രീ. റോണിറ്റ് തോമസും കേരളത്തിലെ കർഷകർ നേരിടുന്ന വന്യമൃഗ ഭീഷണി എന്ന വിഷയത്തെ സംബന്ധിച്ച് വെള്ളരിക്കുണ്ട് ഫൊറോന പ്രസിഡന്റ് ശ്രീ. അമൽ സെബാസ്റ്റ്യനും പ്രമേയം അവതരിപ്പിച്ചു.

## ബെസ്റ്റ് ഫൊറോന അവാർഡ്

2024-25 സമിതിയുടെ ആറുമാസക്കാലത്തെ റിപ്പോർട്ടുകൾ പഠിച്ചതിനു ശേഷം ബെസ്റ്റ് ഫൊറോനാ അവാർഡുകൾ പ്രഖ്യാപിച്ചു. അവാർഡുകൾക്ക് അർഹരായ വെള്ളരിക്കുണ്ട്, ചെറുപുഴ, കാസർഗോഡ് ഫൊറോനകൾക്ക് അഭിനന്ദനങ്ങൾ.

## രാപ്പകൽ ഉപവാസ സമരം

കെസിവൈഎം തലശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ ഉപവാസ സമരം നടത്തി. ആനമതിൽ നിർമ്മാണം വേഗത്തിൽ പൂർത്തിയാക്കുക, താത്ക്കാലിക ഫെൻസിങ് സംവിധാനങ്ങൾ കാര്യക്ഷമമാക്കുക, ആറളം ഫാമിന്റെ ഉള്ളിലെ വനഭൂമി വെട്ടിത്തെളിക്കുക, സർക്കാർ നിശ്ചയിച്ചിരിക്കുന്ന ധനസഹായം പൂർണ്ണതോതിൽ നൽകുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയി ച്ചാണ് സമരം നടത്തിയത്. തലശ്ശേരി അതിരൂപത മുൻ മെത്രാപ്പോലീത്ത മാർ ജോർജ് ഞരളക്കാട്ട് സമരനായകരായ അതിരൂപത പ്രസിഡന്റ് ജോയൽ പുതുപ്പറമ്പിൽ, ഡയറക്ടർ ഫാ. അഖിൽ മുക്കുഴി, സംസ്ഥാന സെക്രട്ടറി വിപിൻ ജോസഫ്, ജനറൽ സെക്രട്ടറി അബിൻ വടക്കേക്കര, എടൂർ ഫൊറോന പ്രസിഡന്റ് റോണിറ്റ് തോമസ് എന്നിവരെ ഹാരം അണിയിച്ച് സമരം ഉദ്ഘാടനം ചെയ്തു. തലശ്ശേരി അതിരൂപത മെത്രാപ്പോലീത്ത മാർ ജോസഫ് പാംപ്ലാനി സമരപ്പന്തൽ സന്ദർശിച്ചു സംസാരിച്ചു. AKCC ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ മുഖ്യപ്രഭാഷണം നടത്തി. ഇരിക്കൂർ നിയോജക മണ്ഡലം എം എൽ എ അഡ്വ. സജീവ് ജോസഫ് സമരത്തിന് ഐക്യദാർഢ്യം അർപ്പിച്ച് സംസാരിച്ചു. പൈസക്കരി, വെള്ളരിക്കുണ്ട്,

ചെറുപുഴ, കുന്നോത്ത്, നെല്ലിക്കാംപൊയിൽ, തോമാപുരം, വായാട്ടുപറമ്പ്, ചെമ്പേരി, ചെമ്പന്തൊട്ടി, പേരാവൂർ, മണിക്കടവ്, ആലക്കോട് എന്നീ ഫൊറോനയിലെ യുവജനങ്ങൾ ഐക്യദാർഢ്യവുമായി സമരപ്പന്തൽ സന്ദർശിച്ചു. കെസിവൈഎം സംസ്ഥാന പ്രസിഡന്റ് എബിൻ കണിവയലിൽ സമരനായകർക്ക് നാരങ്ങാനീര് നൽകി സമരം അവസാനിപ്പിച്ചു.

**SHE SALUTES**

മാർച്ച് 8 അന്താരാഷ്ട്ര വനിതാദിനത്തോടനുബന്ധിച്ച് Voice of women ന്റെ നേതൃത്വത്തിൽ തലശ്ശേരി അതിരൂപതയിലെ വിവിധ ഫൊറോനകളുടെയും യൂണിറ്റുകളുടെയും ആഭിമുഖ്യത്തിൽ ആശാവർക്കർമാരെ ആദരിച്ചു.

**സ്നേഹാദരം**

അന്താരാഷ്ട്ര വനിതാദിനത്തോടനുബന്ധിച്ച് സഭയ്ക്കും സമൂഹത്തിനും വേണ്ടി തങ്ങളുടെ ജീവിതം സമർപ്പിച്ച തലശ്ശേരി അതിരൂപതയിലെ സന്യാസിനി സമൂഹങ്ങൾക്ക് പ്രൊവിൻഷ്യൽ ഹൗസുകൾ (SMS, MSMI, FCC, CMC, NS, SABS, SH) സന്ദർശിച്ച് തലശ്ശേരി അതിരൂപത യുവജന കുടുംബത്തിന്റെ സ്നേഹാദരം നൽകി.

**SECOND SUNDAY YOUTH SUNDAY (UNLOCK)**

ലഹരി വിരുദ്ധ വാൾ ക്യാമ്പയിനും പ്രതിജ്ഞയും യുവജനങ്ങളുടെ നേതൃത്വത്തിൽ വിവിധ യൂണിറ്റുകളിലും ഫൊറോനകളിനും നടത്തി.

**അൻപതിൽ അൻപത് കാരുണ്യപ്രവർത്തികൾ (50/50)**

സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. എന്റെ എറ്റവും എളിയ ഈ സഹോദരൻമാരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തുകൊടുത്തപ്പോൾ എനിക്കു തന്നെയാണു ചെയ്തു തന്നത് (മത്തായി 25/40). 50 നോമ്പിന്റെ നിറവിൽ, 50 ദിവസങ്ങളിൽ, ഫൊറോന, യൂണിറ്റ് സമിതികളുടെ സഹകരണത്തോടെ 50 കാരുണ്യപ്രവൃത്തികൾ ചെയ്തുവരുന്നു.

**സാൻജോസ് തീർത്ഥാടന വിളംബര യുവജന ബൈക്ക് റാലി**

സാൻജോസ് തീർത്ഥാടന യാത്രയുടെ വിളംബരത്തിന്റെ ഭാഗമായി കെസിവൈഎം തലശ്ശേരി അതിരൂപത സമിതിയുടെ നേതൃത്വത്തിൽ ഒടയംചാലിൽ നിന്ന് പനത്തടി സെന്റ് ജോസഫ് ഫൊറോന ദൈവാലയത്തിലേക്ക് യുവജനങ്ങളുടെ നേതൃത്വത്തിൽ പനത്തടി ഫൊറോനയുടെ ആതിഥേയത്വത്തിൽ വെള്ളരിക്കുണ്ട്, മാലോം, കാഞ്ഞങ്ങാട്, കാസർഗോഡ് ഫൊറോനകളുടെ സഹകരണത്തോടെ ബൈക്ക് റാലി സംഘടിപ്പിച്ചു. ഒടയംചാലിൽ നടന്ന ചടങ്ങിൽ വികാരി ജനറാൾ മോൺ. മാത്യു ഇളംത്തുരു

ത്തിപ്പടവിൽ ഫ്ളാഗ് ഓഫ് കർമ്മം നിർവ്വഹിച്ചു. അതിരൂപത പ്രസിഡന്റ് ജോയൽ പുതുപ്പറമ്പിൽ അധ്യക്ഷത വഹിച്ച ചടങ്ങിൽ ഡയറക്ടർ ഫാ. അഖിൽ മുക്കുഴി, ജനറൽ സെക്രട്ടറി അബിൻ വടക്കേക്കര, പനത്തടി ഫൊറോന പ്രസിഡന്റ് ഹൈനസ് കുന്നത്ത്, ഫൊറോന ഡയറക്ടർ ഫാ. ക്രിസ് കടക്കുഴയിൽ, ഫൊറോന വികാരി ഫാ. ജോസഫ് വാരണത്ത് അസി. വികാരി ഫാ. ആശിഷ് അറക്കൽ എന്നിവർ സംസാരിച്ചു.

**ഫൊറോന വാർത്തകൾ**

**എടൂർ ഫൊറോന**

- **സ്നേഹപ്പൊതി**
  കാരാപറമ്പ് മൈത്രിഭവനിൽ വിവിധ യൂണിറ്റുകളിലെ യുവജനങ്ങളുടെ നേതൃത്വത്തിൽ സമാഹരിച്ച പൊതിച്ചോറ് എത്തിച്ചു നൽകി.
- **മാർച്ച് 8**
  വുമൺസ് ഡേയുടെ ഭാഗമായി ആറളം-കണ്ണൂർ യൂണിറ്റിൽ സർവ്വീസ് നടത്തുന്ന കെസിഎം ബസിലെ ഡ്രൈവർ സ്നേഹയെ ആദരിച്ചു.

**പൈസക്കരി ഫൊറോന**

- **നൈറ്റ് വിജിൽ (Hesed)**
  നൈറ്റ് വിജിൽ മുത്താറിക്കുളം സെന്റ് ജൂഡ് ദൈവാലയത്തിൽ വച്ചു നടത്തി.

**കാസർഗോഡ് ഫൊറോന**

- **Second sunday youth sunday**
  നാലു യൂണിറ്റുകളിൽ യുവജനങ്ങൾ ഒരുമിച്ചു കൂടുകയും അതിരൂപത യുടെ ആഹ്വാനമനുസരിച്ച് ലഹരി വിരുദ്ധദിനം ആചരിക്കുകയും ചെയ്തു.
- വലിയ നോമ്പിനോടനുബന്ധിച്ച് ആദ്യവെള്ളിയാഴ്ച്ച ഓൺലൈൻ പ്രാർത്ഥനാരാവ് സംഘടിപ്പിച്ചു.

**ഫാ. മാത്യു മുക്കുഴി**
*ഡയറക്ടർ*

# ഫാമിലി അപ്പൊസ്റ്റോലേറ്റ്

ലോകത്തിന് മുഴുവൻ പ്രത്യാശയും പുതുജീവനും പകർന്നേകുന്ന കർത്താവിന്റെ തിരുവുത്ഥാന തിരുനാളിനായി നാം തീക്ഷ്ണമായി ഒരുങ്ങുകയാണല്ലോ. അപമാനങ്ങൾക്കും വേദനകൾക്കും ഒരവസാനമുണ്ടെന്നും നന്മ നിറഞ്ഞ ജീവിതങ്ങൾ വിജയം കൈവരിക്കുമെന്നുമുള്ള സുവിശേഷമാണല്ലോ ഈസ്റ്റർ പങ്കുവയ്ക്കുക. ക്രൈസ്തവരായ നമ്മെ സംബന്ധിച്ചിടത്തോളം നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനമാണ് ഉയിർപ്പുതിരുനാൾ. ഓരോ കുടുംബവും പല വിധത്തിലുള്ള ഞെരുക്കങ്ങളിലൂടെയും സങ്കടങ്ങളിലൂടെയും കടന്നുപോകുമ്പോൾ, അവരോടൊപ്പം സഹനങ്ങളിൽ പങ്കുചേർന്ന് ശക്തിപ്പെടുത്തുന്ന ഒരു ദൈവമുണ്ട് എന്ന പ്രതീക്ഷ അവർക്ക് ആശ്വാസമാവണം. നിരാശയുടെ പടുകുഴിലേക്ക് വീണുപോകാതെ, ഏത് പ്രതിസന്ധികൾക്കും പരിഹാരമുണ്ടാക്കാൻ കഴിയുന്ന ദൈവത്തിൽ പൂർണ്ണമായി ആശ്രയിക്കാനും ദൈവമക്കൾക്ക് ചേർന്ന ജീവിതം നയിക്കാനും അവരെ നമുക്കൊരുക്കാം. ആനന്ദത്തിന്റെയും പ്രത്യാശയുടേയും ഈസ്റ്റർ സന്ദേശം മറ്റുള്ളവരിലേക്ക് പകർന്നേകുന്ന പരസ്നേഹത്തിന്റെ പങ്കുവയ്ക്കലിലേക്ക് നമുക്ക് വളരാം. ഉത്ഥിതൻ നമ്മുടെ കുടുംബങ്ങളെ തന്റെ സമാധാനം കൊണ്ട് നിറയ്ക്കട്ടെ.

## I. മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് (എം.പി.സി)

മാർച്ച് 20-22തീയതികളിലായി നടത്തിയ മാര്യേജ് പ്രിപ്പറേഷൻ കോഴ്സിൽ 120 ഓളം പേർ സംബന്ധിച്ചു.

### Time Schedule

- കോഴ്സിന്റെ ഒന്നാംദിവസം രാവിലെ 9 മണിക്ക് രജിസ്ട്രേഷനോടെ ആരംഭിച്ച് മൂന്നാംദിവസം വൈകിട്ട് 4.30 ന് എം.പി.സി. സമാപിക്കുന്നു.
- എം.പി.സി. കോഴ്സ് കൂടാനായി ആഗ്രഹിക്കുന്നവർ **www.familytly.com** എന്ന വെബ് സൈറ്റിൽ രജിസ്റ്റർ ചെയ്യാൻ വികാരിയച്ചന്മാർ ഓർമ്മിപ്പിക്കുമല്ലോ. എം.പി.സിയുടെ ഫീസ് **1600** രൂപയായിരിക്കും. Online

Registration ചെയ്യുമ്പോൾ Reg. Fee 600 രൂപ അടയ്ക്കേണ്ടതാണ്. കോഴ്സിനു വരുമ്പോൾ ബാക്കി 1000 രൂപ കൊണ്ടുവരേണ്ടതാണ്.

- കോഴ്സിൽ പങ്കെടുക്കുന്നവർ അപേക്ഷാഫോം ഡൗൺലോഡ് ചെയ്ത് പ്രിന്റ്ഔട്ട് എടുത്ത് വികാരിയച്ചന്റെ ഒപ്പും സീലും വച്ച് കൊണ്ടുവരേണ്ടതാണ്.
- **2024 ജനുവരി മുതൽ അവസാനദിവസം നടക്കുന്ന മാതാപിതാക്കളുടെ ക്ലാസ്സ് ഉണ്ടായിരിക്കുന്നതാണ്.**
- ഈ വർഷത്തെ എം.പി.സി. കോഴ്സിന്റെ ഷെഡ്യൂൾ താഴെ കൊടുക്കുന്നു.

| **MPC - 2025** | | | |
|---|---|---|---|
| April | 03-05 | (Thusday - Saturday) | Thalassery |
| April | 22-24 | (Tuesday - Thursday) | Padannakkad |
| May | 15-17 | (Thusday - Saturday) | Thalassery |
| June | 12-14 | (Thusday - Saturday) | Thalassery |
| July | 17-19 | (Thusday - Saturday) | Padannakkad |
| August | 21-23 | (Thusday - Saturday) | Thalassery |
| September | 18-20 | (Thusday - Saturday) | Padannakkad |
| October | 16-18 | (Thusday - Saturday) | Thalassery |
| November | 13-15 | (Thusday - Saturday) | Padannakkad |
| December | 18-20 | (Thusday - Saturday) | Thalassery |

## II. മാതൃവേദി

### (a) അതിരൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ്

മാർച്ച് 4, 13 തീയതികളിൽ ഓൺലൈനായി എക്സിക്യൂട്ടീവ് മീറ്റിംങ്ങുകൾ നടത്തി. കഴിഞ്ഞ മാസത്തെ പ്രവർത്തനങ്ങൾ വിലയിരുത്തി. അടുത്ത മാസത്തെ പ്രധാന പ്രവർത്തനങ്ങളെക്കുറിച്ചും മെഗാ മാർഗ്ഗം കളി, സ്പോർട്സ് ഡേ എന്നിവ നടത്തുന്നതിനെക്കുറിച്ചും ചർച്ച ചെയ്തു. മീറ്റിംഗിൽ അതിരൂപതാ ഭാരവാഹികൾ എല്ലാവരും പങ്കെടുത്തു.

### (b) സമ്പൂർണ്ണ മാതൃവേദി പ്രഖ്യാപനം

തലശ്ശേരി അതിരൂപതയിലെ കാഞ്ഞങ്ങാട് മേഖലയിലെ കാഞ്ഞിരടുക്കം യൂണിറ്റിനെ അതിരൂപതാ ഡയറക്ടർ സമ്പൂർണ്ണ മാതൃവേദി യൂണിറ്റായി പ്രഖ്യാപിച്ചു. വി. ബലിയർപ്പിച്ച് സന്ദേശം നല്കി. അമ്മമാർ കാഴ്ചസമർപ്പണവും നടത്തി. ഡയറക്ടർ ഉദ്ഘാടനം ചെയ്ത യോഗത്തിൽ മേഖല ഡയറക്ടർ, മേഖല ആനിമേറ്റർ, രൂപത ആനിമേറ്റർ എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു. കാഞ്ഞിരടുക്കം ഇടവകാംഗവും മാതൃവേദി പ്രസി

ഡന്റുമായ ശ്രീമതി ജെസി കാനാട്ടിനെ സമ്പൂർണ്ണ ബൈബിൾ പകർത്തിയെഴുതിയതിന് മെമന്റോ നല്കി ആദരിച്ചു.

## (c) വനിതാ ദിനം

തലശ്ശേരി അതിരൂപത മാതൃവേദിയുടെ നേതൃത്വത്തിൽ ഈ വർഷത്തെ വനിതാദിനാഘോഷം എല്ലാ മേഖലകളിലും വളരെ വിപുലമായ രീതിയിൽ തന്നെ ആഘോഷിച്ചു. പേരാവൂർ, എടൂർ മേഖലകളിൽ നടന്ന വനിതാദിനാചരണത്തിൽ അതിരൂപതാ ടീമിന്റെ സാന്നിദ്ധ്യം ഉണ്ടായിരുന്നു. രൂപത പ്രസിഡന്റിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കല്ലുമുതിരക്കുന്ന് വികാരി റവ. ഫാ. ജോസ് കക്കാട്ടിൽ വനിതാദിനം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. സമൂഹത്തിൽ വ്യക്തിമുദ്ര പതിപ്പിച്ച വനിതകളെ അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ആദരിക്കുകയും വനിതാദിന സന്ദേശം നല്കുകയും ചെയ്തു. അമ്മമാർക്കായി ഡോ. ദീപ മാത്യു ക്ലാസ് നയിച്ചു. ഇന്നത്തെ സമൂഹത്തിൽ വർദ്ധിച്ചുവരുന്ന ലഹരിവസ്തുക്കളുടെ ഉപയോഗം, കൃത്യസമയത്ത് നടപടികൾ സ്വീകരിക്കാത്ത അധികാരികളുടെ നിസ്സംഗത, ലഹരി ഉപയോഗത്തിലൂടെ കടന്നുവരുന്ന അക്രമവാസന എന്നിവയ്ക്കെതിരെ ശക്തമായ പ്രതിഷേധം പേരാവൂർ മേഖലയിലെ അമ്മമാർ നടത്തി.

എടൂർ മേഖലയിൽ രൂപത പ്രസിഡന്റിന്റെ അധ്യക്ഷതയിൽ വനിതാദിനാചരണം എടൂർ ഫൊറോന വികാരി റവ. ഫാ. തോമസ് വടക്കേമുറി ഉദ്ഘാടനം ചെയ്തു സന്ദേശം നല്കി. സമൂഹത്തിൽ വ്യക്തിമുദ്ര പതിപ്പിച്ച വനിതകളെ അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർ ആദരിക്കുകയും വനിതാദിന സന്ദേശം നല്കുകയും ചെയ്തു. അമ്മമാർക്കായി നിർമ്മലഗിരി കോളേജിലെ പ്രൊഫസർ ശ്രീമതി ദീപ്തി ലിസ്ബർട്ട് ക്ലാസ് നയിച്ചു.

## (d) മേഖലാ സന്ദർശനം

തലശ്ശേരി അതിരൂപത മാതൃവേദി പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി അതിരൂപതാ ടീം പേരാവൂർ, എടൂർ, കുന്നോത്ത്, മണിക്കടവ്, നെല്ലിക്കാംപൊയിൽ ചെമ്പേരി, പൈസക്കരി, എന്നീ മേഖലകളിൽ സന്ദർശനം നടത്തി. അതിരൂപതാ ഡയറക്ടർ, ആനിമേറ്റർ, പ്രസിഡന്റ് മേഖലയുടെ ഉത്തരവാദിത്വം വഹിക്കുന്ന രൂപതാ ഭാരവാഹികൾ എന്നിവർ സന്നിഹിതരായിരുന്നു. മേഖല ഡയറക്ടർ, ആനിമേറ്റർ, മേഖല ഭാരവാഹികൾ, യൂണിറ്റു പ്രതിനിധികൾ എന്നിവർ ഈ മേഖല സന്ദർശനത്തിൽ പങ്കെടുത്തു. മേഖലാ ഭാരവാഹികൾ ഇല്ലാത്ത യൂണിറ്റുകളിൽ നിന്ന് യൂണിറ്റ് പ്രസിഡന്റുമാർ യോഗത്തിൽ പങ്കെടുത്തു. യൂണിറ്റ് മാതൃവേദി പ്രവർത്തനങ്ങളെ വിലയിരുത്തുകയും അവർക്കുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. തുടർന്ന് മേഖലയുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുവാൻ ഉതകുന്ന കാര്യങ്ങൾ ചർച്ച ചെയ്ത് തീരുമാനങ്ങൾ എടുത്തു. എല്ലാ മേഖലകളും നല്ല സഹകരണം കാഴ്ച്ചവെച്ചു.

**(e) മാതൃസംഗമങ്ങൾ**

മാർച്ച് 1, 2, 9, 16 തീയതികളിൽ പനത്തടി, പുല്ലടി, അടോട്ടുകയ, ഏറ്റു പാറ, ഒറ്റത്തൈ എന്നീ ഇടവകകളിൽ മാതൃസംഗമം നടത്തുകയുണ്ടായി. അതിരൂപതാ ഡയറക്ടറച്ചൻ വി. കുർബ്ബാനയർപ്പിച്ച് ക്ലാസ് നല്കി. അമ്മ മാരുടെ കാഴ്ചസമർപ്പണവും അംഗത്വനവീകരണവും നടത്തി. തുടർന്ന് മാതൃസമ്മേളനത്തിൽ വച്ച് മാതൃവേദിയിലെ മുതിർന്ന അമ്മമാരെ ആദരി ക്കുകയും ചെയ്തു.

**(f) ജനറൽ ബോഡി**

പൈസക്കരി മേഖലയുടെ ജനറൽബോഡിയും, വനിതാദിനാചരണവും മാർച്ച് 10ന് വെമ്പുവ പാരിഷ്ഹാളിൽ വച്ച് നടത്തപ്പെട്ടു. പ്രസ്തുത മീറ്റിം ങ്ങിൽ അതിരൂപതാ ഡയറക്ടർ സംബന്ധിക്കുകയും ക്ലാസ് നയിക്കുകയും ചെയ്തു.

**(g) അഭിനന്ദനങ്ങൾ**

കെ.സി.ബി.സി യുടെ ജനപ്രതിനിധി ആദരവിന് അർഹയായ കോള യാട് ഇടവകാംഗവും മാതൃവേദിയുടെ സജീവപ്രവർത്തകയുമായ ശ്രീമതി അന്ന ജോളി വടക്കയിലിന് അതിരൂപതയുടെ അഭിനന്ദനങ്ങൾ.

മാതൃവേദി സംഘടനയെ കൂടുതൽ അടുത്തറിയാനും പ്രവർത്തിക്കാനും വേണ്ടി മാതൃവേദിയുടെ നിയമാവലിയുടെ പരീക്ഷ എല്ലാ ഫൊറോനകളിലും നടത്തപ്പെടുകയുണ്ടായി. എല്ലാ യൂണിറ്റ് മേഖലാ ഭാരവാഹികളും ഈ പരീ ക്ഷയിൽ പങ്കെടുക്കുകയും നല്ല വിജയം കരസ്ഥമാക്കുകയും ചെയ്തു. എല്ലാ വർക്കും പ്രത്യേക അഭിനന്ദനങ്ങൾ.

**(h)** പുകവലി വിരുദ്ധ ദിനത്തിൽ, സമൂഹത്തിൽ പടർന്നുപിടിച്ചുക്കൊണ്ടി രിക്കുന്ന ലഹരിക്കെതിരെ അമ്മമാർക്കുവേണ്ടി ബോധവത്ക്കരണ ക്ലാസു കൾ നടത്തുകയുണ്ടായി. ടാബ്ലോ, മൈം, ഫ്ളാഷ് മോബ്, റാലി തുടങ്ങിയ പ്രോഗ്രാമുകളും അമ്മമാർ അവതരിപ്പിക്കുകയുണ്ടായി. ലഹരി വിരുദ്ധ പ്രതിജ്ഞ ഈ ദിനത്തിന്റെ പ്രാധാന്യത്തെ മുൻനിർത്തി അമ്മമാർ എടുക്കു കയുണ്ടായി.

**(i) സമുദായ ശക്തീകരണ വർഷ ജ്വാല പ്രോഗ്രാം**

സമുദായ ശക്തീകരണ വർഷത്തോടനുബന്ധിച്ച് സമുദായ ശക്തീക രണ ജ്വാല കാസർഗോഡ് മേഖലയുടേത് ബദിയടുക്ക സെന്റ് മേരീസ് ദൈവാ ലയത്തിൽ വച്ചും, തളിപ്പറമ്പ് മേഖലയുടേത് തളിപ്പറമ്പ് സെന്റ് മേരീസ് ദൈവാലയത്തിൽ വച്ചും, പനത്തടി മേഖലയുടേത് പനത്തടി സെന്റ് ജോസഫ് ദൈവാലയത്തിൽ വച്ചും യഥാക്രമം ഫെബ്രുവരി 22, 26, മാർച്ച് 1 തീയതികളിലായി നടത്തപ്പെട്ടു. ജപമാല, പതാക ഉയർത്തൽ എന്നിവയ്ക്കു ശേഷം പ്രാർത്ഥനാ ഗാനത്തോടെ പ്രോഗ്രാം ആരംഭിച്ചു. കാസർഗോഡ് ഫൊറോന വികാരി വെരി. റവ. ഫാ. ജോർജ് വള്ളിമല, തളിപ്പറമ്പ് ഫൊറോന

വികാരി വെരി. റവ. ഫാ. മാത്യു ആശാരിപ്പറമ്പിൽ, പനത്തടി ഫൊറോന വികാരി വെരി. റവ. ഫാ. ജോസഫ് വാരണത്ത് എന്നിവർ ജ്വാല ഉദ്ഘാടനം ചെയ്ത് സന്ദേശം നല്കി. മേഖല ഡയറക്ടർമാർ അനുഗ്രഹപ്രഭാഷണവും ആനിമേറ്റേഴ്സ് ആശംസകളും അർപ്പിച്ചു. "മാർത്തോമ്മാ നസ്രാണി സമുദായത്തിന്റെ ചരിത്രവും ശക്തിയും പ്രസക്തിയും" എന്ന വിഷയത്തെ ആസ്പദമാക്കി അതിരൂപതാ ഡയറക്ടറച്ചൻ ക്ലാസ് എടുത്തു. തുടർന്ന് റമ്പാൻ പാട്ട്, സ്കിറ്റ്, സംഘഗാനം, കോൽക്കളി, പുത്തൻപാനപാരായണം, ഡാൻസ് തുടങ്ങിയ പരിപാടികളും അമ്മമാർ മനോഹരമായി സംഘടിപ്പിച്ചു. ജ്വാല പ്രോഗ്രാമിന് എല്ലാ സ്ഥലങ്ങളിലും പരമ്പരാഗത ക്രിസ്തീയ വേഷമായ ചട്ടയും മുണ്ടും ധരിച്ചുവന്ന അമ്മമാരുടെ സാന്നിധ്യം പ്രത്യേകതയായി. തനത് ക്രിസ്തീയ ഭക്ഷണ വിഭവങ്ങളായ വട്ടയപ്പം, അച്ചപ്പം, കുഴലപ്പം, പിടി, അവലോസുണ്ട എന്നിവ അമ്മമാർ ഉണ്ടാക്കികൊണ്ടുവരികയും എല്ലാവരും പങ്കിട്ട് കഴിക്കുകയും ചെയ്തു. മേഖലാ ഭാരവാഹികളുടേയും, യൂണിറ്റ് ഭാരവാഹികളുടേയും അംഗങ്ങളുടേയും സജീവ സാന്നിദ്ധ്യം പ്രോഗ്രാമിന്റെ വിജയത്തിന് കാരണമായി.

## (j) വിവിധതരം മത്സരങ്ങൾ

### വലന്റൈൻസ് ഡേ കത്തെഴുതൽ മത്സരം

സ്വന്തം ഭർത്താവിന്റെ നന്മകളും അദ്ദേഹം കുടുംബത്തിന് ചെയ്യുന്ന സേവനങ്ങളും വിവരിച്ച് പ്രണയലേഖനമാണ് എഴുതാൻ പറഞ്ഞിരുന്നത്. 225 ഓളം പേർ പങ്കെടുത്തു.

**വിജയികളായവർ**

ഒന്നാം സ്ഥാനം - ചിപ്പി വട്ടപ്പറമ്പിൽ - പൂളക്കുറ്റി യൂണിറ്റ്
രണ്ടാം സ്ഥാനം - മഞ്ജു കൈച്ചിറമറ്റം - ചേപ്പറമ്പ് യൂണിറ്റ്
മൂന്നാം സ്ഥാനം - ബിന്ദ്യ ആപ്പിച്ചേരി - കിളിയന്തറ യൂണിറ്റ്

### കവിതാരചനാ മത്സരം

സമുദായ ശക്തീകരണ വർഷത്തിൽ ഫെബ്രുവരി മാസത്തിൽ അമ്മമാർക്കായി നടത്തിയ കവിതാരചനാമത്സരം "എന്റെ സമുദായം എന്റെ അഭിമാനം" എന്ന വിഷയത്തെ ആസ്പദമാക്കിയായിരുന്നു. 200 ഓളം പേരാണ് അതിരൂപതയിലെ വിവിധ ഇടവകകളിൽ നിന്നും മത്സരത്തിൽ പങ്കുചേർന്ന് മനോഹരമായ കവിതകൾ അയച്ചു തന്നത്.

**വിജയികളായവർ**

ഒന്നാം സ്ഥാനം - ജാൻസി വന്യംപറമ്പിൽ - നിർമ്മലഗിരി യൂണിറ്റ്
രണ്ടാം സ്ഥാനം - നൈസി ചേന്നാട്ടുതാഴെ - ഹൊസങ്കടി യൂണിറ്റ്
മൂന്നാം സ്ഥാനം - ജെസ്സി മൈലാടിയിൽ - ചീക്കാട് യൂണിറ്റ്
മൂന്നാം സ്ഥാനം - അന്നമ്മ സെബാസ്റ്റ്യൻ - കോട്ടൂർ യൂണിറ്റ്

### (k) ഏപ്രിൽ മാസത്തെ മാർഗ്ഗരേഖ

7 - ലോകാരോഗ്യദിനം

8 - **ആലക്കോട് മേഖല വിസിറ്റ് 10 am, വായാട്ടുപറമ്പ് മേഖല വിസിറ്റ് 2 pm**

11 - നാല്പതാം വെള്ളി ആഘോഷമായി കുരിശിന്റെ വഴി നടത്തുക.

13-20 - വിശുദ്ധവാരം (വലിയ ആഴ്ച്ച)

20 - **ഈസ്റ്റർ.**

21 - **പ്രീസ്റ്റ് ഹോമിൽ ഈസ്റ്റർ ആഘോഷം**

24 - വി. ഗീവർഗ്ഗീസ് - ജോർജ് നാമധാരികളെ ആദരിക്കുക. ആശംസകൾ നേരുക.

25 - സകല വിശുദ്ധരുടേയും തിരുനാൾ (സീറോ മലബാർ സഭ)

28 - വി. ജാന്ന ബെറേത്ത, മാതൃവേദിയുടെ സഹമദ്ധ്യസ്ഥയുടെ തിരുനാൾ - സമുചിതമായി ആഘോഷിക്കുക. (അതിരൂപതാതല ആഘോഷം @ ചെമ്പന്തൊട്ടി)

29 - അന്താരാഷ്ട്ര നൃത്തദിനം - ക്രിസ്തീയ ഭക്തിഗാനം ഉപയോഗിച്ചുള്ള മനോഹരമായ സംഘനൃത്തത്തിന്റെ വീഡിയോ രാത്രി 12.00 മണിക്ക് മുമ്പായി 9400206974 എന്ന നമ്പറിലേക്ക് അയയ്ക്കുക. ടീമിൽ 5 പേരിൽ കുറയരുത്.

### പ്രത്യേകപ്രവർത്തനങ്ങൾ

1. ക്രിസ്തീയ സമുദായം കേരളസമൂഹത്തിന് നല്കിയ സംഭാവനകൾ വ്യക്തമാക്കുന്ന വീഡിയോ നിർമ്മാണ മത്സരം. വിവിധ സംഭാവനകൾ വിവരിക്കുന്ന ചിത്രങ്ങൾ, സ്ലൈഡുകൾ എന്നിങ്ങനെയുള്ളവ ഉപയോഗിച്ച് മനോഹരമായ കമന്ററിയോടുകൂടി 5 മിനിറ്റിൽ കൂടാത്ത വീഡിയോ തയ്യാറാക്കി 9400206974 എന്ന നമ്പറിലേക്ക് ഏപ്രിൽ 30ന് രാത്രി 12.00 മണിക്ക് മുമ്പായി അയയ്ക്കുക. എഡിറ്റിങ്ങ് ആവാം.
2. 8,9,10 ക്ലാസ്സുകളിലെ കുട്ടികൾക്കായി സമുദായ ബോധം വളർത്തുന്നതിനായി ജീവിതദർശന വ്യക്തിത്വ വികസന ക്യാമ്പുകൾ (കോ-ഓപ്പറേറ്റീവ് എഡ്യുക്കേഷണൽ ഏജൻസിയുമായി സഹകരിച്ച്) സംഘടിപ്പിക്കുക.
3. 25/50 വർഷം വിവാഹജീവിതത്തിൽ പൂർത്തീകരിക്കുന്നവർക്ക് ഉചിതമായ ആദരം നൽകുക.
4. മേഖലതലത്തിൽ എല്ലാ യൂണിറ്റുകളിലെയും പ്രതിനിധികളെ ഉൾപ്പെടുത്തി കേരളത്തിലെ വിശുദ്ധരുടെ കബറിടങ്ങളിലേക്കും പ്രധാന ദൈവാലയങ്ങളിലേക്കും തീർത്ഥയാത്രകൾ നടത്തുക. ഇതിനായി അതിരൂപതാ പിൽഗ്രിം മിനിസ്ട്രി സഹായിക്കുന്നതാണ്.
   Contact No: 7306266198

**III. സീറോമലബാർ മാട്രിമോണി:** സീറോമലബാർ സഭയിലെ എല്ലാ രൂപതകളുമായി ലിങ്ക് ചെയ്തു കൊണ്ട് പ്രവർത്തിക്കുന്ന മാട്രിമോണിയിൽ രജിസ്റ്റർ ചെയ്യാൻ syromalabarmatrimony.org എന്ന വെബ്സൈറ്റിൽ രജി

സ്റ്റർ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഓഫീസുമായി ബന്ധപ്പെടുക. Phone : 9400206974, 8078122191

## IV. പ്രശാന്തി കൗൺസിലിംഗ് സെന്റർ

അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ കുടുംബബന്ധങ്ങളുടെ ശക്തീകരണം ഉദ്ദേശിച്ച് ഒരു കൗൺസിലിംഗ് സെന്റർ പ്രവർത്തിക്കുന്നു. വ്യക്തികൾക്കും കുടുംബങ്ങൾക്കും കൗൺസിലിംഗിനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്. ഇടവകകളിൽ ഏതെങ്കിലും തരത്തിൽ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന കുടുംബങ്ങൾ ഉണ്ടെങ്കിൽ ഈ സൗകര്യം ഉപയോഗപ്പെടുത്താവുന്നതാണ് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.
Phone : 9400206974, 8078122191

## V. അമല പ്രോലൈഫ്

തലശ്ശേരി അതിരൂപത സമുദായ ശക്തീകരണ വർഷമായി ആചരിക്കുമ്പോൾ പ്രോലൈഫ് ദിനാചരണത്തിന് വലിയ പ്രസക്തി ഉണ്ട്. പ്രോലൈഫ് ദിനം ഭംഗിയായി ആചരിക്കുന്നതിനും ഭാവി പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനുമായി മാർച്ച് 4ന് ഒരു ഓൺലൈൻ മീറ്റിംഗ് കൂടുകയുണ്ടായി. 15 ഓളം പേർ ഇതിൽ സംബന്ധിച്ചു. എടുത്ത തീരുമാനങ്ങൾ

1. മാർച്ച് 25 പ്രോലൈഫ് ദിനാചരണം ആഘോഷമായി നടത്താൻ തീരുമാനിച്ചു. അന്നു തന്നെ പ്രോലൈഫ് ഭരണസമിതിയുടെ ഇലക്ഷൻ നടത്താനും തീരുമാനിച്ചു.
2. കെ.സി.ബി.സി പ്രോലൈഫ് സമിതിയുടെ ഫാമിലി ധ്യാനം മഴക്കാലത്തോട് അടുത്തുള്ള സമയം നടത്താൻ തീരുമാനിച്ചു.
3. മാർച്ച് 25 ന്റെ പ്രോഗ്രാം കോർഡിനേറ്റ് ചെയ്യാൻ സി. സ്റ്റെല്ല, ലോറൻസ് സാർ എന്നിവരെ ഏൽപ്പിച്ചു.
4. 2025 ലെ ആദ്യത്തെ ജീവാഗ്നി ധ്യാനം ഏപ്രിൽ 1 മുതൽ 4 വരെ തീയതികളിൽ നടത്താൻ തീരുമാനിച്ചു.
5. പ്രതിമാസ മീറ്റിംഗ് മുടക്കം കൂടാതെ നടത്തുന്നതിന് പ്രസിഡന്റിനെ ഉത്തരവാദിത്വം ഏൽപ്പിച്ചു.
6. 2026-ലെ പ്രോലൈഫ് ദിനാചരണം തലശ്ശേരിയിൽ വച്ച് നടത്താൻ തീരുമാനിച്ചു. അതിന് 2025ൽ മാർച്ച് 26ന് പാലയിൽ വച്ച് നടക്കുന്ന പ്രോഗ്രാമിൽ സണ്ണിച്ചേട്ടനും ടോമിച്ചേട്ടനും പങ്കെടുത്ത് പതാക ഏറ്റുവാങ്ങാൻ തീരുമാനിച്ചു.
7. വലിയ കുടുംബങ്ങളുടെ റീജണൽ സംഗമം 2010 മുതൽ ഉള്ള വലിയ കുടുംബങ്ങളെ ഉൾപ്പെടുത്തി ചെയ്യാൻ തീരുമാനിച്ചു.
8. നമ്മൾ ആരംഭിച്ചിരിക്കുന്ന പുതിയ പദ്ധതികൾക്ക് എല്ലാവരുടേയും സഹകരണം അഭ്യാർത്ഥിച്ചുകൊണ്ട് ഏവർക്കും നന്ദി പറഞ്ഞ് മീറ്റിംങ്ങ് അവസാനിപ്പിച്ചു.
9. ആലക്കോട് ഇടവകയിലെ പള്ളിക്കുന്നേൽ ടുട്ടു-പ്രിയങ്ക ദമ്പതികളുടെ

നാലാമത്തെ കുഞ്ഞിനും, നീലേശ്വരം ഇടവകയിലെ കണ്ണംപാലക്കീൽ ബാബു-ടെസ്നി ദമ്പതികളുടെ നാലാമത്തെ കുഞ്ഞിനും, ചായോത്ത് ഇട വകയിലെ വടക്കേതൊട്ടിയിൽ സ്മിജോഷ് - പ്രഭ ദമ്പതികളുടെ നാലാമത്തെ കുഞ്ഞിനും, പരിയാരം ഇടവകയിലെ കുരുവിനാൽപകുതിയിൽ ഷിജോ - അനിത ദമ്പതികളുടെ നാലാമത്തെ കുഞ്ഞിനും, അൽഫോൻസഗിരി ഇടവ കയിലെ ലിൻസ് - അലീന ദമ്പതികളുടെ നാലാമത്തെ കുഞ്ഞിനും, മേരി ഗിരി ഇടവകയിലെ ലിജോ - ദിവ്യ ദമ്പതികളുടെ നാലാമത്തെ കുഞ്ഞിനും കോടോപ്പള്ളി ഇടവകയിലെ കിഴക്കേകുറ്റ് ഷിജു - അനു ദമ്പതികളുടെ നാലാ മത്തെ കുഞ്ഞിനും, കോട്ടൂർ ഇടവകയിലെ രാജാക്കാട്ടിൽ ജിജോ ജോബ് - ചഞ്ചൽ ദമ്പതികളുടെ ആറാമത്തെ കുഞ്ഞിനും കോടോപ്പള്ളി ഇടവക യിലെ പാലൂർ ആന്റണി - ലിറ്റി ദമ്പതികളുടെ നാലാമത്തെ കുഞ്ഞിനും അതിരൂപതാ അമല പ്രോലൈഫിന്റെ സമ്മാനങ്ങൾ പ്രോലൈഫ് ടീം അംഗ ങ്ങൾ വിതരണം ചെയ്തു. കുടുംബാംഗങ്ങളെ സന്ദർശിക്കുകയും അവരോ ടൊപ്പം സമയം ചിലവഴിക്കുകയും അവർക്ക് അഭിനന്ദനങ്ങൾ നേരുകയും അതിരൂപതയുടെ ആശംസകൾ അറിയിക്കുകയും ചെയ്തു.

10. ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ഒരു കുടുംബത്തിന് സാമ്പത്തികസഹാ യമായി 5000/ രൂപ നൽകി സഹായിച്ചു.
11. സമുദായശക്തീകരണ വർഷത്തോടനുബന്ധിച്ച് ആരംഭിച്ചിരിക്കുന്ന കരു തൽ പദ്ധതിയിൽ പറമ്പ, അട്ടേങ്ങാനം, മാനടുക്കം, കോട്ടൂർ, പേരട്ട, ആര്യ പ്പറമ്പ്, രണ്ടാംകടവ്, തളിപ്പറമ്പ്, ചീമേനി, പുളിങ്ങോം, മാലോം, ഒറ്റത്തൈ, ശാന്തിനഗർ, മണ്ടളം, നീലേശ്വരം, ചുള്ളി, എന്നീ ഇടവകകളിൽ നിന്നു മുള്ള 21 കുടുംബങ്ങൾക്ക് ജനുവരി മുതൽ 1000 രൂപ അലവൻസ് നല്കി വരുന്നു.
12. പ്രോലൈഫ് കോർ ടീം അംഗങ്ങൾ തളിപ്പറമ്പ് സെന്റ് മേരീസ് ദൈവാ ലയത്തിൽ ഒരുമിച്ച് കൂടി മദ്ധ്യസ്ഥ പ്രാർത്ഥന നടത്തി.

**VII. സഖറിയാസ് കൺവെൻഷൻ:** എറണാകുളം അങ്കമാലി അതിരൂപത യിലെ മുരിങ്ങൂർ ഇടവകയിൽ സഖറിയാസ് ടീമിന്റെ നേതൃത്വത്തിൽ സഖ റിയാസ് കൺവെൻഷൻ നടത്തി. ഡയറക്ടർ ക്ലാസ്സുകൾക്ക് നേതൃത്വം നല്കി. 400 ഓളം പേർ ഈ കൺവെൻഷനിൽ പങ്കെടുത്തു.

## VIII. പ്രോലൈഫ് മാര്യേജ് ബ്യൂറോ

മലബാർ മേഖല പ്രോലൈഫ് സമിതി നടത്തുന്ന ബ്യൂറോ പെൺകുട്ടി കൾക്ക് സൗജന്യ രജിസ്ട്രേഷൻ, ആൺകുട്ടികൾക്ക് രജി.ഫീ 500 രൂപ നാല് മാസത്തേക്ക്. **Web Site: www.prolifemarry.com**

**IX. ഫാമിലി അപ്പൊസ്റ്റോലേറ്റിന്റെ Mail ID: familytly92@gmail.com**
**Web Site: www.familytly.com**

**റവ. ഫാ. ജോർജ് കോവാട്ട്**
*ഡയറക്ടർ*

# എജ്യൂക്കേഷണൽ അപ്പൊസ്റ്റോലേറ്റ്

## യാത്രയയപ്പ് സമ്മേളനവും അവാർഡ് ദാനവും

തലശ്ശേരി അതിരൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിൽ നിന്ന് വിരമിക്കുന്ന അധ്യാപകരുടെ യാത്രയയപ്പ് സമ്മേളനം 26/02/2025 ബുധനാഴ്ച തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോന ചർച്ച് ഓഡിറ്റോറിയത്തിൽ വച്ച് സംഘടിപ്പിച്ചു. ഈ സമ്മേളനത്തിൽ അതിരൂപത വികാരി ജനറാൾ ഫാ. സെബാസ്റ്റ്യൻ പാലാക്കുഴി അധ്യക്ഷനായിരുന്നു. അധ്യാപനം എന്നത് വലിയ സത്കർമ്മമാണെന്നും ജനമനസ്സുകളിൽ ഇടം തേടിയ മറ്റൊരു ഉദ്യോഗസ്ഥരും ഇല്ലായെന്നും തലമുറകളെ രൂപപ്പെടുത്തുന്നത് വിദ്യാലയങ്ങൾ ആണെന്നും അദ്ദേഹം ഓർമ്മപ്പെടുത്തി. ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി സമ്മേളനം ഉദ്ഘാടനം ചെയ്തു. വിദ്യാഭ്യാസമെന്നത് ജീവിതം മുഴുവൻ നീണ്ടുനിൽക്കുന്ന പ്രക്രിയയാണെന്നും ഇതിൽ അധ്യാപകരുടെ പങ്ക് വലുതാണെന്നും മഹത്തായ ഈ കർമ്മത്തിൽ ജീവിതം സമർപ്പിച്ച ശിഷ്യഗണത്തിനും താങ്ങും തണലുമായ നിങ്ങൾ ഈ കാലഘട്ടത്തിലെ പൊതു സമൂഹത്തിനും താങ്ങും തണലുമാകാൻ കഴിയട്ടെയെന്നും പിതാവ് ആശംസിച്ചു.

തളിപ്പറമ്പ ജില്ല വിദ്യാഭ്യാസ ഓഫീസർ ഇൻചാർജ് ശ്രീ. മനോജ് കെ. സമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തി. തലശ്ശേരി കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയിലെ സ്കൂളുകളെല്ലാം മികച്ച നിലവാരം പുലർത്തുന്നവയാണെന്ന് അധ്യാപകർ സമർപ്പണത്തോടെ പ്രവർത്തിക്കുന്നവരാണെന്നും കൂടുതൽ മികവുകളിലേക്ക് വിദ്യാർത്ഥികളെ എത്തിക്കാൻ അധ്യാപകർക്ക് കഴിയട്ടെയെന്നും റിട്ടയർമെന്റ് കാലഘട്ടം സമൂഹത്തിൽ കൂടുതൽ ഉപകാരപ്രദമായ രീതിയിൽ ചിലവഴിക്കാൻ സാധിക്കട്ടെയെന്നും അദ്ദേഹം ആശംസിച്ചു.

കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിൽ നിന്ന് മഹനീയ സേവനം കാഴ്ച വെച്ച് സർവ്വീസിൽ നിന്നും വിരമിക്കുന്ന അധ്യാപകർക്കുള്ള ആദരവും മികച്ച അധ്യാപകർക്കുള്ള അവാർഡും, മികച്ച സ്കൂളുകൾക്കും മികച്ച പിടിഎയ്ക്കുള്ള അവാർഡുകളും നൽകുകയുണ്ടായി.

കോർപ്പറേറ്റ് മാനേജർ റവ. ഫാ. മാത്യു ശാസ്താംപടവിൽ, റവ. ഫാ. മാത്യു ആശാരി പറമ്പിൽ (വികാരി. സെന്റ് മേരീസ് ഫൊറോന ചർച്ച് തളിപ്പ റമ്പ) വിരമിക്കുന്ന അധ്യാപകരുടെ പ്രതിനിധിയായി സി. ലിനറ്റ് കെ.എം. (ഹെഡ്മിസ്ട്രസ്സ്, തോമാപുരം എച്ച്എസ്), വിരമിക്കുന്ന അധ്യാപകരുടെ പ്രതി നിധിയായി ശ്രീ. മാത്യു ജോസഫ് (ഹെഡ്മാസ്റ്റർ, സെന്റ് ജോസഫ്സ് യുപി സ്കൂൾ കുന്നോത്ത്, കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് തലശ്ശേരി അതിരൂപത പ്രസിഡണ്ട് ശ്രീ. ജിനിൽ മർക്കോസ് എന്നിവർ ചടങ്ങിൽ സംസാരിച്ചു.

## സന്മാർഗശാസ്ത്ര സ്കോളർഷിപ്പ് പരീക്ഷ വിജയികൾ

### ക്ലാസ് - I

ഒന്നാം സ്ഥാനം - അനുഷ പ്രദീപ് (തോമാപുരം എൽ.പി)
രണ്ടാം സ്ഥാനം - അഡോൺ ജോ അഗസ്റ്റിൻ (കുടിയാന്മല യുപി)
രണ്ടാം സ്ഥാനം - അഹാൻ കൃഷ്ണ പി എസ് (കുന്നോത്ത് യുപി)
രണ്ടാം സ്ഥാനം - മുഹമ്മദ് സ്വാലിഹ് പിസി (അടിച്ചൂവാരി എൽപി)
രണ്ടാം സ്ഥാനം - ശിവതേജ് യു (മേരിപുരം എൽപി)
രണ്ടാം സ്ഥാനം - ഐറിൻ അന്ന സന്തോഷ് (തോമാപുരം എൽ പി)
രണ്ടാം സ്ഥാനം - ഇവ മരിയ ജോസഫ് (പാലാവയൽ എൽപി)
രണ്ടാം സ്ഥാനം - ഹെയ്സൽ റോസ് ബോണി (മണിക്കടവ് യുപി)
രണ്ടാം സ്ഥാനം - മിയ മഹേഷ് (അറബി യുപി)
മൂന്നാം സ്ഥാനം - അമയ ബിജു (പുലിക്കുരുമ്പ യുപി)
മൂന്നാം സ്ഥാനം - അഭിനന്ദ് എം വി (പുലിക്കുരുമ്പ യുപി)
മൂന്നാം സ്ഥാനം - എസ്തേർ ജോസഫ് (കരിക്കോട്ടക്കരി യുപി)
മൂന്നാം സ്ഥാനം - ജ്വൽ മേരി ലിജോ (വെള്ളരിക്കുണ്ട് എൽപി)
മൂന്നാം സ്ഥാനം - മിഖേല ആൻ ബിജു (അറബി യുപി)

### ക്ലാസ് - II

ഒന്നാം സ്ഥാനം - ജൂലിയൻ (ചെമ്പേരി യുപി)
ഒന്നാം സ്ഥാനം - ജുവാന ട്രീസ ജെയ്മോൻ (പൈസക്കരി യുപി)
ഒന്നാം സ്ഥാനം - കാതറിൻ തെരേസ ജിജോ (ചെമ്പേരി യുപി)
ഒന്നാം സ്ഥാനം - ഷെരോണ സിജു (പുലിക്കുരുമ്പ യുപി)
ഒന്നാം സ്ഥാനം - ടെസ്സ മരിയ വിനീഷ് (വിളക്കന്നൂർ എൽപി)
ഒന്നാം സ്ഥാനം - അലോക് അനീഷ് (കുന്നോത്ത് യുപി)
ഒന്നാം സ്ഥാനം - ആൻ ജോസഫ് (അങ്ങാടിക്കടവ് യുപി)
ഒന്നാം സ്ഥാനം - ശിവദേവ് പികെ (മഞ്ഞളാംപുറം യുപി)
ഒന്നാം സ്ഥാനം - ആൻജിയ സിജോ (തോമാപുരം എൽപി)
ഒന്നാം സ്ഥാനം - ആഗ്നസ് മരിയ മാക്സിൻ (തോമാപുരം എൽപി)
ഒന്നാം സ്ഥാനം - അനയ പ്രീയേഷ് (വെള്ളരിക്കുണ്ട് എൽപി)
ഒന്നാം സ്ഥാനം - അമൃത് സൂര്യ ജയൻ (വെള്ളരിക്കുണ്ട് എൽപി)
ഒന്നാം സ്ഥാനം - ജിയന്ന റോസ് ജിബി (പാലാവയൽ എൽപി)

ഒന്നാം സ്ഥാനം - വേദ എസ് നമ്പ്യാർ (വയത്തൂർ യുപി)
രണ്ടാം സ്ഥാനം - നെസ്സ തെരേസ റെന്നി (നെല്ലിക്കുറ്റി യുപി)
രണ്ടാം സ്ഥാനം - അർച്ചന അനിൽ (ചനന്ദനക്കാംപാറ എൽപി)
രണ്ടാം സ്ഥാനം - ഇവാന മേരി ജിംസൺ (അങ്ങാടിക്കടവ് യുപി)
രണ്ടാം സ്ഥാനം - റിസ ഫാത്തിമ (വയത്തൂർ യുപി)
രണ്ടാം സ്ഥാനം - ഐറിൻ ആൻ അബ്രഹാം (അറബി യുപി)
മൂന്നാം സ്ഥാനം - ജോബ് ജോബിഷ് (രത്നഗിരി എൽപി)
മൂന്നാം സ്ഥാനം - അലൈന മരിയ ജോയ് (ചരൾ എൽ പി)
മൂന്നാം സ്ഥാനം - ജോന്ന സെബാസ്റ്റ്യൻ (ചരൾ എൽ പി)
മൂന്നാം സ്ഥാനം - റോയിസ് ജോസഫ് (കാപ്പാട് യുപി)

**ക്ലാസ് - III**

ഒന്നാം സ്ഥാനം - ശ്രീമയി ഹരിഹരൻ (തോമാപുരം എൽപി)
രണ്ടാം സ്ഥാനം - ടെസ്സ മരിയ ജിയോസ് (വെള്ളരിക്കുണ്ട് എൽപി)
മൂന്നാം സ്ഥാനം - അനോലിക് പി തോമസ് (അറബി യുപി)

**ക്ലാസ് - IV**

ഒന്നാം സ്ഥാനം - അദ്രിദേവ് എം കെ (വെള്ളരിക്കുണ്ട് എൽപി)
ഒന്നാം സ്ഥാനം - ജോയൽ സനീഷ് (തോമാപുരം എൽപി)
രണ്ടാം സ്ഥാനം - എയിഡൻ ജോസ് ലാലു (കോഴിച്ചാൽ എൽപി)
മൂന്നാം സ്ഥാനം - ദേവനന്ദ പി ആർ (വയത്തൂർ യു.പി)

**ക്ലാസ് - V**

ഒന്നാം സ്ഥാനം - ആൻ മരിയ മാത്യു (പാലാവയൽ എച്ച് എസ്)
ഒന്നാം സ്ഥാനം - ദേവശ്രീ അനിൽ (ചെമ്പന്തൊട്ടി യുപി)
രണ്ടാം സ്ഥാനം - നിഹ മെറിൻ സോണി (പാലാവയൽ എച്ച് എസ്)
മൂന്നാം സ്ഥാനം - ജാനറ്റ് സിജു (എടൂർ എച്ച്.എസ്)

**ക്ലാസ് - VI**

ഒന്നാം സ്ഥാനം - നേഹ എലിസബത്ത് ഷിജു (കരുള്ളടുക്കം യുപി)
രണ്ടാം സ്ഥാനം - എയ്ഞ്ചൽ മരിയ (കരുള്ളടുക്കം യുപി)
മൂന്നാം സ്ഥാനം - ദിയ എം.ജി (മണിക്കടവ് യുപി)
മൂന്നാം സ്ഥാനം - സമന്വയ പിപി (ചെമ്പേരി യുപി)

**ക്ലാസ് - VII**

ഒന്നാം സ്ഥാനം - എയ്ഞ്ചൽ റോസ് (കരുള്ളടുക്കം യുപി)
രണ്ടാം സ്ഥാനം - അൽഫിയ ആൻ ബൈജു (കുടിയാന്മല യുപി)
മൂന്നാം സ്ഥാനം - ഡിറ്റി റിജോ (പാലാവയൽ എച്ച്എസ്)

**ക്ലാസ് - VIII**

ഒന്നാം സ്ഥാനം - റാണിയ പി (കിളിയന്തറ എച്ച്എസ്)
രണ്ടാം സ്ഥാനം - നിവേദ്യ ബിജു (കിളിയന്തറ എച്ച് എസ്)
മൂന്നാം സ്ഥാനം - അഗത മേരി ജോൺ (മണിക്കടവ് എച്ച്എസ്)

**ക്ലാസ് - IX**
ഒന്നാം സ്ഥാനം - ദേവനന്ദ എം പി (പെരുമ്പടവ് എച്ച്എസ്)
രണ്ടാം സ്ഥാനം - അന്ന ബോബി (വായാട്ടുപറമ്പ എച്ച് എസ്)
മൂന്നാം സ്ഥാനം - അൽന റോസ് തോമസ് (കൊളക്കാട് എച്ച്എസ്)

**ക്ലാസ് - X**
ഒന്നാം സ്ഥാനം - മരിയ ടോം (എടൂർ എച്ച്എസ്)
രണ്ടാം സ്ഥാനം - അനൈഡ സജി (ചെറുപുഴ എച്ച് എസ്)
മൂന്നാം സ്ഥാനം - ആൻ മരിയ ജിമ്മി (കരിക്കോട്ടക്കരി എച്ച്എസ്)

**ക്ലാസ് - XI**
ഒന്നാം സ്ഥാനം - ദേവനന്ദ കെ എസ് (എടൂർ എച്ച്എസ്എസ്)
രണ്ടാം സ്ഥാനം - നേഹ എലിസബത്ത് സെബാസ്റ്റ്യൻ (തോമാപുരം എച്ച് എസ്എസ്)
മൂന്നാം സ്ഥാനം - വൈഗ ആർ നാഥ് (വെള്ളരിക്കുണ്ട് എച്ച്എസ്എസ്)

**ക്ലാസ് - XII**
ഒന്നാം സ്ഥാനം - മരിയ ആന്റണി (കൊളക്കാട് എച്ച്എസ്എസ്)
രണ്ടാം സ്ഥാനം - ക്രിസ്റ്റാൽവിയ ജോൺസൺ (വെളിമാനം എച്ച്എസ്എസ്)
മൂന്നാം സ്ഥാനം - ഷാരോൺ മരിയ (പേരാവൂർ എച്ച്എസ് എസ്)

## മതബോധനം സ്കോളർഷിപ്പ് പരീക്ഷ വിജയികൾ

**ക്ലാസ് - I**
ഒന്നാം സ്ഥാനം - ഐെജിൻ ജോർജ്ജ് (തൊണ്ടിയിൽ യുപി)
ഒന്നാം സ്ഥാനം - ആന്റണി സന്തോഷ് (ജോസ്ഗിരി യുപി)
രണ്ടാം സ്ഥാനം - ജൊഹാൻ ജെസ്റ്റിൻ (എടക്കോം എൽപി)
രണ്ടാം സ്ഥാനം - എയ്ഡൻ ഡൊമിനിക് (കുന്നോത്ത് യുപി)
രണ്ടാം സ്ഥാനം - സിയ ദിബീഷ് (കോഴിച്ചാൽ എൽപി)
മൂന്നാം സ്ഥാനം - അഡോൺ ജോ അഗസ്റ്റിൻ (കുടിയാന്മല യുപി)
മൂന്നാം സ്ഥാനം - ജോഷ്വ ഷിജോ (അടിച്ചുവാരി എൽപി)

**ക്ലാസ് - II**
ഒന്നാം സ്ഥാനം - ഇവാന മരിയ (പൈസക്കരി യുപി)
ഒന്നാം സ്ഥാനം - ആൻറോസ് പി.എം (ഉദയഗിരി യുപി)
ഒന്നാം സ്ഥാനം - ലിയോൺ അഗസ്റ്റിൻ (അങ്ങാടിക്കടവ് യുപി)
ഒന്നാം സ്ഥാനം - ആൻ മരിയ ഷിനോജ് (ചരൾ എൽപി)
ഒന്നാം സ്ഥാനം - ആൽഗ്രിറ്റ് മരിയ അനീഷ് (എടൂർ എൽപി)
ഒന്നാം സ്ഥാനം - മരിയ എലിസബത്ത് (വെള്ളരിക്കുണ്ട് എൽപി)
രണ്ടാം സ്ഥാനം - അന്ന സിബി ജോർജ്ജ് (നെല്ലിക്കുറ്റി യുപി)
രണ്ടാം സ്ഥാനം - ജോൺ ബിജു (രണ്ടാംകടവ് എൽപി)
രണ്ടാം സ്ഥാനം - ആൻവിയോ സിജോ (വെള്ളരിക്കുണ്ട് എൽ പി)
രണ്ടാം സ്ഥാനം - സ്റ്റെഫാനി റോബിൻ (വയത്തൂർ യുപി)

മൂന്നാം സ്ഥാനം - ഇവ മരിയ ബിനു (കുടിയാന്മല യുപി)
മൂന്നാം സ്ഥാനം - ഇസ നിക്സൺ (അങ്ങാടിക്കടവ് യുപി)
മൂന്നാം സ്ഥാനം - ലയ ട്രീസ ജാൻസൺ (എടൂർ എൽപി)
മൂന്നാം സ്ഥാനം - അഭയ് വി ജ്യോതിഷ് (മഞ്ഞളാംപുറം യുപി)
മൂന്നാം സ്ഥാനം - എൽവിൻ ജിയോ അനീഷ് (തോമാപുരം എൽപി)
മൂന്നാം സ്ഥാനം - ജൂഡിത്ത് എൽസ ജോഷി (തോമാപുരം എൽപി)
മൂന്നാം സ്ഥാനം - ജോർജ്ജീന ഷിന്റോ (പാലാവയൽ എൽപി)
മൂന്നാം സ്ഥാനം - അമേരിയ ജോമി (മണിക്കടവ് യപി)

**ക്ലാസ് - III**

ഒന്നാം സ്ഥാനം - ജൊവാന മരിയ ജിസ് (വെള്ളരിക്കുണ്ട് എൽപി)
രണ്ടാം സ്ഥാനം - ഡിയോൺ ജോസ് ഷിജു (വെള്ളരിക്കുണ്ട് എൽപി)
മൂന്നാം സ്ഥാനം - ഐറിൻ ആൻ ജിജോ (എടൂർ എൽപി)

**ക്ലാസ് - IV**

ഒന്നാം സ്ഥാനം - എയ്ഡൻ ജോസ് ലാലു (കോഴിച്ചാൽ എൽപി)
ഒന്നാം സ്ഥാനം - അഡോണ മരിയ ജോൺസൺ (വയത്തൂർ യുപി)
രണ്ടാം സ്ഥാനം - കാതറിൻ വർഗ്ഗീസ് (വീർപാട് യുപി)
മൂന്നാം സ്ഥാനം - ജുവാന ജേക്കബ് (പൈസക്കരി യുപി)

**ക്ലാസ് - V**

ഒന്നാം സ്ഥാനം - സെറ ട്രീസ സന്തോഷ് (തോമാപുരം എച്ച് എസ്)
രണ്ടാം സ്ഥാനം - ഷാരോൺ ഷാജു (മണിക്കടവ് യുപി)
രണ്ടാം സ്ഥാനം - ക്രിസ് മരിയ സിബി (വയത്തൂർ യുപി)
മൂന്നാം സ്ഥാനം - ഹന്ന മനില സരുൺ (മാട്ടറ യുപി)
മൂന്നാം സ്ഥാനം - അന്ന സെലിൻ ജിജേഷ് (പുലിക്കുരുമ്പ യുപി)

**ക്ലാസ് - VI**

ഒന്നാം സ്ഥാനം - അൽന സന്തോഷ് (ചെമ്പേരി യുപി)
രണ്ടാം സ്ഥാനം - അലക്സാണ്ടർ സന്തോഷ് (എടൂർ എച്ച് എസ്)
രണ്ടാം സ്ഥാനം - ക്രിസ്റ്റോ ജിമ്മി (മഞ്ഞളാംപുറം യുപി)
മൂന്നാം സ്ഥാനം - അൽഫോൻസ എ ജെ (കരുള്ളടുക്കും യുപി)
മൂന്നാം സ്ഥാനം - ഇവാനിയ മരിയ രാജേഷ് (തൊണ്ടിയിൽ യുപി)

**ക്ലാസ് - VII**

ഒന്നാം സ്ഥാനം - കെവിൻ ബിനോയ് (എടൂർ എച്ച്എസ്)
ഒന്നാം സ്ഥാനം - മരിയ മാത്യു (വയത്തൂർ യുപി)
രണ്ടാം സ്ഥാനം - എയ്ഞ്ചലറ്റ് ലൗസൺ (മണിക്കടവ് യുപി)
മൂന്നാം സ്ഥാനം - ആൻ മരിയ ബെന്നി (കുടിയാന്മല യുപി)

**ക്ലാസ് - VIII**

ഒന്നാം സ്ഥാനം - മരിയ സി എസ് (കൊളക്കാട് എച്ച്എസ്)

രണ്ടാം സ്ഥാനം - അർലിൻ അന്ന ഷിബു (മണിക്കടവ് എച്ച്എസ്)
മൂന്നാം സ്ഥാനം - എയ്ഞ്ചൽ മരിയ ബോബൻ (മണിക്കടവ് എച്ച്എസ്)

**ക്ലാസ് - IX**

ഒന്നാം സ്ഥാനം - ക്രിസ്റ്റീന ഷാജു (മണിക്കടവ് എച്ച്എസ്)
രണ്ടാം സ്ഥാനം - റോസ് ജോസ് (തോമാപുരം എച്ച്എസ്)
മൂന്നാം സ്ഥാനം - അഞ്ജലി അൽഫോൻസ (തോമാപുരം എച്ച്എസ്)
മൂന്നാം സ്ഥാനം - അൽഫോൻസ ആൻ (കിളിയന്തറ എച്ച്എസ്)

**ക്ലാസ് - X**

ഒന്നാം സ്ഥാനം - അമല ബ്രിജിത്ത് ജോയ് (തോമാപുരം എച്ച്എസ്)
രണ്ടാം സ്ഥാനം - അന്ന മാത്യു (ചെറുപുഴ എച്ച്എസ്)
മൂന്നാം സ്ഥാനം - ഇമ മരിയ റോസ് (മണിക്കടവ് എച്ച്എസ്)

## അക്കാദമിക് സ്കോളർഷിപ്പ് പരീക്ഷ വിജയികൾ

**ക്ലാസ് - I**

ഒന്നാം സ്ഥാനം - യശസ്സ് പി അരുൺ (പൈസക്കരി യുപി)
രണ്ടാം സ്ഥാനം - ജ്വൽ മേരി ജിജോ (വെള്ളരിക്കുണ്ട് എൽപി)
രണ്ടാം സ്ഥാനം - മുഹമ്മദ് സ്വാലിഹ് (അടിച്ചുവാരി എൽപി)
മൂന്നാം സ്ഥാനം - ജുവാന മരിയ റിന്റോ (ചെമ്പേരി യുപി)

**ക്ലാസ് - II**

ഒന്നാം സ്ഥാനം - ഇവാന മരിയ (പൈസക്കരി യുപി)
രണ്ടാം സ്ഥാനം - അയൻ ജോർജ്ജ് ജസ്റ്റിൻ (വെള്ളരിക്കുണ്ട് എൽപി)
മൂന്നാം സ്ഥാനം - നൈനിക പ്രകാശ് (തോമാപുരം എൽപി)
മൂന്നാം സ്ഥാനം - എയ്ഞ്ചൽ മരിയ അനിൽ (തോമാപുരം എൽപി)

**ക്ലാസ് - III**

ഒന്നാം സ്ഥാനം - ബ്ലെസ്സിൻ ബേബി (തോമാപുരം എൽപി)
രണ്ടാം സ്ഥാനം - ശ്രീമയി ഹരിഹരൻ (തോമാപുരം എൽപി)
രണ്ടാം സ്ഥാനം - അഷേൽ മരിയ ജോഷി (വിളക്കന്നൂർ എൽപി)
മൂന്നാം സ്ഥാനം - അമേയ മരിയ ജോഷി (കരിക്കോട്ടക്കരി യുപി)

**ക്ലാസ് - IV**

ഒന്നാം സ്ഥാനം - ജോയൽ സനീഷ് (തോമാപുരം എൽപി)
രണ്ടാം സ്ഥാനം - എയ്ഡൺ ജോസ് ലാലു (കോഴിച്ചാൽ എൽപി)
മൂന്നാം സ്ഥാനം - ഇവാന റോസ് ബൈജു (ചന്ദനക്കാംപാറ എൽപി)
മൂന്നാം സ്ഥാനം - കാതറിൻ വർഗ്ഗീസ് (വീർപാട് യുപി)

**ക്ലാസ് - V**

ഒന്നാം സ്ഥാനം - ദേവശ്രീ അനിൽ (ചെമ്പന്തൊട്ടി യുപി)
രണ്ടാം സ്ഥാനം - ജാനറ്റ് സിജു (എടൂർ എച്ച്എസ്)
മൂന്നാം സ്ഥാനം - ദേവശ്രീ ഹരിഹരൻ (തോമാപുരം എച്ച് എസ്)
മൂന്നാം സ്ഥാനം - ആഗ്നസ് മരിയ ജോഷി (വായാട്ടുപറമ്പ യുപി)

**ക്ലാസ് - VI**

ഒന്നാം സ്ഥാനം - ദിയ എലിസബത്ത് ജോമോൻ (തോമാപുരം എച്ച് എസ്)
ഒന്നാം സ്ഥാനം - ബിയ തെരേസ അനീഷ് (തോമാപുരം എച്ച് എസ്)
രണ്ടാം സ്ഥാനം - ക്രിസ്റ്റോ ജിമ്മി (മഞ്ഞളാംപുറം യുപി)
രണ്ടാം സ്ഥാനം - ശിവ സുബാഷ് (കുടിയാന്മല യുപി)
മൂന്നാം സ്ഥാനം - ബിൻഷ ബെനിൻ (ചെമ്പന്തൊട്ടി യുപി)

**ക്ലാസ് - VII**

ഒന്നാം സ്ഥാനം - ഷഹാന ഫാത്തിമ പി.കെ (മാട്ടറ യുപി)
രണ്ടാം സ്ഥാനം - ലിയ രാഗേഷ് (മാട്ടറ യുപി)
മൂന്നാം സ്ഥാനം - ഫ്ളാവിയ മാനുവേൽ (മാട്ടറ യുപി)

**ക്ലാസ് - VIII**

ഒന്നാം സ്ഥാനം - ആരുഷ് ടി എം (എടൂർ എച്ച് എസ്)
രണ്ടാം സ്ഥാനം - ആമിക രാംകുമാർ (തോമാപുരം എച്ച്എസ്)
മൂന്നാം സ്ഥാനം - അലോണ ആന്റണി (തോമാപുരം എച്ച് എസ്)

**ക്ലാസ് - IX**

ഒന്നാം സ്ഥാനം - റിയോണ എൽസ റോയ് (ചെമ്പന്തൊട്ടി എച്ച്എസ്)
രണ്ടാം സ്ഥാനം - ട്രീസ ടോമി (പെരുമ്പടവ് എച്ച്എസ്)
രണ്ടാം സ്ഥാനം - അൽന റോസ് തോമസ് (കൊളക്കാട് എച്ച് എസ്)
മൂന്നാം സ്ഥാനം - അഷിത റെജി (കൊളക്കാട് എച്ച്എസ്)

**അധ്യാപക സെലക്ഷൻ**

കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയിലെ സ്കൂളുകളിലേക്കുള്ള അധ്യാപക സെലക്ഷനു വേണ്ടി ഇംഗ്ലീഷ്, ഉറുദു, കണക്ക്, സോഷ്യൽ സയൻസ്, ഫിസിക്കൽ സയൻസ്, നാച്ചുറൽ സയൻസ്, പിഇടി എന്നീ വിഷയങ്ങൾക്ക് മെയ് മാസത്തിൽ പരീക്ഷകൾ നടത്തുന്നതാണ്.

മേൽപറഞ്ഞ വിഷയങ്ങളിൽ പ്രൊവിഷണൽ സർട്ടിഫിക്കറ്റ് എങ്കിലും ലഭിച്ചിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് 2025 ഏപ്രിൽ 1 മുതൽ 15-ാം തീയതി വരെ തലശ്ശേരി കോർപ്പറേറ്റ് ഓഫീസിൽ വന്ന് രജിസ്റ്റർ ചെയ്യാവുന്നതാണ്. തലശ്ശേരി അതിരൂപതയുടെ കീഴിലുള്ള ഇടവകകളിൽപ്പെട്ടവർക്കായിരിക്കും മുൻഗണന.

മേൽ വിഷയങ്ങളിൽ മുൻ വർഷങ്ങളിൽ പരീക്ഷ എഴുതിയിട്ട് നിയമനം ലഭിക്കാത്തവർക്കും കോർപ്പറേറ്റ് ഓഫീസിൽ വന്ന് രജിസ്ട്രേഷൻ പുതുക്കുകയും പരീക്ഷ എഴുതുകയും വേണം.

പരീക്ഷാസംബന്ധമായ വിശദവിവരം പിന്നീട് അറിയിക്കുന്നതാണ്.

**ഫാ. മാത്യു ശാസ്താംപടവിൽ**
*കോർപ്പറേറ്റ് മാനേജർ*

TRACE

THALASSERY ARCHDIOCESE FOR RAISING AWARENESS AND COMMUNITY ENRICHMENT

മണിപ്പാറ, ആയന്നൂർ, തോമാപുരം, കുന്നോത്ത്, നിടുവാലൂർ, ചെറുപുഴ, തിരുമേനി, പുളിങ്ങോം, കച്ചേരിക്കടവ് എന്നീ ഇടവകകൾ സന്ദർശിച്ച് ഹെൽപ്പ് ഡെസ്ക്, എജ്ജ്യൂസ്പാർക്ക് പ്രവർത്തനങ്ങൾ വിവരിച്ചു ബോധവൽക്കരണ പരിപാടികൾ നടത്തി.

ഫെബ്രുവരി 10 തിങ്കളാഴ്ച ഇടവകാ ഫോറനാ തലങ്ങളിൽ വിവിധ ക്ഷേമ പദ്ധതികളെ കുറിച്ചുള്ള ക്ലാസുകൾ നയിക്കുന്നവർക്കു വേണ്ടിയുള്ള ഓൺലൈൻ പരിശീലന പരിപാടി സംഘടിപ്പിച്ചു. ശ്രീ. ജോസ് തയ്യിൽ ക്ലാസിന് നേതൃത്വം നൽകി.

ഫെബ്രുവരി 10 തിങ്കളാഴ്ച ഹെൽപ്പ് ഡെസ്കിന്റെ ആഭിമുഖ്യത്തിൽ നിർമ്മലഗിരി കോളേജിലും, മാർച്ച് 4 ന് വിമൽജ്യോതി എൻജിനീയറിങ് കോളേജിലും വിദേശപഠന സ്കോളർഷിപ്പ് സാധ്യതകളെ കുറിച്ചുള്ള ബോധവൽക്കരണ സെമിനാർ 'Broaden your Horizen' നടത്തി. ക്രൈസ്റ്റ് ട്രിനിംഗ് അക്കാദമി ഡയറക്ടർ ഡോ. രാഹുൽ സിറിയക് ക്ലാസുകൾ നയിച്ചു.

ഫെബ്രുവരി 15 ശനിയാഴ്ച വെമ്പുവാ മാർ സ്ലീവാ ഇടവകയിൽ രാവിലെ ആധാർ പുതുക്കലും ഉച്ചയ്ക്കുശേഷം പോസ്റ്റൽ ഡിപ്പാർട്ട്മെന്റ് എസ്.ബി.ഐ., കാനറാ ബാങ്ക്, ഫിനാൻഷ്യൽ ലിറ്ററസി സെന്റർ തുടങ്ങിയ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ ജനക്ഷേമ പദ്ധതികളെ ക്കുറിച്ചും, വിവിധ ഇൻഷുറൻസ് പദ്ധതികളെക്കുറിച്ചും, സാമ്പത്തിക സാക്ഷരതയെക്കുറിച്ചും ക്ലാസ്സുകൾ നൽകി.

ഫെബ്രുവരി 23 ഞായറാഴ്ച തോമാപുരം ഫൊറോനയുടെയും അതിരൂപത ഹെൽപ്പ് ഡെസ്കിന്റെയും ആഭിമുഖ്യത്തിൽ ഓൺലൈൻ വഴി EWS സർട്ടിഫിക്കറ്റിന്റെ പ്രാധാന്യത്തെക്കുറിച്ച് ഇരിഞ്ഞാലക്കുട രൂപതാ ക്രിസ്ത്യൻ മൈനോറിറ്റി റൈറ്റ് ഫോറം ഡയറക്ടർ റവ. ഫാ. നൗജിൻ വിതയത്തിൽ ക്ലാസുകൾ നയിച്ചു.

മാർച്ച് 26 ബുധനാഴ്ച ഹെൽപ്പ് ഡെസ്കിന്റെ നേതൃത്വത്തിൽ ഫിനാൻഷ്യൽ സാക്ഷരതയെക്കുറിച്ച് ഓൺലൈൻ വെബിനാർ സംഘടിപ്പിച്ചു. ശ്രീ ജെറാൾഡ് തോമസ്, ശ്രീ ജയരാജ് ടി. പി. എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി.

**എജ്ജ്യൂസ്പാർക്ക്**

അഞ്ചാം ക്ലാസ് മുതൽ എട്ടാം ക്ലാസ് വരെ ഉള്ള കുട്ടികൾക്ക് വേണ്ടി നടത്തിവന്നിരുന്ന ബ്ലൂമിംഗ് മൈൻഡ്സ് ഓൺലൈൻ ട്രെയ്നിംഗ് പ്രോഗ്രാം ഫെബ്രുവരി മാസത്തോടുകൂടി സമാപിച്ചു. കഴിഞ്ഞവർഷം ഒക്ടോബർ 13 നാണ് ക്ലാസുകൾ ആരംഭിച്ചത്. അതിരൂപതയിലെ വിവിധ ഇടവകകളിൽ നിന്നായി 170 ഓളം കുട്ടികൾ ഈ പ്രോഗ്രാമിൽ ഉൾപ്പെട്ടിട്ടുണ്ട്. 2025-26 അധ്യയന വർഷത്തി ലേക്കുള്ള രജിസ്ട്രേഷൻ ഏപ്രിൽ മാസത്തിൽ നടത്തപ്പെടുന്നതാണ്. പാലാ സിവിൽ സർവീസ് അക്കാദമിയുമായി സഹകരിച്ചാണ് ഈ പ്രോഗ്രാം സംഘടിപ്പിക്കുന്നത്.

എജ്ജ്യൂസ്പാർക്കിന്റെ നേതൃത്വത്തിൽ എല്ലാ സൺഡേസ്കൂൾ കുട്ടികൾക്കും വേണ്ടിയുള്ള ടാലന്റ് ഹണ്ട് മത്സര പരീക്ഷ ഏപ്രിൽ മാസം രണ്ടാം തീയതി ബുധനാഴ്ച വിശ്വാസോത്സവത്തോടനുബന്ധിച്ച് നടത്തപ്പെടുന്നതാണ്. കുട്ടികൾ പഠിച്ചുകൊണ്ടിരിക്കുന്ന ക്ലാസ് വിഷയങ്ങളു മായി ബന്ധപ്പെട്ട ചോദ്യങ്ങളാണ് തയ്യാറാക്കിയിട്ടുള്ളത്. ഓരോ ഇടവക യിലെയും ഏറ്റവും മിടുക്കരായ കുട്ടികളെ കണ്ടെത്തി പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിക്കുക എന്നുള്ളതാണ് ഇതിലൂടെ ലക്ഷ്യം വെക്കുന്നത്. ബഹുമാനപ്പെട്ട മതാധ്യാപകർ ഈ വിഷയം രക്ഷിതാക്കളെയും കുട്ടികളെയും അറിയിക്കേണ്ടതാണ്.

സമുദായ ശക്തീകരണ വർഷത്തിന്റെ ഭാഗമായി 'എമ്മാവൂസ് മീറ്റ്' എന്ന പേരിൽ അതിരൂപതയിലെ ഫൊറോനകളിലെ വിവിധ ഇടങ്ങളിൽ സംഘടിപ്പിക്കുന്ന നേതൃത്വ ശക്തീകരണ പ്രോഗ്രാമിൽ 'സമുദായ ശക്തികരണം ഹെൽപ്പ് ഡെസ്കിലൂടെ' എന്ന വിഷയത്തെക്കുറിച്ച് ക്ലാസുകൾ ഡയറക്ടർ നൽകുന്നു.

**ഫാ. ജോസഫ് റാത്തപ്പിള്ളിൽ**
*ഡയറക്ടർ*

**ഫാ. ആന്റണി മുതുകുന്നൽ**
*പ്രോട്ടോസിഞ്ചല്ലൂസ്*

# വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ്
## ചെമ്പേരി

**PLACEMENT NEWS - MARCH 2025**

വിദേശ വിദ്യാഭ്യാസ സാങ്കേതികങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി SANTAMONICA -യുമായി സഹകരിച്ച് ഒരു Seminar, Placement Cell-ന്റെ ആഭിമുഖ്യത്തിൽ മാർച്ച് 11 2025-ന് സംഘടിപ്പിച്ചു. 43 വിദ്യാർത്ഥികൾ പ്രസ്തുത സെമിനാറിൽ പങ്കെടുത്തു.

Advanced Drone Solutions -ൽ പ്രശസ്തമായ Garuda Aerospace അവസാന വർഷ വിദ്യാർത്ഥികൾക്കായി ക്യാമ്പസ് റിക്രൂട്ട്മെന്റ് നടത്തുകയുണ്ടായി. 11 വിദ്യാർത്ഥികൾ അവസാന റൗണ്ടിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. Selection Process മാർച്ച് അവസാന വാരത്തോടെ പൂർത്തിയാകും എന്ന് പ്രതീക്ഷിക്കുന്നു.

വിദേശ യൂണിവേഴ്സിറ്റികളിൽ പഠിക്കുന്നതിനായി വിവിധ ഗവൺമെന്റ് സ്കോളർഷിപ്പുകൾ നേടുന്നതിനെ സംബന്ധിച്ച് Christ Twinning Academy, Irinjalakuda-യുടെ Director, Dr. Rahul Cyriac അവസാന വർഷ വിദ്യാർത്ഥികൾക്കും മൂന്നാം വർഷം വിദ്യാർത്ഥികൾക്കുമായി ഒരു ക്ലാസ് മാർച്ച് 4-ന് സംഘടിപ്പിച്ചു. 60 കുട്ടികൾ അതിൽ പങ്കെടുത്തു.

പ്രശസ്ത Product Development കമ്പനിയായ Guidehouse നടത്തിയ campus Recruitment -ൽ 100-ലധികം അവസാന വർഷ വിദ്യാർത്ഥികൾ പങ്കെടുത്തു. 17 വിദ്യാർഥികൾ അവസാന റൗണ്ടിലേക്ക് ഷോർട്ട്ലിസ്റ്റ് ചെയ്യപ്പെട്ടു. അവസാന സെലക്ഷൻ ലിസ്റ്റ് ഏപ്രിൽ ആദ്യവാരത്തോടെ ലഭ്യമാകും എന്ന് കരുതുന്നു.

EEE, ECE, AEI ബ്രാഞ്ചുകളിൽ എഞ്ചിനീയറിംഗ് പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുന്ന, CORE കമ്പനിയായ DIGITAL CORE TECHNOLOGIES ഫെബ്രുവരി 27-ാം തീയതി ക്യാമ്പസ് റിക്രൂട്ട്മെന്റ് വരികയും അവസാന വർഷ ECE വിദ്യാർത്ഥിയെ മെയ് 2025 ആദ്യവാരത്തിൽ നടക്കുന്ന ഫൈനൽ ഇന്റർവ്യൂനായി തിരഞ്ഞെടുത്തു.

## ചെമ്പേരി വിമൽജ്യോതിയിൽ എ ഐ സെമിനാർ

- വിമൽജ്യോതി എൻജിനീയറിംഗ് കോളേജിലെ കമ്പ്യൂട്ടർ സയൻസ് ആൻഡ് എൻജിനീയറിങ് വകുപ്പ് സംഘടിപ്പിച്ച ഇനവേറ്റീവ് ബ്രിഡ്ജിങ് അക്കാഡമി ആൻഡ് ഇൻട്രസ്റ്റ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സെമിനാർ വാരിക്കാട്ട് ഹാളിൽ വച്ച് നടന്നു. കോളേജ് ബർസാർ ഫാ. ലാസർ വരമ്പകത്ത് ഉദ്ഘാടനം ചെയ്തു. കമ്പ്യൂട്ടർ സയൻസ് വിഭാഗം മേധാവി ദിവ്യ, അസിസ്റ്റന്റ് പ്രൊഫസർ പി വി രമ്യ എന്നിവർ പ്രസംഗിച്ചു. സമ്മേളനത്തിൽ എ ഐയുടെ നവീന സാധ്യതകളും സാമൂഹിക മേഖലകളിലെ പ്രാധാന്യവും പ്രതിപാദിക്കുന്ന ക്ലാസുകൾ നടന്നു.

## മോൺ. മാത്യു എം. ചാലിലിനെ അനുസ്മരിച്ചു

- ചെമ്പേരി വിമൽജ്യോതി എൻജിനീയറിംഗ് കോളേജിന്റെയും എം. ബി. എ. കോളേജിന്റെയും സ്ഥാപക ചെയർമാൻ മോൺ. മാത്യു എം ചാലിലിന്റെ രണ്ടാം ചരമവാർഷിക ദിനാചരണം വിമൽജ്യോതി എൻജിനീയറിംഗ് കോളേജിൽ നടന്നു. ചെമ്പേരി ലൂർദ് മാതാ ബസിലിക്ക ദൈവാലയത്തിലും സെമിത്തേരിയിൽ നടന്ന പ്രവർത്തനങ്ങൾക്ക് വിമൽജ്യോതി സ്ഥാപനങ്ങളുടെ ചെയർമാനും തലശ്ശേരി അതിരൂപതയുടെ മുഖ്യ വികാരി ജനറാളുമായ മോൺ. ആന്റണി മുതുകുന്നേൽ, വിമൽ ജ്യോതി മാനേജർ ഫാ. ജെയിംസ് ചെല്ലങ്കോട്ട് എന്നിവർ നേതൃത്വം നൽകി. തുടർന്ന് അനുസ്മരണ യോഗവും നടന്നു.

### MBA വാർത്തകൾ

## വിമൽജ്യോതി വിദ്യാർത്ഥികളുടെ മലേഷ്യൻ ഇൻഡസ്ട്രിയൽ വിസിറ്റ്

- ചെമ്പേരി വിമൽ ജ്യോതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് റിസേർച്ചിന്റെ ആഭിമുഖ്യത്തിൽ അവസാന വർഷ വിദ്യാർത്ഥികൾ ഒരാഴ്ച്ചത്തെ ഇന്റർനാഷണൽ ഇൻഡസ്ട്രിയൽ വിസിറ്റിനായി അധ്യാപകരോടൊപ്പം മലേഷ്യയിലേക്ക് യാത്ര തിരിച്ചു. ടൂറിസത്തെക്കുറിച്ചും, വ്യത്യസ്തങ്ങളായ വ്യവസായ സംരംഭങ്ങളെക്കുറിച്ചും നേരിട്ട് മനസ്സിലാക്കുക എന്നതാണ് യാത്ര ലക്ഷ്യം. പ്രശസ്തമായ എം.എസ്.യു. യൂണിവേഴ്സിറ്റിയും സന്ദർശന പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എം.ബി.എ. കോളേജിന്റെ അഡ്മിനിസ്ട്രേറ്റർ ഫാ. ബിബിൻ തെക്കേടത്ത് പ്രോഗ്രാം ഫ്ളാഗ് ഓഫ് ചെയ്തു. പ്രിൻസിപ്പാൾ റവ. ഡോ. ജിനു വടക്കേമുളഞ്ഞനാൽ, അസിസ്റ്റന്റ് മാനേജർ ഫാ. സോണി വടശ്ശേരിൽ, എന്നിവർ ആശംസകൾ നേർന്നു സംസാരിച്ചു.

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**
*മാനേജർ*

# ലെയ്റ്റി അപ്പൊസ്റ്റോലേറ്റ്
## എ. കെ. സി. സി.

### കത്തോലിക്കാ കോൺഗ്രസ് അതിരൂപത എക്സിക്യൂട്ടീവ്

സ്കൂളുകളിലും കോളേജുകളിലും ലഹരി വ്യാപനം തടയാൻ സർക്കാർ നടപടികൾ കൂടുതൽ കാര്യക്ഷമമാക്കണമെന്ന് കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപത കമ്മിറ്റി ആവശ്യപ്പെട്ടു. മാർച്ച് 10 ന് പേരാവൂർ മേജർ ആർക്കി എപ്പിസ്കോപ്പിൽ ഫൊറോന പള്ളി ഹാളിൽ നടന്ന കത്തോലിക്കാ കോൺഗ്രസ് അതിരൂപത എക്സിക്യൂട്ടീവ് യോഗം ആർച്ച്പ്രീസ്റ്റ് വെരി റവ. ഫാ. ഷാജി തെക്കേമുറി ഉദ്ഘാടനം ചെയ്തു. അതിരൂപതാ പ്രസിഡണ്ട് ഫിലിപ്പ് വെളിയത്ത് അധ്യക്ഷത വഹിച്ചു. ഗ്ലോബൽ ഡയറക്ടർ ഡോ. ഫിലിപ്പ് കവിയിൽ മുഖ്യഭാഷണം നടത്തി. ജനറൽ സെക്രട്ടറി ജിമ്മി ആയിത്തമറ്റം റിപ്പോർട്ടും ട്രഷറർ സുരേഷ് കാഞ്ഞിരിത്തിങ്കൽ വരവ് ചെലവ് കണക്കും അവതരിപ്പിച്ചു.

ഷീജ കാറുകുളം, ബെന്നിച്ചൻ മഠത്തിനകം, ഐ.സി. മേരി, ഷിനോ പാറക്കൽ, ജോർജ് കാനാട്ട്, ജോണി തോമസ് വടക്കേക്കര, ജെയിംസ് ഇമ്മാനുവൽ, ജോസഫ് മാത്യു, ജയ്സൺ അട്ടാറിമാക്കൽ, മാത്യു വള്ളംകോട്ട്, ബെന്നി തുളുമ്പൻമാക്കൽ, ബിജു മണ്ഡപത്തിൽ, ബിജു ഒറ്റപ്ലാക്കൽ, ഷാജു ഇടശ്ശേരിയിൽ എന്നിവർ സംസാരിച്ചു.

### അതിരൂപത എക്സിക്യൂട്ടീവ് തീരുമാനങ്ങൾ

2025 ഏപ്രിൽ 26, 27 തീയതികളിൽ പാലക്കാട് വച്ച് നടക്കുന്ന കത്തോലിക്ക കോൺഗ്രസ് ജന്മദിനാഘോഷങ്ങളുടെ ഭാഗമായ ഗ്ലോബൽ പ്രതിനിധി സമ്മേളനത്തിലും, ഏപ്രിൽ 27 ന് ഉച്ചക്ക് നടക്കുന്ന പൊതുസമ്മേളനത്തിലും പ്രകടനത്തിലും തലശ്ശേരി അതിരൂപതയിലെ ഓരോ ഫൊറോനയിൽ നിന്നും ഏറ്റവും കുറഞ്ഞത് ഒരു ബസ്സിനുള്ള ആളുകളെ എങ്കിലും പങ്കെടുപ്പിക്കുന്നതിന് തീരുമാനിച്ചു.

സാധിക്കുന്ന ഇടവകകളിൽ നിന്ന് ഓരോ ബസ്സിനുള്ള ആളുകൾ വരുന്നതിനായി ഫൊറോന പ്രസിഡണ്ടുമാർ ബഹു. ഫൊറോന

വികാരി അച്ചന്മാരും ഫൊറോന ഡയറക്ടർ അച്ചൻമാരും ഇടവക ഡയറക്ടർ അച്ചൻമാരുമായി സംസാരിക്കണം.

ഓരോ ഫൊറോനയിൽ നിന്നും പങ്കെടുക്കുന്ന ആളുകളുടെ എണ്ണവും പേര് വിവരങ്ങളും മാർച്ച് 30ന് മുമ്പായി അതിരൂപത പ്രസിഡന്റിനെയോ ജനറൽ സെക്രട്ടറിയേയോ അറിയിക്കണം.

അതിരൂപത കമ്മറ്റിയുടെ പ്രവർത്തനങ്ങൾക്കായി ഉദാരമതികളിൽ നിന്നും സംഭാവന സ്വീകരിക്കുന്നതിന് തീരുമാനിച്ചു. ആദ്യ സംഭാവനയായി ചെമ്പന്തൊട്ടി ഫൊറോനയിലെ ഷൈജോ ജോസഫ് വട്ടക്കാവുങ്കൽ, നെല്ലിക്കാംപൊയിൽ ഫൊറോന പ്രസിഡണ്ട് തോമസ് വർഗീസ് വരുമ്പുങ്കൽ എന്നിവർ സഹകരണം അറിയിച്ചു.

അതിരൂപത എക്സിക്യൂട്ടീവ് മീറ്റിംഗിൽ ഫൊറോന പ്രസിഡണ്ട്, സെക്രട്ടറി എന്നിവർ നിർബന്ധമായും പങ്കെടുക്കണമെന്ന് അംഗങ്ങൾ അഭിപ്രായപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അപ്രകാരം തീരുമാനിച്ചു.

തലശ്ശേരി അതിരൂപതയിൽ കത്തോലിക്ക കോൺഗ്രസ് വനിതാ വിങ്ങ് രൂപീകരണത്തിന്റെ ഭാഗമായി ഓരോ യൂണിറ്റിൽ നിന്നും ഒരാളുടെ എങ്കിലും പേര് ഫൊറോന കമ്മിറ്റിയെ ഏൽപ്പിക്കണം. അതിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട ഒരാളുടെ പേര് രൂപത കമ്മിറ്റിയിലേക്കും നൽകണം.

ഏപ്രിൽ മാസത്തിലെ അതിരൂപത എക്സിക്യൂട്ടീവിന് വരുമ്പോൾ ഫൊറോന പ്രസിഡണ്ട്മാർ ഫൊറോനയിൽ നിന്നുള്ള വനിതാ പ്രതിനിധിയുടെ പേരും അഡ്രസ്സും ഫോൺ നമ്പറും നൽകണം.

ഏപ്രിൽ മാസത്തിലെ അതിരൂപത എക്സിക്യൂട്ടീവ് മീറ്റിംഗ് വായാട്ടുപറമ്പ് ഫൊറോന പാരീഷ് ഹാളിൽ ഏപ്രിൽ 11 വെള്ളിയാഴ്ച ചേരുന്നതിന് തീരുമാനിച്ചു.

### പൊതു പ്രവർത്തനങ്ങൾ

1) അട്ടക്കണ്ടം ഇടവകയിലെ വൃദ്ധസദനത്തിലേക്ക് കത്തോലിക്ക കോൺഗ്രസ് പാണത്തൂർ യൂണിറ്റ് ഒരു ടിവി നൽകി. പനത്തടി ഫൊറോന പ്രസിഡന്റ് ജോണി തോലമ്പുഴ യൂണിറ്റ് പ്രസിഡണ്ട് സ്റ്റീഫൻ മലമ്പേപതിക്കൽ എന്നിവർ നേതൃത്വം നൽകി.

2) ആറളം പതിമൂന്നാം ബ്ലോക്കിൽ കാട്ടാനയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട വൃദ്ധദമ്പതികളുടെ ഭവനത്തിൽ എടൂർ മേഖലാ ഭാരവാഹികൾ സന്ദർശിച്ചു.

   എടൂരിൽ വച്ച് നടന്ന രാപ്പകൽ സമരത്തിൽ കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ ഡയറക്ടർ ഡോ. ഫിലിപ്പ് കവിയിൽ പങ്കെടുത്തു ആശംസകൾ അറിയിച്ചു.

3) ഭൂനികുതി വർദ്ധന, വന്യമൃഗശല്യം എന്നിവയിൽ പ്രതിഷേധിച്ച് തോമാപുരം മേഖല കമ്മിറ്റിയുടെ നേതൃത്വത്തിൽ ചിറ്റാരിക്കാൽ വില്ലേജ് ഓഫീസിന് മുന്നിൽ പ്രതിഷേധ ധർണ്ണ നടത്തി.

തോമാപുരം മേഖലാ പ്രസിഡണ്ട് സാജു പടിഞ്ഞാറേട്ട് അധ്യക്ഷത വഹിച്ച യോഗത്തിൽ തോമാപുരം ഫൊറോന വികാരി ഡോ. മാണി മേൽവെട്ടം പ്രതിഷേധ ധർണ്ണ ഉദ്ഘാടനം ചെയ്തു. തലശ്ശേരി അതിരൂപത പ്രസിഡണ്ട് ഫിലിപ്പ് വെളിയത്ത് മുഖ്യഭാഷണം നടത്തി. ഫൊറോന ഡയറക്ടർ ഫാ. മാത്യു വളവനാൽ അനുഗ്രഹപ്രഭാഷണം നടത്തി. ഫാ. തോമസ് കീഴാരത്ത്, അതിരൂപത സെക്രട്ടറിമാരായ സെബാസ്റ്റ്യൻ ജാതികുളം, ജോസഫ് കൊച്ചുകുന്നത്തുപറമ്പിൽ എന്നിവർ സംസാരിച്ചു.

4) കുന്നോത്ത് ഫൊറോനയിലെ വാണിയപ്പാറയിൽ ചേർന്ന ഫൊറോന മീറ്റിങ്ങിൽ വച്ച്, വർദ്ധിച്ചു വരുന്ന വന്യമൃഗ ആക്രമണങ്ങൾക്കെതിരെ പ്രതിഷേധിച്ചു. മേഖലാ പ്രസിഡണ്ട് മാത്യു വള്ളംകോട്ട് അധ്യക്ഷത വഹിച്ച യോഗം വാണിയപ്പാറ ഇടവക വികാരി റവ. ഫാ. തോമസ് കൊന്നയിൽ ഉദ്ഘാടനം ചെയ്തു. മേഖല ഡയറക്ടർ റവ. ഫാ. ജോസ് തേനമ്മാക്കൽ, ബെന്നി പുതിയാംപുറം, ഷീജ സെബാസ്റ്റ്യൻ, ഷാജു ഇടശേരി എന്നിവർ സംസാരിച്ചു.

5) ലോക വനിതാ ദിനത്തിൽ കത്തോലിക്ക കോൺഗ്രസ് മേരിഗിരി, മുളപ്രയൂണിറ്റുകൾ ഇടവകയിലെ വനിതകളെ ആദരിച്ചു. മേരിഗിരിയിലെ വനിതാ റാലിയും പൊതുസമ്മേളനവും ഗ്ലോബൽ ഡയറക്ടർ ഉദ്ഘാടനം ചെയ്തു. ഫൊറോനാ വികാരി റവ. ഫാ. അബ്രഹാം മഠത്തിമ്യാലിൽ മുഖ്യപ്രഭാഷണം നടത്തി.

6) കത്തോലിക്ക കോൺഗ്രസ് മുളപ്ര യൂണിറ്റിന്റെ പുരുഷ സ്വാശ്രയസംഘം ഗ്രൂപ്പ് അംഗങ്ങൾക്കായി ഇഞ്ചി വിത്ത് വിതരണം നടത്തി. വികാരി റവ. ഫാ. കുര്യാക്കോസ് അറക്കൽ ഉദ്ഘാടനം ചെയ്തു. കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപതാ പ്രസിഡണ്ട് ഫിലിപ്പ് വെളിയത്ത് മുഖ്യഭാഷണം നടത്തി.

7) വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗത്തിന് എതിരെ യുവാക്കളിൽ ബോധവൽക്കരണം നടത്തുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തയ്യാറാവണമെന്ന് കത്തോലിക്കാ കോൺഗ്രസ് കുന്നോത്ത് യൂണിറ്റ് ആവശ്യപ്പെട്ടു. കുന്നോത്ത് പാരീഷ് ഹാളിൽ ചേർന്ന യോഗം ഫൊറോന വികാരി റവ. ഫാ. സെബാസ്റ്റ്യൻ മുക്കിലിക്കാട്ട് ഉദ്ഘാടനം ചെയ്തു. യൂണിറ്റ് പ്രസിഡണ്ട് എൻ.വി. ജോസഫ് അധ്യക്ഷത വഹിച്ച യോഗത്തിൽ അസിസ്റ്റന്റ് വികാരി ഫാ. തോമസ് പാണാക്കുഴി, ബെന്നി പുതിയപുറം തുടങ്ങിയവർ സംസാരിച്ചു.

ലഹരിക്കെതിരെ കത്തോലിക്കാ കോൺഗ്രസ് നെല്ലിക്കാംപൊയിൽ ഫൊറോന സ്നേഹജ്വാല പ്രോഗ്രാം സംഘടിപ്പിച്ചു.

8) കത്തോലിക്കാ കോൺഗ്രസ് ചെമ്പന്തൊട്ടി മേഖല കമ്മിറ്റിയുടെ നേതൃത്വത്തിൽ ലഹരി മാഫിയക്കെതിരെ സംഘടിപ്പിച്ച പ്രതിഷേധ പ്രകടനവും ബോധവൽക്കരണ ക്ലാസും പ്രതിജ്ഞയും വെണ്ണക്കല്ല് സെന്റ് ആന്റണീസ് പള്ളി വികാരി റവ. ഫാ. മാത്യു കുന്നുംപുറത്ത് ഉദ്ഘാടനം ചെയ്തു. കത്തോലിക്ക കോൺഗ്രസ് ഫൊറോന ഡയറക്ടർ റവ. ഫാ. ജോബി ചെരുവിൽ പ്രകടനത്തിന് നേതൃത്വം നൽകി. മേഖല പ്രസിഡണ്ട് ജോസഫ് മാത്യു കൈതമറ്റം പ്രതിജ്ഞ ചൊല്ലി കൊടുത്തു. യൂണിറ്റ് പ്രസിഡണ്ട് അനിൽ മണ്ണാപറമ്പിൽ, അതിരൂപതാ ട്രഷറർ സുരേഷ് ജോർജ്, വൈസ് പ്രസിഡണ്ട് ഷിനോ പാറക്കൽ, ഗ്ലോബൽ പ്രതിനിധി ഷൈജോ ജോസഫ്, സെക്രട്ടറി ഷാജിമോൻ എന്നിവർ സംസാരിച്ചു.

## സംഘടനാ പ്രവർത്തനങ്ങൾ

ചെമ്പന്തൊട്ടി മേഖല കമ്മിറ്റിയുടെ നേതൃത്വത്തിൽ മേഖലയിലെ എല്ലാ യൂണിറ്റിൽ നിന്നുമായി വിനോദയാത്ര നടത്തി. മേഖലയിലെ പ്രവർത്തകർ തമ്മിൽ കൂട്ടായ്മ വർദ്ധിക്കുന്നതിന് വിനോദയാത്ര വളരെയധികം ഉപകാരപ്പെട്ടു. കത്തോലിക്ക കോൺഗ്രസ് ചെമ്പന്തൊട്ടി മേഖല പ്രസിഡണ്ട് ജോസഫ് മാത്യു, അതിരൂപത ട്രഷറർ സുരേഷ് കാഞ്ഞിരത്തിങ്കൽ, വൈസ് പ്രസിഡണ്ട് ഷിനോപാറക്കൽ തുടങ്ങിയവർ വിനോദസഞ്ചാരത്തിന് നേതൃത്വം നൽകി.

പെരിയ സെന്റ് പോൾസ് ചർച്ച് ഇടവകയിൽ കത്തോലിക്കാ കോൺഗ്രസിന്റെ യൂണിറ്റ് രൂപീകരിച്ചു. കാസർഗോഡ് മേഖല പ്രസിഡന്റ് സ്റ്റീഫൻ കീച്ചേരികുന്നേൽ അധ്യക്ഷത വഹിച്ചു. ഇടവക വികാരി ഫാ. ജോസഫ് കൊളുത്താപ്പള്ളി മുഖ്യഭാഷണം നടത്തി.

ജോസഫ് തെക്കുംചേരിക്കുന്നിനെ പ്രസിഡണ്ടായും ജിജി ജോർജ് കൂട്ടാനിക്കൽ സെക്രട്ടറിയായും ബേബി ദേവസ്യ തിരുവോണം മുറിയിൽ ട്രഷറായും തിരഞ്ഞെടുക്കപ്പെട്ടു.

കത്തോലിക്കാ കോൺഗ്രസ് കാസർഗോഡ് ഫൊറോന കൺവെൻഷനും നേതൃസംഗമവും ഗ്ലോബൽ രൂപത ഭാരവാഹികൾക്കുള്ള സ്വീകരണവും ബദിയടുക്ക സെന്റ് മേരീസ് പള്ളി ഹാളിൽ വച്ച് നടന്നു.

കാസർഗോഡ് ഫൊറോന വികാരി റവ. ഫാ. ജോർജ് വള്ളിമല ഉദ്ഘാടനം ചെയ്തു. ഫൊറോനാ പ്രസിഡന്റ് സ്റ്റീഫൻ കീച്ചേരികുന്നേൽ അധ്യക്ഷത വഹിച്ച യോഗത്തിൽ ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ മുഖ്യപ്രഭാഷണം നടത്തി. ഫൊറോന ഡയറക്ടർ റവ. ഫാ. ചാക്കോ കുടിപറമ്പിൽ ആമുഖഭാഷണവും അതിരൂപത പ്രസിഡണ്ട് ഫിലിപ്പ്

വെളിയത്ത് 'കത്തോലിക്ക കോൺഗ്രസ് ഇന്നലെ ഇന്ന്' എന്ന വിഷയത്തിൽ ക്ലാസും എടുത്തു.

അതിരൂപത ജനറൽ സെക്രട്ടറി ജിമ്മി ആയിത്തമറ്റം സംഘടനാ പ്രവർത്തനങ്ങൾ വിശദീകരിച്ചു.

ഫൊറോന സെക്രട്ടറി തങ്കച്ചൻ ചോതിപറമ്പിൽ കാസർഗോഡ് ഫൊറോന പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. ഗ്ലോബൽ സെക്രട്ടറി അഡ്വ. ഷീജ സെബാസ്റ്റ്യൻ, രൂപത ട്രഷറർ സുരേഷ് കാഞ്ഞിരത്തിങ്കൽ അതിരൂപത വൈസ് പ്രസിഡന്റുമാരായ ഐ.സി. മേരി, ബെന്നിച്ചൻ മഠത്തിനകം, ഷിനോ പാറക്കൽ, ടോമി കണയങ്കൽ എന്നിവർ സംസാരിച്ചു.

കാസർഗോഡ് ഫൊറോനയിൽ വിവിധ പ്രവർത്തനങ്ങൾക്കും സംഗമങ്ങൾക്കും നേതൃത്വം കൊടുക്കുകയും ചെയ്ത ഫൊറോന ഭാരവാഹികളെ അതിരൂപത കമ്മിറ്റി അഭിനന്ദിച്ചു.

### ജന്മവാർഷികവും സമുദായ സമ്മേളനവും മഹാറാലിയും ഏപ്രിൽ 26, 27 തീയതികളിൽ പാലക്കാട്

കത്തോലിക്ക കോൺഗ്രസിന്റെ നൂറ്റിഏഴാമത്തെ ജന്മവാർഷികവും സമുദായ സമ്മേളനവും മഹാറാലിയും ഏപ്രിൽ 26, 27 തീയതികളിൽ പാലക്കാട് രൂപതയുടെ ആതിഥേയത്വത്തിൽ നടത്തപ്പെടുകയാണ്. നമ്മുടെ അതിരൂപത അധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് മുഖ്യ അതിഥിയായ ഈ മീറ്റിംഗിൽ പരമാവധി ആളുകളെ സംബന്ധിപ്പിക്കണം.

നമ്മുടെ സമുദായത്തിന്റെ ആവശ്യങ്ങളും നാം നേരിടുന്ന വിവിധ പ്രശ്നങ്ങളും ഉയർത്തിക്കാട്ടിയുള്ള ഈ മുന്നേറ്റം വിജയിപ്പിക്കേണ്ടത് ഓരോ കത്തോലിക്ക കോൺഗ്രസ് പ്രവർത്തകന്റെയും ഉത്തരവാദിത്വമാണ്. ഈ സമുദായ സംഗമം വൻവിജയമാക്കാനുള്ള ചർച്ചകളും നടപടികളും ഫോറോനാ, യൂണിറ്റ് തലങ്ങളിൽ നടത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

**ഫിലിപ്പ് വെളിയത്ത്**
*പ്രസിഡണ്ട്*

**ഫാ. ഫിലിപ്പ് കവിയിൽ**
*ഡയറക്ടർ*



# കുടുംബ കൂട്ടായ്മ

**FAMILY RENEWAL UNITS IN THALASSERY (FRUITS)**

സ്നേഹമുള്ളവരെ,

1. നോമ്പിന്റെ ചൈതന്യത്തിൽ കുടുംബക്കൂട്ടായ്മകൾ ഭംഗിയായും കൃത്യമായും നടത്തുക.
2. സമുദായശക്തീകരണനേതൃസംഗമം
കഴിഞ്ഞമാസം അറിയിച്ചിരുന്നതുപോലെ സമുദായ ശക്തീകരണ നേതൃസംഗമങ്ങൾ വിവിധ സെന്ററുകളിലായി നടന്നുകൊണ്ടിരിക്കുന്നു. എല്ലാവരുടെയും സഹകരണത്തിന് പ്രത്യേകം നന്ദി.
3. ഏപ്രിൽ മാസത്തിൽ നടക്കുന്ന നേതൃസംഗമങ്ങൾ

**ആലക്കോട് ഫൊറോന**
**ആലക്കോട്** (ഏപ്രിൽ 1 ചൊവ്വ 10 am)
ഒറ്റത്തൈ
നെല്ലിപ്പാറ
കുട്ടാപറമ്പ
വിജയഗിരി
**കാർത്തികപുരം** (ഏപ്രിൽ 1 ചൊവ്വ 03 pm)
മണക്കടവ്
ചീക്കാട്
മാംപോയിൽ
പരപ്പ
ഉദയഗിരി
അരിവിളഞ്ഞപൊയിൽ
ജയഗിരി

**മേരിഗിരി ഫൊറോന**
**മേരിഗിരി** (ഏപ്രിൽ 2 ബുധൻ 10 am)
പെരിങ്ങാല
ചെറുപാറ
കോടോപ്പള്ളി
വിമലശ്ശേരി
രയറോം

**പെരുമ്പടവ്** (ഏപ്രിൽ 2 ബുധൻ 3 pm)
എടക്കോം
വെള്ളരിയാനം
കാര്യപ്പള്ളി
പച്ചാണി

**ചെറുപുഴ ഫൊറോന**
**ചെറുപുഴ** (ഏപ്രിൽ 3 വ്യാഴം 03 pm)
അരവൻചാൽ
ഉമ്മറപൊയിൽ
പാടിയോട്ടുചാൽ
തിരുമേനി
മുളപ്ര
താബോർ
പുളിങ്ങോം
കോലുവള്ളി
രാജഗിരി
കോഴിച്ചാൽ
ജോസ്ഗിരി
ചൂരപ്പടവ്

**തോമാപുരം ഫൊറോന**

**പാലാവയൽ** (ഏപ്രിൽ 5 ശനി 10 am)
ചാവറഗിരി
തയ്യേനി
കണ്ണിവയൽ
കാവുംതല

**തോമാപുരം** (ഏപ്രിൽ 5 ശനി 3 pm)
ചട്ടമല
മണ്ടപം
വരക്കാട്
കുളിനീർ
കടുമേനി
കുന്നുംകൈ
ആയന്നൂർ
കമ്പല്ലൂർ
ബെഡൂർ

**വെള്ളരിക്കുണ്ട് ഫൊറോന**

**വെള്ളരിക്കുണ്ട്** (ഏപ്രിൽ 7 തിങ്കൾ 10 am)
പുന്നക്കുന്ന്
ബളാൽ
കാലിച്ചാമരം
ഭീമനടി
പരപ്പ
ബിരിക്കുളം
കനകപ്പള്ളി
അട്ടേങ്ങാനം
അട്ടക്കണ്ടം

**മാലോം ഫൊറോന**

**മാലോം** (ഏപ്രിൽ 8 ചൊവ്വ 10 am)
കൊന്നക്കാട്
പറമ്പ
അതിരുമാവ്
പുഞ്ച
ചുള്ളി
ആനമഞ്ഞൾ
നാട്ടക്കൽ

**പനത്തടി ഫൊറോന**

**പനത്തടി** (ഏപ്രിൽ 9 ബുധൻ 10 am)
പാണത്തൂർ
എള്ളുകൊച്ചി
മാനടുക്കം
കനീലടുക്കം
പടുപ്പ്
മേരിപുരം

**പടിമരുത്** (ഏപ്രിൽ 9 ബുധൻ 3 pm)
കൊട്ടോടി
കള്ളാർ
കുറ്റിക്കോൽ
അടോട്ടുകയം

**കാഞ്ഞങ്ങാട് ഫൊറോന**

**പടന്നക്കാട്** (ഏപ്രിൽ 10 വ്യാഴം 10 am)
കാഞ്ഞങ്ങാട്
പെരിയ
ചായ്യോത്ത്
ചീമേനി
നീലേശ്വരം

**എണ്ണപ്പാറ** (ഏപ്രിൽ 10 വ്യാഴം 3 pm)
കാലിച്ചാനടുക്കം
കാഞ്ഞിരടുക്കം
ഉദയപുരം
കോടോത്ത്
നെല്ലിയടുക്കം

**കാസർഗോഡ് ഫൊറോന**

**കാസർഗോഡ്** (ഏപ്രിൽ 12 ശനി 10 am)
ഹൊസങ്കടി
പൊയിനാച്ചി
ബദിയടുക്ക
കുമ്പള
പെർള
മുള്ളേരിയ
ദേലംപാടി

**മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി**
*വികാരി ജനറാൾ*

# കരിസ്മാറ്റിക് മൂവ്മെന്റ്

കെ.സി.ബി.സി. കരിസ്മാറ്റിക് കമ്മീഷൻ സബ് റീജിയൻ വിസിറ്റ് തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറാനാ ദൈവാലയത്തിൽ വച്ച് 7-3-2025 രാവിലെ 9.30 മുതൽ 4 മണി വരെ നടന്നു. കെ.സി.ബി.സി. കരിസ്മാറ്റിക് കമ്മീഷൻ വൈസ് ചെയർമാൻ മാർ അലക്സ് താരാമംഗലം പിതാവ് ഉദ്ഘാടനം ചെയ്തു. കെ.സി.എസ്.സി കോർഡിനേറ്റർ റവ. ഫാ. ജോസഫ് താമരവെളി, മോൺ. മാത്യു ഇളംതുരുത്തിപ്പടവിൽ, കരിസ്മാറ്റിക് ഡയറക്ടർ റവ. ഫാ. സേവ്യർ പുത്തൻപുരയ്ക്കൽ, വെരി റവ. ഫാ. മാത്യു ആശാരി പറമ്പിൽ, റവ. ഫാ. കുര്യാക്കോസ് കോലക്കുന്നേൽ, ക്ലാസ്സുകൾ നയിച്ചു. ബൈബിൾ സന്ദേശ യാത്ര കാസർഗോഡ് സോണിലെ പ്രധാന ടൗണുകളിൽ എല്ലാം നടന്നു. പാണത്തൂരിൽ വച്ച് തലശ്ശേരി അതിരൂപതാ വികാരി ജനറാൾ മോൺ. മാത്യു ഇളംതുരുത്തിപ്പടവിൽ സോണൽ കോർഡിനേറ്റർ ബിനോയ് പുതിയ മംഗലത്തിന് പതാക കൈമാറിക്കൊണ്ട് ഉദ്ഘാടനം ചെയ്തു. അതിരുപതാ കരിസ്മാറ്റിക് ഡയറക്ടർ റവ. ഫാ സേവ്യർ പുത്തൻപുരയ്ക്കൽ, പാണത്തൂർ സെന്റ് മേരീസ് വികാരി റവ. ഫാ. വർഗീസ് ചെരിയംപുറത്ത്, രാജപുരം ഫൊറാനാ വികാരി വെരി റവ. ഫാ. ജോസ് അരിച്ചിറ, വെള്ളരിക്കുണ്ട് ഫൊറാനാ വികാരി വെരി റവ. ഫാ. ജോൺസൺ അന്ത്യാംകുളം മാലോം ഫെറാനാവികാരി വെരി റവ. ഫാ. ജോസ് തൈക്കുന്നുംപുറം, റവ. ഫാ. മാത്യു വളവനാൽ, റവ. ഫാ. ജോർജ് കുടുംന്തയിൽ, റവ. ഫാ. അമൽ, സന്തോഷ് തലച്ചിറ, സി. ടെസ്സ എം.എസ്.എം.ഐ, സി. അതുല്യ എം.എസ്.എം.ഐ, സി. റോസ് മേരി എസ്.എ.ബി, തോമസ് അടിച്ചിലാമാക്കൽ, സിബി ഓലി ക്കൽ, ബിനോയ് പുതിയമംഗലം തുടങ്ങി 60 ഓളം പേർ വചനപ്രഘോഷണം നടത്തി. 1-3-25 ന് പാലാവയൽ സെന്റ് ജോൺസ് ദൈവാലയത്തിൽ വച്ച് ഏകദിന കൺവെൻഷൻ നടന്നു. കള്ളാർ തിരുഹൃദയ ധ്യാനകേന്ദ്രം ഡയറക്ടർ റവ. ഫാ. ജോർജ് കുടുംന്തയിൽ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

**ഐഡന്റിറ്റി കാർഡ്**

17-3-25 ന് സന്ദേശഭവനിൽവച്ച് നടന്ന യോഗത്തിൽ പ്രീച്ചിംഗിനും സ്പിരിച്വൽ ഷെയറിംഗിനും അനുമതി നൽകുന്ന ഐഡന്റിറ്റി കാർഡ് അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവ് വിതരണം ചെയ്തു. 130 ശുശ്രൂഷ കർ പിതാവിൽ നിന്നും കാർഡുകൾ ഏറ്റുവാങ്ങി. അതിരൂപതാ ചാൻസലർ വെരി റവ. ഫാ. ജോസഫ് മുട്ടത്തുകുന്നേൽ അദ്ധ്യക്ഷത വഹിച്ചു. അതിരൂപതാ കരിസ്മാറ്റിക് ഡയറക്ടർ റവ. ഫാ. സേവ്യർ പുത്തൻപുരയ്ക്കൽ സ്വാഗതം പറഞ്ഞു. കാർഡുകൾ കൈപ്പറ്റാത്തവർ വരും ദിവസങ്ങളിൽ സോണൽ ആനിമേറ്റർ അച്ചൻമാരെ സമീപിക്കേണ്ടതാണ്.

**വരദാന പരിശീലന ധ്യാനം**

സീയോൺ ധ്യാനകേന്ദ്രം നെല്ലിക്കുറ്റിയിൽ വച്ച് മാർച്ച് 25 ചൊവ്വ വൈകുന്നേരം മുതൽ മാർച്ച് 30 ഞായർ ഉച്ചയ്ക്ക് 1 മണി വരെ, വിജയികൾക്ക് സ്പിരിച്വൽ ഷെയറിംഗ് സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

**കുരിശിന്റെ വഴി പദയാത്ര**

28-3-25 ന് വെള്ളിയാഴ്ച രാവിലെ 8 മണി മുതൽ ഇരിട്ടി ഇലക്ട്രിസിറ്റി ഓഫീസ് പരിസരത്ത് നിന്ന് മാടത്തിൽ ദൈവാലയത്തിലേക്ക് കുരിശിന്റെ വഴി നടന്നു. തലശ്ശേരി സോൺ ആനിമേറ്റർ റവ. ഫാ. ജെയ്സൺ കോലക്കുന്നേൽ നേതൃത്വം നല്കിയ കുരിശിന്റെ വഴി പദയാത്രയുടെ നിയോഗങ്ങൾ

1. ലഹരിമുക്ത കേരളവും
2. കുടുംബ വിശുദ്ധീകരണവും
3. ലോകസമാധാനവും

വി. കുർബ്ബാന അർപ്പിച്ച് വചനസന്ദേശം നൽകിയത് കുന്നോത്ത് ഗുഡ് ഷെപ്പേർഡ് മേജർ സെമിനാരി റെക്ടർ വെരി റവ. ഫാ. മാത്യു പട്ടമനയാണ്.

**കരിസ്മാറ്റിക് കുടുംബോത്സവം**

തലശ്ശേരി സോണിലെ എടൂർ സബ് സോണിൽ വെളിമാനം സെന്റ് സെബാസ്റ്റ്യൻ സ് ദൈവാലയത്തിൽ വച്ച് 28-2-25 ന് കുടുംബാത്സവം നടത്തപ്പെട്ടു. വെരി റവ. ഫാ. തോമസ് വടക്കേമുറി ഉദ്ഘാടനം ചെയ്തു. സബ് സോൺ ആനിമേറ്റർ റവ. ഫാ. പോൾ ചക്കാനിക്കുന്നേൽ അദ്ധ്യക്ഷത വഹിച്ചു. സോണൽ ആനിമേറ്റർ റവ. ഫാ. ജെയ്സൺ കോലക്കുന്നേൽ വചന സന്ദേശം നൽകി. പിലാത്തറ ദൈവാലയത്തിൽ വച്ച് നടന്ന കരിസ്മാറ്റിക് കുടുംബോത്സവത്തിൽ കെ.സി.ബി.സി. കരിസ്മാറ്റിക് കമ്മീഷൻ മുൻ വൈസ് ചെയർമാൻ ബിഷപ്പ് അലക്സ് വടക്കുംതല പിതാവ് ഉദ്ഘാടനം ചെയ്തു. കരിസ്മാറ്റിക് കുടുംബോത്സവം ഇനിയും നടക്കാത്ത സബ് സോണുകളിൽ നടത്തുന്ന വിവരം എത്രയും പെട്ടെന്ന് സോൺ കോർഡിനേറ്റർമാർ അറിയിക്കേണ്ടതാണ്.

**കമ്മീഷൻ വിസിറ്റ്**

കെ.സി.ബി.സി. കരിസ്മാറ്റിക് കമ്മീഷൻ സബ് റീജിയൻ വിസിറ്റ് തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറാനാ ദൈവാലയത്തിൽ വച്ച് 7-3-2025 രാവിലെ 9.30 മുതൽ 4 മണി വരെ നടന്നു. കെ.സി.ബി.സി കരിസ്മാറ്റിക് കമ്മീഷൻ വൈസ് ചെയർമാൻ മാർ അലക്സ് താരാമംഗലം പിതാവ് ഉദ്ഘാടനം ചെയ്തു. കെ.സി.എസ്.സി. കോർഡിനേറ്റർ റവ. ഫാ. ജോസഫ് താമരവെളി, മോൺ. മാത്യു ഇളംതുരുത്തിപ്പടവിൽ, കരിസ്മാറ്റിക് ഡയറക്ടർ റവ. ഫാ. സേവ്യർ പുത്തൻപുരയ്ക്കൽ, വെരി റവ. ഫാ. മാത്യു ആശാരിപറമ്പിൽ, റവ. ഫാ. കുര്യാക്കോസ് കോലക്കുന്നേൽ, ക്ലാസ്സുകൾ നയിച്ചു.

**ബൈബിൾ സന്ദേശ യാത്ര**

കാസർകോട് സോണിലെ പ്രധാന ടൗണുകളിൽ എല്ലാം തെരുവു വചനപ്രഘോഷണം നടന്നു. പാണത്തൂരിൽ വച്ച് തലശ്ശേരി അതിരൂപതാ വികാരി ജനറാൾ മോൺ. മാത്യു ഇളംതുരുത്തിപ്പടവിൽ സോണൽ കോർഡിനേറ്റർ ബിനോയ് പുതിയമംഗലത്തിന് പതാക കൈമാറിക്കൊണ്ട് ഉദ്ഘാടനം ചെയ്തു. അതിരുപതാ കരിസ്മാറ്റിക് ഡയറക്ടർ റവ. ഫാ. സേവ്യർ പുത്തൻപുരയ്ക്കൽ, പാണത്തൂർ സെന്റ് മേരീസ് വികാരി റവ. ഫാ. വർഗീസ് ചെരിയംപുറത്ത്, രാജപുരം ഫൊറാനാ വികാരി റവ. ഫാ. ജോസ് അരിച്ചിറ, വെള്ളരിക്കുണ്ട് ഫൊറാനാ വികാരി റവ. ഫാ. ജോൺസൺ അന്ത്യാംകുളം മാലോം ഫൊറാനാവികാരി റവ. ഫാ. ജോസ് തൈകുന്നുംപുറം, റവ. ഫാ. മാത്യു വളവനാൽ, റവ. ഫാ. ജോർജ് കുടുംന്തയിൽ, റവ. ഫാ. അമൽ, സന്തോഷ് തലച്ചിറ, സി. ടെസ്സ എം. എസ്. എം. ഐ., സി. അതുല്യ, എം.എസ്.എം.ഐ., സി. റോസ് മേരി എസ്.എ.ബി, തോമസ് അടിച്ചിലാമാക്കൽ, സിബി ഓലിക്കൽ, ബിനോയ് പുതിയ മംഗലം തുടങ്ങി 60 ഓളം പേർ വചനപ്രഘോഷണം നടത്തി. സമാനനോമ്പുകാല പരിഹാര പ്രദക്ഷിണ ങ്ങൾ തലശ്ശേരി, കണ്ണൂർ സോണുകളിലും നടത്തപ്പെടുന്നു. കണ്ണൂർ സോണിൽ 5.4.2025 ന് ശനിയാഴ്ച രാവിലെ 7.30 ന് വായാട്ടുപറമ്പ് സെന്റ് ജോസഫ് ഫൊറാനാ ദൈവാലയത്തിൽ നിന്ന് ആരംഭിച്ച് കരുവൻച്ചാൽ, ആലക്കോട്, നെല്ലിപ്പാറ, രയറോം, തേർത്തല്ലി എന്നീ ടൗണുകളിലെ വചന പ്രഘോഷണത്തിനുശേഷം മേരിഗിരി ലിറ്റിൽ ഫ്ളവർ ദൈവാലയത്തിൽ എത്തിചേരുന്നു. അതിരൂപതാ കരിസ്മാറ്റിക് ഡയറക്ടർ റവ. ഫാ. സേവ്യർ പുത്തൻപുരയ്ക്കലും സോണൽ കരിസ്മാറ്റിക് ആനിമേറ്റർ റവ. ഫാ. സെബാസ്റ്റ്യൻ മുട്ടത്തുപാറയിലും നേതൃത്വം നൽകുന്നു.

**കാസർഗോഡ് സോൺ വൺ ഡേ**

കരിസ്മാറ്റിക് വൺഡേ തോമാപുരം സെന്റ് തോമസ് ദൈവാലയത്തിൽ വച്ച് നടത്തപ്പെടുന്നു. അതിരൂപതാ ചാൻസലർ റവ. ഫാ. ജോസഫ് മുട്ടത്തുകുന്നേൽ വചന സന്ദേശം നൽകുന്നു.

**ഈസ്റ്റർ ഭക്ഷണം**

തലശ്ശേരി സോണിൽ ഈസ്റ്റർ ദിനത്തിൽ തെരുവിൽ കഴിയുന്നവർക്കും പാവപ്പെട്ടവർക്കും നൽകാനായി 3000 ഭക്ഷണ പൊതികൾ ഒരുക്കുന്നു. സോണിലെ 200 ഓളം പേർ പങ്കെടുക്കുകയും 30 ഓളം വാഹനങ്ങളിലായി വിതരണം ചെയ്യുകയും ചെയ്യുന്നു.

**ഫാ. സേവ്യർ പുത്തൻപുരയയ്ക്കൽ**
ഡയറക്ടർ, കരിസ്മാറ്റിക് മൂവ്മെന്റ്

# ഫ്രാൻസിസ്ക്കൻ അല്മായ സഭ (SFO)

## 'സമാധാനവും സൗഭാഗ്യവും'

ഈശോയിൽ പ്രിയപ്പെട്ട അൽമായ സഹോദരങ്ങളെ,

നമ്മുടെ കർത്താവിനെ പൂർണ്ണഹൃദയത്തോടും പൂർണ്ണ ആത്മാവോടും പൂർണ്ണമനസ്സോടും, സർവ്വശക്തിയോടും കൂടെ സ്നേഹിക്കുകയും തങ്ങളുടെ ശരീരങ്ങളുടെ തിന്മകളോടും, പാപങ്ങളോടും പോരാടുകയും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ തിരുശരീരവും തിരുരക്തവും ദിവസവും സ്വീകരിക്കുകയും, പശ്ചാത്താപത്തിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുകയും ചെയ്യുന്ന എല്ലാവർക്കും നമ്മുടെ പിതാവായ വി. ഫ്രാൻസീസിന്റെ നാമത്തിൽ എല്ലാ അനുഗ്രഹങ്ങളും നേരുന്നു.

വിശുദ്ധന്റെ ആഹ്വാനപ്രകാരം എല്ലാമനുഷ്യരെയും വ്യവസ്ഥകളില്ലാതെ സ്നേഹിക്കുകയും, അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും, കഴിവിനനുസരിച്ചു പാവപ്പെട്ടവരെ സഹായിക്കുകയും, രോഗീസന്ദർശനം നടത്തി അവരെ ആശ്വസിപ്പിക്കുകയും ചെയ്യുന്ന അല്മായ സഹോദരങ്ങളെ, വലിയ നോമ്പിന്റെ അവസാന ആഴ്ചകളിലേയ്ക്ക് നാം കടക്കുമ്പോൾ കൂടുതൽ തീക്ഷണതയോടെ നമുക്ക് നോമ്പുകാലം ആചരിക്കാം.

ക്ലേശങ്ങളിൽ ക്ഷമ, സമൃദ്ധിയിൽ മിതത്വം, ഹൃദയത്തിൽ എളിമയും സമാധാനവും എല്ലാവരോടും അനുസരണയോടും, ശാന്തതയോടും കൂടി പെരുമാറുക, ലോകാഡംബരങ്ങളോടുള്ള വെറുപ്പ്, ദാരിദ്ര്യത്തോടുള്ള സ്നേഹം, പ്രാർത്ഥനയിലും, ദിവ്യസ്തുതി ഗീതാലാപനങ്ങളിലും അതീവ ശ്രദ്ധ, മുതലായ സുകൃതങ്ങളിൽ വിളങ്ങി പ്രകാശിക്കുന്നവരായി ആത്മാവിനെയും ശരീരത്തെയും സംബന്ധിക്കുന്ന സകല ആഗ്രഹങ്ങളും നല്ലയിടയനായ ഈശോയിൽ സമർപ്പിക്കണം.

ഈ സുകൃതങ്ങൾ യഥാവിധി നിർവ്വഹിക്കുവാൻ നിങ്ങൾ ഭക്ഷിക്കുന്നതിലോ, പാനം ചെയ്യുന്നതിലോ, ശരീരത്തിന്റെ മറ്റേതെങ്കിലും ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിലോ നിങ്ങൾ അമിത ശ്രദ്ധയോ ആകുലചിന്തയോ പാടില്ല. മറിച്ച് ദൈവത്തേ സ്തുതിക്കുന്നതിലും പ്രാർത്ഥിക്കുന്നതിലും അതീവ ശ്രദ്ധാലുക്കളാകുക.

കുടുംബത്തിലെ ഉത്തരവാദിത്വങ്ങൾ ഭംഗിയായി നിർവ്വഹിക്കുന്നതിനോടൊപ്പം തന്നെ നമ്മുടെ അനുദിനപ്രവർത്തനങ്ങളിലൂടെ സുവിശേഷം ലോകത്തിൽ ജീവിച്ചുകാണിക്കുവാനാണ് നാം വിളിക്കപ്പെട്ടിരിക്കുന്നത്, എന്നുള്ള വസ്തുത നാം മറക്കരുത്. ഇതിനെല്ലാം പുറമേ, വളരെ പ്രത്യേകമായി നാം മനസ്സിലാക്കേണ്ടത്, ഇതൊരു സംഘടനയല്ല, ഇതൊരു ജീവിത ശൈലിയാണ്.

നമുക്ക് ഇപ്പോൾ ഇരിട്ടി റീജിയന്റെ കീഴിൽ ഒൻപതു ഭ്രാതൃത്വങ്ങ ളാനുള്ളത്. ഇതിനു പുറമേ നോമ്പു കാലത്ത് ഞങ്ങൾ പുതിയ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി അഞ്ച് ഇടവകകളിൽ കൂടി സന്ദർശനം നടത്തുകയും നല്ലവരായ വികാരിയച്ചന്മാരുടെ സഹകരണം അഭ്യർത്ഥിക്കുകയും ചെയ്തു. എല്ലാ വികാരിയച്ചന്മാരും വളരെ താല്പ്പര്യത്തോടെ SFO യുടെ യൂണിറ്റുകൾ ആരംഭിക്കുവാൻ താല്പ്പര്യം പ്രകടിപ്പിച്ചു.

ഇതനുസരിച്ച് 16-03-2025 ന് ഞായറാഴ്ച റീജിയണൽ ഭാരവാഹികൾ മാണിപ്പാറ ഇടവകയിൽ ചെല്ലുകയും പുതിയ ഒരു യൂണിറ്റിന് തുടക്കം ഇടുകയും ചെയ്തു. മാണിപ്പാറ ഇടവകയിൽ യൂണിറ്റ് ആരംഭിക്കുന്നതിന് എല്ലാ സഹായസഹകരണങ്ങളും ചെയ്തുതന്ന ബഹു. വികാരി റവ. ഫാ. ജോസഫ് കുരിശുംമൂട്ടിലിന് ഞങ്ങൾ ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു. ഞങ്ങൾ സന്ദർശനം നടത്തിയ ബാക്കി ഇടവകകളിൽ കൂടി ഉടനെ യൂണിറ്റുകൾ സ്ഥാപിക്കാൻ വരും ദിവസങ്ങളിൽ എത്തുന്നതാണ്.

നമ്മുടെ പ്രിയങ്കരനായ അഭിവന്ദ്യ പിതാവ് മാർ ജോസഫ് പാംപ്ലാനി നോമ്പുകാല സർക്കുലറിൽ പറഞ്ഞതുപോലെ ആത്മീയ ജീവിതത്തിന്റെ വസന്തകാലം എന്ന് വിശേഷിപ്പിക്കുന്ന വലിയനോമ്പിന്റെ ദിനങ്ങൾ കൂടുതൽ വിശുദ്ധിയോടെ ജീവിക്കാൻ സർവ്വശക്തനായ ദൈവം നമ്മെ ഓരോരുത്തരെയും അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട്,

**ബ്ര. യേശുദാസ് ഇല്ലിക്കൽ**
അതിരൂപതാ മിനിസ്റ്റർ

**ഫാ. വിൻസെന്റ് മറ്റത്തിൽകുന്നേൽ**
അതിരൂപതാ ആത്മീയസഹായി

# ACCOMPANYING DIFFERENTLY – ABLED AND AWAKENING MISSION (ADAM)

**അസീസ്സി ബധിര വിദ്യാലയം, മൂവാറ്റുപുഴ**

ക്ലാര സന്യാസിനി സമൂഹം മേൽനോട്ടം വഹിക്കുന്ന മൂവാറ്റുപുഴ അസീസി സ്പീച്ച് ആൻഡ് ഹിയറിങ് വിദ്യാലയത്തിലെ കുട്ടികൾക്ക് മാർച്ച് ഒന്നാം തീയതി വ്യക്തിത്വ വികസന ക്ലാസ് നൽകി.

**ഇടുക്കി ബധിര ബൈബിൾ കൂട്ടായ്മ**

ഇടുക്കി, കോതമംഗലം രൂപതകളിലെ ബധിരവിശ്വാസ സമൂഹത്തിനായി മാർച്ച് 2-ാം തീയതി രാവിലെ 10 മണിക്ക് ഞായറാഴ്ച തൊടുപുഴ വിൻസെൻഷ്യൻ ആശ്രമ ദൈവാലയത്തിൽ കുമ്പസാരവും, ആംഗ്യഭാഷയിൽ വിശുദ്ധ കുർബാനയും അർപ്പിച്ചു.

**കോട്ടയം ബധിര ബൈബിൾ കൂട്ടായ്മ**

പാലാ, ചങ്ങനാശ്ശേരി രൂപതകളിലെ ബധിര വിശ്വാസസമൂഹത്തിനായി രണ്ടാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3:00 മണി മുതൽ അതിരമ്പുഴ പഴയപള്ളിയിൽ വിശുദ്ധ കുമ്പസാരവും, ബൈബിൾ ക്ലാസും, വിശുദ്ധ കുർബാനയും അർപ്പിച്ചു.

**ആലക്കോട് ബധിര ബൈബിൾ കൂട്ടായ്മ**

മാർച്ച് രണ്ട്, ഞായറാഴ്ച ആലക്കോട് ബധിര ബൈബിൾ കൂട്ടായ്മയിൽ നോമ്പുകാല ഏകദിന ധ്യാനം സംഘടിപ്പിച്ചു. ഇന്ത്യയിലെ ആദ്യ ബധിര വൈദികനായ ഫാദർ ജോസഫ് തേർമഠം ധ്യാനത്തിന് നേതൃത്വം കൊടുത്തു. കുമ്പസാരവും, ബൈബിൾ ക്ലാസും, തുടർന്ന് വിശുദ്ധ ബലിയും അർപ്പിക്കപ്പെട്ടു. കൂട്ടായ്മയിൽ ത്യാഗപൂർവം എത്തിച്ചേർന്ന ജോസഫച്ചന് ആദം മിനിസ്ട്രിയുടെ നന്ദി.

**സ്പോട്ട് കൗൺസിലിംഗ്**

ആദം മിനിസ്ട്രിയുടെ കുടുംബ കൗൺസിലിംഗിന്റെ ഭാഗമായി 3-ാം തീയതി തിങ്കളാഴ്ച്ച പാല, രാമപുരം എന്നിവിടങ്ങളിലെ ബധിര ഭവനങ്ങൾ സന്ദർശിച്ച് കൗൺസിലിംഗ് നൽകി.

**ബാംഗ്ലൂർ മിഷൻ**

മാർച്ച് 16-ാം തീയതി ഞായറാഴ്ച ബാംഗ്ലൂർ അതിരൂപത ഭിന്നശേഷി വിഭാഗം ഒരുക്കിയ ഭിന്നശേഷിക്കാർക്കായുള്ള നോമ്പുകാല ഏകദിന ധ്യാനത്തിൽ ഫാ. ജോസഫ് തേർമടം ആംഗ്യ ഭാഷയിൽ ശുശ്രൂഷകൾക്ക് സഹായം നൽകി. അതിരൂപത ഭിന്നശേഷി വിഭാഗം ഡയറക്ടർ ഫാ. ഗബ്രിയേൽ ക്രിസ്റ്റി ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. അതിരൂപത സഹായ മെത്രാൻ മാർ സുസൈനാഥൻ വിശുദ്ധ ബലിക്ക് മുഖ്യകാർമികത്വം വഹിച്ചു.

**കാസർഗോഡ് ജില്ല ഭിന്നശേഷി ഉപകരണ സഹായവിതരണം**

കേരള സംസ്ഥാന സോഷ്യൽ ജസ്റ്റിസ് ഡിപ്പാർട്ട്മെന്റ് കാസർഗോഡ് ജില്ല ഭിന്നശേഷി വികസന കോർപ്പറേഷനും സംയുക്തമായി നടത്തിയ ഭിന്നശേഷിക്കാരുടെ സഹായ ഉപകരണ വിതരണം പരിപാടിയിലും നവീകരിച്ച സാമൂഹ്യനിധിയോ ഉദ്ഘാടനകർമ്മത്തിലും പങ്കുചേർന്ന് ആംഗ്യഭാഷയിൽ പരിഭാഷ നൽകി. കേരള ഉന്നത വിദ്യാഭ്യാസ സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദു പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. ഭിന്നശേഷിക്കാർക്കായി ശുഭയാത്ര, ശ്രവൺ, ഹസ്തദാനം എന്നീ പദ്ധതികളെക്കുറിച്ച് മന്ത്രി വിവരിച്ചു. മെറി ഹോം ഭവന വായ്പ പദ്ധതി, വാഹന വായ്പ പദ്ധതി, സ്വയം തൊഴിൽ പദ്ധതി, വിദ്യാഭ്യാസ വായ്പ എന്നിവ താഴ്ന്ന പലിശ ഇനത്തിൽ ഭിന്നശേഷിക്കാർക്ക് ലഭ്യമാണ്.

**വയനാട് ബധിര ബൈബിൾ കൂട്ടായ്മ**

മാർച്ച് 30-ാം തീയതി ഞായറാഴ്ച വയനാട് റീജൻ ബധിര വിശ്വാസ സമൂഹത്തിനായി ഏകദിന ധ്യാനം സംഘടിപ്പിച്ചു. ബത്തേരി അസംഷൻ ദൈവാലയത്തിൽ നടത്തപ്പെട്ട ഏകദിന ധ്യാന ശുശ്രൂഷയിൽ മാനന്തവാടി രൂപത ഭിന്നശേഷി വിഭാഗം ഡയറക്ടർ ഫാ. ജെറി ഓണമ്പള്ളി, ഫാ. ജോർജ് കളരിമുറിയിൽ എന്നിവർ ധ്യാനത്തിന് നേതൃത്വം നൽകി.

**ഫാ. ജോർജ് കളരിമുറിയിൽ**
*ഡയറക്ടർ*

# കെ. സി. ബി. സി. മദ്യവിരുദ്ധസമിതി

## മുക്തിശ്രീ, എ. ഡി. എസ്. യു, പ്രതീക്ഷാ മദ്യപാനരോഗ ചികിത്സാകേന്ദ്രം

**ലഹരി വ്യാപനം സർക്കാർ നിഷ്ക്രിയത്വം വെടിയണം**

സമൂഹം ലഹരി മാഫിയയുടെ പിടിയിൽ അമരുന്നത് തടയാൻ സർക്കാർ നടപടി സ്വീകരിക്കാത്തതിൽ വാണിയപ്പാറ ഇൻഫന്റ് ജീസസ് പള്ളിയിൽ ചേർന്ന മദ്യവിരുദ്ധ സമിതി മുക്തിശ്രീ തലശേരി അതിരൂപത യൂണിറ്റ് സംയുക്ത കൗൺസിൽ ആശങ്ക രേഖപ്പെടുത്തി. മദ്യത്തിന്റെയും രാസലഹരി വസ്തുക്കളുടെയും ഉപയോഗംമൂലം യുവതലമുറ മുമ്പെങ്ങും കേട്ടുകേൾവി പോലുമില്ലാത്തവിധം ആക്രമണ വാർത്തകളിൽ നിറയുകയാണ്. സമൂഹത്തെ കാർന്നു തിന്നുന്ന വിപത്തിനോട് ഇനിയും പ്രതികരിച്ചില്ലെങ്കിൽ സമൂഹം നേരിടേണ്ടിവരുന്നത് വലിയ വിപത്തായിരിക്കും. ലഹരിവ്യാപനത്തിന് തടയിടാൻ പോലീസ് എക്സൈസ് അധികൃതർ ശക്തമായ നടപടി സ്വീകരിക്കണമെന്ന് യോഗം ആവശ്യപ്പെട്ടു. ശക്തമായ സമരബോധ വത്കരണ പരിപാടികൾ നടത്താനും യോഗം തീരുമാനിച്ചു.

വാണിയപ്പാറ ഇൻഫെന്റ് ജീസസ് പള്ളി വികാരി ഫാ. ജിൽബർട്ട് കൊന്നയിൽ യോഗം ഉദ്ഘാടനം ചെയ്തു. മദ്യവിരുദ്ധ സമിതി അതിരൂപതാ പ്രസിഡന്റ് ടോമി സാർ വെട്ടിക്കാട്ട് അദ്ധ്യക്ഷത വഹിച്ചു. ഷിനോ പാറക്കൽ, സി. ജോസ് മരിയ സി.എം.സി., ടി. ഡി. ദേവസ്യ, സോയി ജോസഫ്, പാപ്പച്ചൻ പൂമരത്തിൽ, ബിന്ദു സണ്ണി ഓരത്തേൽ, എമിലി പൂമരത്തിൽ, ജോസ് ചിറ്റേട്ട്, ബീന തോട്ടത്തിൽ, മോളി ഒഴുകയിൽ, ചാക്കോച്ചൻ വാളിമല, സനോജ് വയലാമണ്ണിൽ, സിബി തോട്ടത്തിൽ, മാമ്മച്ചൻ പാമ്പയ്ക്കൽ, സോളി രാമച്ചനാട്ട്, ജിൻസി കുഴിമുള്ളിൽ, വിൻസെന്റ് മുണ്ടാട്ടു ചുണ്ടയിൽ എന്നിവർ പ്രസംഗിച്ചു.

**മണിക്കടവിൽ മദ്യലഹരി വിരുദ്ധ റാലി**

മണിക്കടവ് സെന്റ് തോമസ് ഫൊറോന ദൈവാലയത്തിൽ മദ്യവിരുദ്ധ സമിതിയുടെയും മുക്തിശ്രീയുടെയും സംയുക്താഭി മുഖ്യത്തിൽ ഇടവകയിലെ മുഴുവൻ സംഘടനകളെയും പങ്കെടുപ്പിച്ചു

കൊണ്ട് റാലിയും, പൊതുസമ്മേളനവും നടത്തി. ലഹരിവ്യാപനത്തെ പഞ്ചായത്ത് മെമ്പർമാർ ഉൾപ്പെടെയുള്ള മുഴുവൻ സംഘടനാ പ്രതിനിധികളും അപലപിക്കുകയും, പോലീസും ഭരണനേതൃത്വവും ശക്തമായ നിലപാടു സ്വീകരിക്കണമെന്നും അല്ലാത്തപക്ഷം ജനങ്ങളുടെ സംഘടിത മുന്നേറ്റം ഉണ്ടാകുമെന്നും മുന്നറിയിപ്പു നൽകി. ഫൊറോന വികാരി റവ. ഫാ. പയസ് പടിഞ്ഞാറെമുറിയിൽ അദ്ധ്യക്ഷത വഹിച്ചു. പഞ്ചായത്ത് പ്രസിഡന്റ് പി.സി. ഷാജി യോഗം ഉദ്ഘാടനം ചെയ്തു. യോഗാനന്തരം അതിരൂപതാ ടീമിന്റെ 'പരേതന് പറയാനുള്ളത്' എന്ന ലഘുനാടകവും ഉണ്ടായിരുന്നു. ജനപങ്കാളിത്തം കൊണ്ട് യോഗം ശ്രദ്ധേയമായി.

**കൂട്ടുപുഴ ചെക്ക്പോസ്റ്റിൽ ധർണാ സമരം**

കേരളത്തിലെ മദ്യ-ലഹരിവ്യാപനത്തിൽ സർക്കാർ കാണിക്കുന്ന അലംഭാവത്തിനെതിരെ മദ്യവിരുദ്ധ സമിതിയുടെയും, മുക്തിശ്രീയുടെയും ആഭിമുഖ്യത്തിൽ കൂട്ടുപുഴ ചെക്ക് പോസ്റ്റിനു മുൻപിൽ സായാന ധർണ സംഘടിപ്പിച്ചു. ചെക്ക്പോസ്റ്റിലെ പരിശോധനാ കർശനമാക്കണമെന്നും, ലഹരി കടത്തുന്നവർക്ക് രാജ്യദ്രോഹകുറ്റം ചുമത്തി തുറങ്കിലടയ്ക്കണമെന്നും ജനങ്ങൾ ആവശ്യപ്പെട്ടു. ലഹരി വസ്തുക്കളുടെ ഉറവിടത്തിൽ നിന്നുതന്നെ ഇല്ലാതാക്കണമെന്നതും, വൻതോക്കുകളെ ഭരണനേതൃത്വം ഭയപ്പെടുകയാണെന്നും നേതൃത്വം ചൂണ്ടിക്കാട്ടി. ആർച്ചുബിഷപ്പ് എമിരറ്റസ് മാർ. ജോർജ് ഞരളകാട്ട് ധർണാ സമരം ഉദ്ഘാടനം ചെയ്തു. കുന്നോത്ത് ഫൊറോന വികാരി ഫാ. സെബാസ്റ്റ്യൻ മുക്കിലിക്കാട്ട്, രൂപതാ ഡയറക്ടർ ഫാ. ജോസഫ് പൂവത്തോലിൽ, ഫൊറോന ഡയറക്ടർ ഫാ. ജോർജ് അച്ചാണ്ടി യിൽ, അതിരൂപതാ പ്രസിഡന്റ് ടോമി സാർ വെട്ടിക്കാട്ട്, മുക്തിശ്രീ പ്രസിഡന്റ് ഷിനോ പാറക്കൽ, സി. ജോസ് മരിയ സി.എം.സി., സോയി ജോസഫ്, ടി.ഡി. ദേവസ്യ, സോളി രാമച്ചനാട്ട് , സെബാസ്റ്റ്യൻ കക്കാട്ടിയിൽ, ബിന്ദു ഓരത്തേൽ, ഷെൽസി കാവനാടി, പുഷ്പ വെള്ളാപ്പാടം എന്നിവർ നേതൃത്വം നല്കി.

**ടോമി വെട്ടിക്കാട്ട്**
*പ്രസിഡണ്ട്*

**ഫാ. ജോസഫ് പൂവത്തോലിൽ**
*ഡയറക്ടർ*

**ഷിനോ പാറക്കൽ**
*മുക്തിശ്രീ പ്രസിഡന്റ്*

# സോഷ്യൽ സർവ്വീസ് അപ്പൊസ്റ്റോലേറ്റ്

**ടി. എസ്. എസ്. എസ്.**

## കാവൽപ്ലസ് പദ്ധതിയുടെ സേവനം TSSS വഴി കാസർഗോഡ് ജില്ലയിലും

കാസർഗോഡ് ജില്ലയിൽ കാവൽപ്ലസ് പദ്ധതിയുടെ പ്രവർത്തനങ്ങൾക്ക് തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിക്ക് അനുമതി ലഭിച്ചു. വനിത ശിശുവികസന വകുപ്പ് വഴി നടപ്പിലാക്കപ്പെടുന്ന പദ്ധതിയാണ് കാവൽപ്ലസ്. പ്രധാനമായും പരിചരണവും സംരക്ഷണവും ആവശ്യമുള്ള കുട്ടികൾക്കും, ലൈംഗിക പീഡനത്തിൽ നിന്ന് രക്ഷപെടുന്ന കുട്ടികൾക്കും, കാവൽപ്ലസ് പദ്ധതിയുടെ ഭാഗമായി, ജുവനൈൽ ജസ്റ്റിസ് ആക്ട് (2015) പ്രകാരം, പുനഃരധിവാസം വേണ്ട കുട്ടികൾക്കും, മാനസിക-സാമൂഹിക പരിചരണവും സംരക്ഷണവും നൽകുകയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഇത്തരം കുട്ടികളെ തിരിച്ചറിയുകയും, അവരെ ശിശുസംരക്ഷണ സംവിധാനത്തിലേക്ക് കൊണ്ടുവരികയും, സാമൂഹിക പുനഃരധിവാസം നടത്തുകയും ചെയ്യുന്നതാണ് പദ്ധതിയുടെ ഘടന. കൂടാതെ ലൈംഗിക പീഡനത്തിൽ നിന്ന് രക്ഷപ്പെട്ട കുട്ടികൾക്ക് മനഃശാസ്ത്ര സഹായവും പിന്തുണയും നൽകുന്നു.

ചൈൽഡ് വെൽഫെയർ കമ്മിറ്റി (CWC) ഡിസ്ട്രിക്ട് ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ് എന്നിവരുടെ മേൽനോട്ടത്തിലാണ് കാവൽപ്ലസ് പ്രവർത്തിക്കുന്നത്. നിലവിൽ കണ്ണൂർ ജില്ലയിലെ കാവൽപ്ലസ് പദ്ധതിയുടെ നിർവ്വഹണ ഏജൻസിയും തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയാണ്.

## മാതാ ക്ലീനിംഗ് പ്രൊഡക്ട്സ് സർക്കാർ സ്ഥാപനങ്ങളിലേക്കും...

TSSS-ന്റെ മാതാ ഹോം കെയർ ക്ലീനിംഗ് ഉത്പന്നങ്ങൾ ഇനി മുതൽ സർക്കാർ സ്ഥാപനങ്ങളുടെ ശുചീകരണത്തിലും പ്രധാന പങ്കുവഹിക്കുന്നു. കേരള കൺസ്യൂമർ ഫെഡുമായി സഹകരിച്ചുകൊണ്ട് കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ സർക്കാർ സ്ഥാപന

ങ്ങളിൽ മാതാ ഹോം കെയർ ഡിറ്റർജന്റ് ഉത്പന്നങ്ങൾ ഉപയോഗിക്കുവാനുള്ള അനുമതി TSSS-ന് ലഭിച്ചത്.

### ഗ്രാമിയ നോട്ടുബുക്ക് വിതരണം ആരംഭിച്ചു

TSSS-ന്റെ നേതൃത്വത്തിൽ വിപണിയിൽ ലഭ്യമാക്കിവരുന്ന ഗ്രാമിയ നോട്ടുബുക്കുകളുടെ ഈ വർഷത്തെ വിതരണം ആരംഭിച്ചു. കൂടുതൽ ഓർഡറുകൾ നൽകുന്ന ഇടവകകളിലും യൂണിറ്റുകളിലും നോട്ടുബുക്കുകൾ എത്തിച്ചു നൽകുന്നതായിരിക്കും. ആകർഷകമായ നിരക്കിലും മികവോടെയും 96, 168 പേജുകളിലായാണ് ഈ വർഷം കോളേജ്, സ്കൂൾ നോട്ടുബുക്കുകൾ തയ്യാറാക്കിയിട്ടുള്ളത്. 96 പേജുകൾ വീതമുള്ള സ്കൂൾ, കോളേജ് നോട്ടുബുക്കുകൾക്ക് യഥാക്രമം *(ബ്രാക്കറ്റിൽ ചേർത്തിരിക്കുന്നത് യഥാർത്ഥ വില)* 27 (32), 17 (20) എന്നീ നിരക്കു കളിലും, 168 പേജുകൾ വീതമുള്ള സ്കൂൾ, കോളേജ് നോട്ടുബുക്കുകൾക്ക് യഥാക്രമം 48 (58), 27 (32) എന്നീ നിരക്കുകളിലുമായിരിക്കും ലഭ്യമാക്കുക. ഓർഡറുകൾ നൽകുന്നതിനായി +91 9496684784 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

### നിഴൽ പദ്ധതി

തെരുവോരങ്ങളിൽ വസിക്കുന്നവർക്കും, സർക്കാർ ആശുപത്രികളിലേക്കും ഉച്ചഭക്ഷണം നൽകുന്നതിനായി TSSS ആരംഭിച്ച നിഴൽ പദ്ധതിയുടെ പ്രവർത്തനങ്ങൾ ആരംഭിച്ചു. എല്ലാ ദിവസങ്ങളിലും ഭക്ഷണം ലഭ്യമാക്കുക എന്നത് എല്ലാവരുടെയും സഹകരണത്തോടെ മാത്രമേ നമുക്ക് സാധ്യമാവുകയുള്ളൂ. ഈ പുണ്യപ്രവൃത്തിയിൽ പങ്കാളികളാകുവാൻ എല്ലാ ബഹു. അച്ചന്മാരുടെയും പിന്തുണയും സഹകരണവും സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

ഒരു ദിവസം 100 പേർക്ക് വീതമാണ് ഊൺ നൽകുക. ഒരു ഊണിന് 35/- രൂപ എന്ന നിരക്കിൽ ഒരു ദിവസത്തേക്ക് 3500/- രൂപ ചിലവ് വരുന്നു. TSSS യൂണിറ്റുകളുടെയും വിവിധ ഉപകാരികളുടെയും സഹകരണത്തോടെ ഓരോ മാസവും ഓരോ മേഖല എന്ന രീതിയിലാണ് ഈ പ്രവർത്തനം ആദ്യഘട്ടത്തിൽ നടപ്പിലാക്കുക. കൂടുതൽ വിവരങ്ങൾക്ക് +91 9496684784, +91 9446531822 എന്ന നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

*അർഹിക്കുന്നവർക്ക് ഒരു നേരമെങ്കിലും വിശപ്പകറ്റാൻ... ഒരു ഊണിന്റെ 35/- രൂപയെങ്കിലും ഈ പദ്ധതിയിലേക്ക് നൽകികൊണ്ട് നമ്മുടെ സഹോദരങ്ങളെ നമുക്ക് ചേർത്തുപിടിക്കാം... ഒരു നിഴലായ് അവരോടൊപ്പമായിരിക്കാം...*

| | | |
|---|---|---|
| Name | : | **TSSS NIZHAL PROJECT** |
| A/c No. | : | 012 805 300 022 770 |
| Branch | : | Thalassery |
| IFS Code | : | DLXB0000128 |

### അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ ട്രെയിനിംഗ്

പുതുതായി തെരഞ്ഞെടുത്ത ഭരണസമിതി അംഗങ്ങളിലെ പ്രസിഡണ്ടുമാർക്കും സെക്രട്ടറിമാർക്കും മാർച്ച് 20-ാം തീയതി മുതൽ തലശ്ശേരി കേന്ദ്ര ഓഫീസിൽ സംഘടിപ്പിച്ച അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ ട്രെയിനിംഗിൽ TSSS പ്രോഗ്രാം മാനേജർമാർ പങ്കെടുത്തു.

### യൂണിറ്റ് രൂപീകരണം

നെല്ലിക്കാംപൊയിൽ മേഖലയിലെ പടിയൂരിൽ പുതിയ TSSS യൂണിറ്റ് ആരംഭിച്ചു. പ്രസ്ഥാനത്തിന്റെ വളർച്ചയോടൊപ്പം ചേർന്നുനിന്നുകൊണ്ട് പുതിയ തുടക്കം കുറിച്ച യൂണിറ്റ് ഭാരവാഹികൾക്ക് പ്രത്യേകം അഭിനന്ദനങ്ങൾ.

**പടിയൂർ**

| | |
|---|---|
| *യൂണിറ്റ് ഡയറക്ടർ* | : ഫാ. സെബാസ്റ്റ്യൻ തെങ്ങുംപള്ളിൽ |
| *പ്രസിഡണ്ട്* | : ബാബു കാവനാൽ |
| *വൈസ് പ്രസിഡണ്ട്* | : ഷിംല (മേരി) |
| *സെക്രട്ടറി* | : ജോബി സെബാസ്റ്റ്യൻ തോംമ്പുന്നയിൽ |
| *ജോ. സെക്രട്ടറി* | : സന്തോഷ് വാവോലിൽ |
| *കമ്മിറ്റി അംഗങ്ങൾ* | : സാനി കാവുംകട്ടയിൽ |
| | : ആനി ബൈജു |
| | : സിബി ചക്കാലപറമ്പിൽ |

### കാർബൺ ന്യൂട്രൽ ഇടവകകൾ - സെമിനാർ

2025 മാർച്ച് 4-ന് തലശ്ശേരി അതിരൂപതയിലെ കൂരിയായിലെ ബഹു. അച്ചന്മാർക്കും, ഫൊറോന വികാരിയച്ചന്മാർക്കുമായി കാർബൺ ന്യൂട്രൽ കമ്മ്യൂണിറ്റീസ് എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു. കേരളത്തിലെ ആദ്യത്തെ കാർബൺ ന്യൂട്രൽ ഇടവകയായി പ്രഖ്യാപിക്കപ്പെട്ട പാലക്കാട് രൂപതയിലെ പൊൻകണ്ടം സെന്റ് ജോസഫ്സ് പള്ളി വികാരി റവ. ഫാ. സജി വട്ടുകുളം അച്ചന്റെ നേതൃത്വത്തിലാണ് സെമിനാർ സംഘടിപ്പിച്ചത്.

### മാതാ ഹോം കെയർ ഉത്പന്നങ്ങൾ

സ്വാഭിമാൻ ക്ലീനിംഗ് ഉത്പന്നങ്ങളുടെ കിറ്റുകളോടൊപ്പം വാഷിംഗ് മെഷീൻ ലിക്വിഡ് ഡിറ്റർജന്റ്, ഫാബ്രിക് സ്റ്റാർച്ച്, ഫിനോയിൽ, ഫാബ്രിക് കണ്ടീഷണർ, ലിക്വിഡ് ഡിഷ്‌വാഷ്, ടോയ്‌ലെറ്റ് ക്ലീനർ, ഫ്ളോർ വാഷ്, ഹാന്റ് വാഷ്, ഹെയർ ഷാംപൂ, കാർ ഷാംപൂ, ബാത്ത് സോപ്പ്, ഡിഷ് വാഷ് ബാർസോപ്പ് തുടങ്ങിയ ഉത്പന്നങ്ങളും മികച്ച ഗുണമേന്മയോടുകൂടി ആകർഷകമായ നിരക്കിൽ ലഭ്യമാക്കി വരുന്നു. ഏരിയൽ/ഹൈടെക്ക് സോപ്പുപൊടി, ഡിഷ്‌വാഷ്, ഹാർപ്പിക്, ഫിനോയിൽ, ഷാംപൂ തുടങ്ങിയ കിറ്റുകളും TSSS മേഖലാ-യൂണിറ്റ് ഓഫീസുകൾ വഴി ലഭിക്കുന്നതായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് : +91 9496684784.

## പ്രതിമാസ പ്രവർത്തനങ്ങൾ

2025 ഏപ്രിൽ മാസത്തിൽ നടത്തേണ്ട പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

**1). ഏപ്രിൽ 07**

**ലോകാരോഗ്യദിനം (World Health Day)**

**പ്രവർത്തനം:**

* **മെഡിക്കൽക്യാമ്പ് സംഘടിപ്പിക്കുക.**
അലോപ്പതി, ആയുർവേദം, ഹോമിയോ എന്നിവയിൽ ഏതെങ്കിലുമൊരു മെഡിക്കൽക്യാമ്പ് യൂണിറ്റുകളുമായി സഹകരിച്ച് മേഖലകളിൽ സംഘടിപ്പിക്കുക.

**2). ഏപ്രിൽ 18**

**ലോക പൈതൃകദിനം (World Heritage Day)**

**പ്രവർത്തനം:**

* **പുതിയ തലമുറയ്ക്ക് പൈതൃകദിനത്തിനെക്കുറിച്ച് അവബോധം നൽകുന്നതിനായി വ്യത്യസ്തയിനം പരിപാടികൾ മേഖലയുമായി ചേർന്ന് സംഘടിപ്പിക്കുക.**

*ഉദാഹരണം:* പഴയകാല ഉപകരണങ്ങളുടെയും, ഉത്പന്നങ്ങളുടെയും, ഭക്ഷണരീതികളുടെയും എക്സിബിഷനും മേളയും സംഘടിപ്പിക്കുക. കുടിയേറ്റക്കാരായ പഴയ തലമുറയിലെ അംഗങ്ങളെ സന്ദർശിക്കുകയും, ആദരിക്കുകയും ചെയ്യുക.

**3). ഏപ്രിൽ 22**

**ലോക ഭൗമദിനം (World Earth Day)**

**പ്രവർത്തനങ്ങൾ:**

* **വൃക്ഷത്തൈ നട്ടുപരിപാലിക്കൽ**
യൂണിറ്റുകളുടെ നേതൃത്വത്തിൽ വഴിയരികിലും, പൊതുയിടങ്ങളിലും വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുകയും പരിപാലിക്കുകയും ചെയ്യുക.

* **ഫലവൃക്ഷത്തൈ വിതരണം**
കർഷകർക്കും, വിദ്യാർത്ഥികൾക്കും ഫലവൃക്ഷത്തൈകൾ വിതരണം ചെയ്യുകയും, ഭൗമദിനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ബോധവത്ക്കരണം നടത്തുകയും ചെയ്യുക.

## കാൻസർ പരിശോധനാക്യാമ്പ്

കാൻസർ രോഗത്തെ നേരത്തേ കണ്ടെത്തി നിയന്ത്രണവിധേയമാക്കാനും, നമ്മുടെ കുടുംബത്തേയും നാടിനേയും കാൻസർ വിമുക്തമാക്കി മാറ്റാനും തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ മലബാർ കാൻസർ സെന്ററിന്റെ സഹകരണത്തോടെ കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി സൗജന്യ കാൻസർ പരിശോധനാക്യാമ്പുകൾ നടത്തി

വരുന്നു. മലബാർ കാൻസർ സെന്ററിലെ ഓങ്കോളജി വിഭാഗത്തിലെ വിദഗ്ധ ഡോക്ടർമാരുടെ നേതൃത്വത്തിൽ വായിലെ കാൻസർ, സ്തനാർബുദം, ഗർഭാശയ കാൻസർ തുടങ്ങിയവയുടെ പരിശോധനകളാണ് ക്യാമ്പുകളിൽ സംഘടിപ്പിച്ചുവരുന്നത്. 2025 മാർച്ച് മാസത്തെ ക്യാമ്പ് 17-ാം തീയതി തിങ്കളാഴ്ച നെല്ലിക്കാംപൊയിൽ മേഖലാ ഓഫീസിൽവച്ച് നടത്തി. അടുത്ത **ക്യാമ്പ് 2025 ഏപ്രിൽ 07 തിങ്കളാഴ്ച രാവിലെ 10 മണി മുതൽ 12 മണിവരെ ചിറ്റാരിക്കാൽ (തോമാപുരം) മേഖലാ ഓഫീസിൽ** വച്ച് നടത്തപ്പെടുന്നു. ക്യാമ്പിൽ പങ്കെടുക്കുന്നതിനായി ചിറ്റാരിക്കാൽ മേഖലയിലെ TSSS സ്റ്റാഫ് അംഗങ്ങളെ ബന്ധപ്പെടാവുന്നതാണ്.

### മാനസികാരോഗ്യ മെഡിക്കൽക്യാമ്പ്

മാനസികമായ വെല്ലുവിളികൾ നേരിടുന്നവർക്കായി ചെമ്പേരിയിൽ മെഡിക്കൽക്യാമ്പ് സംഘടിപ്പിച്ചു. കൂത്തുപറമ്പ് സിംഹാൻസ് ഹോസ്പിറ്റലിലെ സീനിയർ സൈക്യാട്രിസ്റ്റ് ഡോ. വിനീത SH മെഡിക്കൽക്യാമ്പിൽ രോഗികളെ പരിശോധിക്കുകയും, TSSS-ന്റെ നേതൃത്വത്തിൽ സൗജന്യമായി മരുന്ന് വിതരണം നടത്തി വരികയും ചെയ്യുന്നു. ഇതോടൊപ്പം TSSS-ന്റെ സോഷ്യൽവർക്കർമാരുടെ നേതൃത്വത്തിൽ കൗൺസിംഗ് സൗകര്യവും ചെയ്തു നൽകുന്നു. എല്ലാ മാസങ്ങളിലെയും അവസാന ഞായറാഴ്ച ഉച്ചയ്ക്ക് 2.30 മുതൽ വൈകു. 4 മണി വരെ ചെമ്പേരി വിമല ഹോസ്പിറ്റലിൽ മെഡിക്കൽക്യാമ്പ് പ്രവർത്തിച്ചു വരുന്നു.

## RADIO 4U 89.6 FM - കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷൻ

കാസർഗോഡ് ജില്ലയിൽ ആദ്യത്തെ കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷനായ RADIO 4U 89.6 FM സമൂഹത്തിലെ വ്യത്യസ്തങ്ങളായ മേഖലകളിൽ പ്രവർത്തിച്ചുവരുന്നവരുടെ താത്പര്യം മുൻനിർത്തി വിവിധ പരിപാടികൾ പ്രക്ഷേപണം ചെയ്തുവരുന്നു. ആഴ്ചയിൽ എല്ലാ ദിവസങ്ങളിലും 24 മണിക്കൂറും റേഡിയോയിൽ പരസ്യങ്ങൾ നൽകുന്നതിനും, അതോടൊപ്പം മികച്ച സൗണ്ട് റെക്കോർഡിംഗ് സംവിധാനമുപയോഗിച്ച് നിങ്ങളുടെ കഴിവുകൾ റേഡിയോ മുഖേന മറ്റുള്ളവർക്കു മുമ്പിൽ അവതരിപ്പിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിലും (കഥ, കവിത, ഗാനങ്ങൾ, മോണോആക്ട്, മിമിക്രി ect..) +91 7067625028 (ഫാ. ജിതിൻ കളത്തിൽ) എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

### സൺ റൈസ് ഹോസ്പിറ്റലുമായി കരാർ

കാഞ്ഞങ്ങാട് പ്രവർത്തിച്ചുവരുന്ന ഏറ്റവും മികച്ച ആശുപത്രികളിലൊന്നായ സൺ റൈഡ് ഹോസ്പിറ്റൽ RADIO 4U 89.6 FM-മായി സഹകരിച്ചുകൊണ്ട് വിവിധ പരിപാടികൾ നൽകുന്നതിനും, ആറ് മാസത്തേക്ക് പരസ്യങ്ങൾ നൽകുന്നതിനും ധാരണയാവുകയും, കരാറിൽ ഒപ്പുവയ്ക്കുകയും ചെയ്തു.

## പ്രത്യേക പരിപാടികൾ

മാർച്ച് മാസത്തിലെ പ്രത്യേക ദിവസങ്ങളായ വനിതാദിനം, പൊണ്ണത്തടിദിനം, ഡെന്റിസ്റ്റ് ഡേ എന്നീ ദിവസങ്ങളിൽ ശ്രോതാക്കൾക്കായി വിവിധ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിച്ചു.

# TSSS യൂണിറ്റുകളിലെ പ്രവർത്തനങ്ങൾ

## അന്താരാഷ്ട്ര വനിതാദിനം

മാർച്ച് 8 അന്താരാഷ്ട്ര വനിതാദിനത്തോടനുബന്ധിച്ച് അടോട്ടുകയം, പുല്ലടി, പുന്നക്കുന്ന്, മണക്കടവ്, വായാട്ടുപറമ്പ്, മേരിഗിരി, രയറോം, പച്ചാണി, ചെറുപാറ, വിളമന, കൊളക്കാട്, മാട്ടറ, കാലാങ്കി, താബോർ, ചെറുപാറ, കാലിച്ചാനടുക്കം, കല്ലുവയൽ, കാഞ്ഞിരക്കൊല്ലി, മണ്ഡപം തുടങ്ങിയ യൂണിറ്റുകളുടെ നേതൃത്വത്തിൽ സെമിനാർ, ബോധവത്ക്കരണ ക്ലാസ്, മുതിർന്ന അംഗങ്ങളെയും യൂണിറ്റ് അംഗങ്ങളെയും ആദരിക്കൽ, ഉപഹാരങ്ങൾ നൽകൽ തുടങ്ങിയ വിവിധ പ്രവർത്തനങ്ങൾ നടത്തുകയും, കേശദാന ക്യാമ്പ്, ഭവന സന്ദർശനം, അഗതിമന്ദിര സന്ദർശനം, ഭക്ഷണ വിതരണം, വനിതാദിനറാലി തുടങ്ങിയവ വിവിധ യൂണിറ്റുകളിൽ സംഘടിപ്പിക്കുകയും ചെയ്തു.

## ചികിത്സാസഹായവും രോഗീസന്ദർശനവും

കാഞ്ഞിരക്കൊല്ലി, വായാട്ടുപറമ്പ, ചെറുപാറ, വിളമന, മാട്ടറ, കാലാങ്കി, താബോർ, മണ്ഡപം തുടങ്ങിയ യൂണിറ്റുകളുടെ നേതൃത്വത്തിൽ രോഗീസന്ദർശനങ്ങൾ നടത്തുകയും, ചികിത്സാസഹായങ്ങൾ ലഭ്യമാക്കുകയും ചെയ്തു.

## മറ്റു പ്രവർത്തനങ്ങൾ

* മണക്കടവ്, രയറോം യൂണിറ്റുകളുടെ നേതൃത്വത്തിൽ ലഹരി വിരുദ്ധദിനം ആചരിക്കുകയും, ലഹരിക്കെതിരെ പ്രതിജ്ഞയെടുക്കുകയും ചെയ്തു.
* കൊളക്കാട് യൂണിറ്റിന്റെ നേതൃത്വത്തിൽ അധ്യാപകരെ ആദരിക്കൽ, ആടുവിതരണം, കൂടുതൽ കുട്ടികളുള്ള ഒരു കുടുംബത്തെ ആദരിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും, ദിയാകോണിയ മീറ്റിംഗിൽ പങ്കെടുക്കുകയും ചെയ്തു.
* മണക്കടവ് യൂണിറ്റിന്റെ നേതൃത്വത്തിൽ ഇടവകാതലത്തിൽ മികച്ച കർഷകനായി തിരഞ്ഞെടുക്കപ്പെട്ട ശ്രീ. തോമസ് ടി.ജെ-യെ ആദരിച്ചു.
* വായാട്ടുപറമ്പ യൂണിറ്റിന്റെ നേതൃത്വത്തിൽ അവയവദാന ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിക്കുകയും, കേശദാനം സ്നേഹദാനം പരിപാടിയുടെ തൃശൂർ അമല ഹോസ്പിറ്റൽ പ്രോഗ്രാം കോർഡിനേറ്റർ ശ്രീ. പി. ജെ. സെബാസ്റ്റ്യൻ ക്ലാസ്സ് നയിക്കുകയും ചെയ്തു.

* കാഞ്ഞിരകൊല്ലി യൂണിറ്റിൽ അന്താരാഷ്ട്ര മാതൃഭാഷാദിനത്തോട നുബന്ധിച്ച് പ്രകൃതി സംരക്ഷണ ഉപന്യാസമത്സരം സംഘടിപ്പിക്കുകയും, രണ്ട് SHG ഗ്രൂപ്പുകളിലായി 23 മെമ്പർമാർക്ക് 23 ലക്ഷം രൂപ ലോൺ വിതരണം നടത്തുകയും ചെയ്തു.
* വായാട്ടുപറമ്പ യൂണിറ്റിൽ അന്താരാഷ്ട്ര മാതൃഭാഷാ ദിനാചരണം സംഘടിപ്പിക്കുകയും, യൂണിറ്റിന്റെ നേതൃത്വത്തിൽ ഒരു നിർധന കുടുംബ ത്തിന് ആവശ്യമായ ഭക്ഷ്യകിറ്റ് വിതരണം നടത്തുകയും ചെയ്തു.
* വിളമന യൂണിറ്റിന്റെ നേതൃത്വത്തിൽ വ്യത്യസ്ത മേഖലകളിൽ കഴിവ് തെളിയിച്ചവരെ ആദരിക്കുകയും, സ്നേഹവിരുന്ന് സംഘടിപ്പിക്കുകയും ചെയ്തു.
* തെരുവോരങ്ങളിൽ വസിക്കുന്നവർക്കും, സർക്കാർ ആശുപത്രികളി ലേക്കും ഉച്ചഭക്ഷണം നൽകുന്നതിനായി TSSS ആരംഭിച്ച നിഴൽ പദ്ധതിയിലേക്ക് കാലാങ്കി, കല്ലുവയൽ, കൊളക്കാട് എന്നീ യൂണിറ്റുകൾ ഫണ്ട് സ്വരൂപിക്കുകയും, പദ്ധതിയിലേക്ക് നൽകുകയും ചെയ്തു.
* താബോർ യൂണിറ്റിന്റെ നേതൃത്വത്തിൽ ഉമ്മറപ്പൊയിൽ ശാന്തിഭവൻ സന്ദർശിക്കുകയും, വീൽ ചെയർ, എയർ ബെഡ് എന്നിവ നൽകുകയും ചെയ്തു.
* കല്ലുവയൽ യൂണിറ്റിൽ 25 പേർക്ക് SHG ലോൺ വിതരണം ചെയ്തു.
* ലോക സന്തോഷദിനത്തോടനുബന്ധിച്ച് റെയരോം യൂണിറ്റും മാതൃവേദി യും സംയുക്തമായി ബഹു. വികാരിയച്ചന്റെ നേതൃത്വത്തിൽ തലവിൽ ഗുഡ് സമരിറ്റൻ അഗതിമന്ദിരം സന്ദർശിക്കുകയും, ആവശ്യമായ ഭക്ഷ്യ വസ്തുക്കൾ നൽകുകയും, അന്തേവാസികൾക്കൊപ്പം സമയം ചെലവഴി ക്കുകയും ചെയ്തു.
* കാലിച്ചാനടുക്കം യൂണിറ്റ് മാതൃവേദിയുമായി സഹകരിച്ചുകൊണ്ട് അഗതി മന്ദിരത്തിലെ അമൃതം പദ്ധതിയിലേക്ക് സാമ്പത്തിക സഹായം ലഭ്യ മാക്കുകയും, ദേശീയ വിനോദസഞ്ചാരദിനത്തിൽ യൂണിറ്റിന്റെ നേതൃത്വ ത്തിൽ റാണിപുരത്ത് ശുചീകരണം നടത്തുകയും, ബോർഡ് സ്ഥാപിക്കു കയും ചെയ്തു.

**ഫാ. ലൂക്കോസ് മാടശ്ശേരി**
*അസോ. ഡയറക്ടർ*

**ഫാ. സ്കറിയ വരമ്പകത്ത്**
*ഡയറക്ടർ*

# ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി

**അഭിമാനത്തോടെ**

ബയോമൗണ്ടൻ ഉത്പന്നങ്ങൾ ഇനി ന്യൂഡൽഹിയിലും ഡൽഹി, പഞ്ചാബ്, ഹരിയാന, യു.പി. നിവാസികൾക്ക് മായമില്ലാത്ത, കറി പൗഡറുകളും, മസാലകളും, ലഭ്യമാക്കാൻ ന്യൂഡൽഹിയിൽ ബയോ മൗണ്ടൻ വിതരണകേന്ദ്രം കമ്പനി ബോർഡ് അംഗം ഫാ. തോമസ് തയ്യിൽ ഉദ്ഘാടനം നിർവഹിച്ചുകൊണ്ട് പ്രവർത്തനം ആരംഭിച്ചു. രോഹിണി സെക്ടർ 2, പോക്കറ്റ് 4 ൽ DDA മാർക്കറ്റ് ഷോപ്പ് നമ്പർ 30 ൽ പ്രവർത്തനം ആരംഭിച്ച വിപണനകേന്ദ്രത്തിൽ നിന്നും ഉപഭോക്താൾക്ക് കൊറിയർ മുഖാന്തിരം ഉത്പന്നങ്ങൾ വീടുകളിൽ എത്തിച്ചു നൽക്കുന്ന താണ്.

**ഡൽഹി സന്ദർശനം**

തലശ്ശേരി അതിരൂപതയിൽ നിന്നും ബയോമൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി മാനേജിംഗ് ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ, കമ്പനി ബോർഡ് അംഗം ഫാ. തോമസ് തയ്യിൽ എന്നിവർ ഫരീദാബാദ് അതിരൂപതാ മെത്രാപോലീത്ത മാർ കുര്യാക്കോസ് ഭരണിക്കുളങ്ങര പിതാവിനൊപ്പം കേന്ദ്ര (ഫിഷറീസ്, മൃഗസംരക്ഷണ, ക്ഷീരവകുപ്പ്) സഹമന്ത്രി ശ്രീ. ജോർജ് കുര്യനെ സന്ദർശിച്ചു.

ചക്ക, കപ്പ, വാഴക്ക എന്നിവയിൽ നിന്നും കാലിത്തീറ്റ നിർമ്മാണം എന്ന ആശയത്തെപ്പറ്റി മന്ത്രിയുമായി ഡൽഹിയിൽവച്ച് ചർച്ച നടത്തുകയും പദ്ധതിക്കായുള്ള അപേക്ഷ സമർപ്പിക്കുകയും ചെയ്തു. പദ്ധതി നടപ്പിലാക്കുന്നതിനായി എല്ലാവിധസഹകരണങ്ങളും മന്ത്രി അഭിവന്ദ്യ പിതാവിന് വാഗ്ദാനം ചെയ്യുകയും ചെയ്തു.

**ശാലോംടിവി – 'സൺഡേ ശാലോം ന്യൂസ്'**

ശാലോം ടിവി ചാനൽ ടീം ബയോമൗണ്ടൻ കമ്പനി സന്ദർശിച്ച് ചിത്രീകരണം നടത്തുകയും കമ്പനിയെക്കുറിച്ചുള്ള വിശദവിവരങ്ങളും പ്രവർത്തനങ്ങളും വിവരിക്കുന്ന സൺഡേ ശാലോം ന്യൂസ് സംപ്രേഷണം ചെയ്യുകയും ചെയ്തു.

## കാടുവെട്ട് യന്ത്രം വിതരണം

കർഷകരുടെയും കാർഷികമേഖലയുടെയും ഉന്നമനം ലക്ഷ്യംവച്ചു കൊണ്ടാണ് കർഷകർക്ക് കാടുവെട്ട് യന്ത്രം വിതരണം ചെയ്തത്. ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനിയുടെ സബ്സിഡിയോടുകൂടി കണ്ണൂർ കാസറഗോഡ് ജില്ലകളിലെ കർഷകർക്കായി ഇരുന്നൂറോളം കാടുവെട്ട് യന്ത്രങ്ങളാണ് വിതരണം ചെയ്തത്.

## കാർഷിക സെമിനാർ

വാഴകൃഷിയും മൂല്യവർധിത ഉത്പ്പന്നങ്ങളും ബയോമൗണ്ടൻ കമ്പനി യുടെ ആഭിമുഖ്യത്തിൽ വാഴകൃഷിയെയും വാഴയുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമാണത്തെയുംകുറിച്ചുള്ള കാർഷിക സെമിനാർ നടത്തി. ചെമ്പേരിയിൽ വച്ച് നടത്തപ്പെട്ട ക്ലാസ്സിൽ കണ്ണൂർ കാസർഗോഡ് ജില്ലകളിൽ നിന്നുമുള്ള ബയോമൗണ്ടൻ കമ്പനിയുടെ തിരഞ്ഞെടുക്കപ്പെട്ട നൂറിലധികം മെമ്പർമാർ പങ്കെടുത്തു. തലശ്ശേരി അതിരൂപത വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി ഉദ്ഘാടനം ചെയ്തചടങ്ങിൽ കണ്ണൂർ കാർഷിക വിജ്ഞാനകേന്ദ്രം അസിസ്റ്റന്റ് പ്രൊഫസർമാരായ ശ്രീമതി ഡോ. എലിസബത്ത്, ശ്രീമതി റെനിഷ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

## മഞ്ഞൾകൃഷി

ബയോമൗണ്ടൻ കമ്പനിയുടെ ആഭിമുഖ്യത്തിൽ മഞ്ഞൾ കൃഷിയെ ക്കുറിച്ചുള്ള കാർഷിക സെമിനാർ ഓൺലൈനിൽ നടത്തി. ഭാരതീയ സുഗന്ധ വിളവിജ്ഞാനഗവേഷണ കേന്ദ്രത്തിലെ ശാസ്ത്രജ്ഞർ നേതൃത്വം നൽകിയ ക്ലാസ്സിൽ കണ്ണൂർ കാസർഗോഡ് ജില്ലകളിൽ നിന്നുമുള്ള ഇരുന്നൂറോളം കർഷകർ പങ്കെടുത്തു.

## സൗജന്യ ഇഞ്ചി - മഞ്ഞൾ വിത്ത് വിതരണം

കാർഷികമേഖലയെ മെച്ചപ്പെടുത്തുന്നതിനും കർഷകരെ ഗുണ നിലവാരവും മൂല്യവുമുള്ള വിളകൾ ഉത്പ്പാദിപ്പിക്കുവാൻ സഹായിക്കുന്ന തിനായി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈസസ് റിസേർച്ചിന്റെ (IISR) സഹായത്തോടെ 3 ടൺ ഇഞ്ചി, മഞ്ഞൾ വിത്ത് സൗജന്യമായി വിതരണം ചെയ്തു.

കണ്ണൂർ, കാസർഗോഡ്, ജില്ലകളിലെ ബളാൽ, ചെറുപുഴ, എരുവേശ്ശി, നടുവിൽ, പായം എന്നീ പഞ്ചായത്തുകളോട് ചേർന്നുകൊണ്ട് ഏറ്റവും അനു യോജ്യരായ പട്ടികജാതിപട്ടികവർഗ്ഗ വിഭാഗക്കാരാക്കായ കർഷകർക്കാണ് ഇഞ്ചി, മഞ്ഞൾ വിത്ത് വിതരണം ചെയ്തത്.

## കശുമാവിൻ തൈകളുടെ ഓർഡറുകൾ സ്വീകരിച്ചു

കേരള കശുവണ്ടി വികസനകോർപ്പറേഷനുമായി സഹകരിച്ചുകൊണ്ട് കണ്ണൂർ കാസറഗോഡ് ജില്ലകളിലെ കർഷകരിൽ നിന്നും കശുമാവിൻ

തൈകളുടെ ഓർഡറുകൾ സ്വീകരിച്ചു. കാർഷിക മേഖലയുടെ വളർച്ച ഒപ്പം ഗുണനിലവാരം ഉള്ള വിളകൾ ഉദ്പ്പാദിപ്പിക്കുക എന്നിവ ലക്ഷ്യമാക്കി കൊണ്ട് ഇരുപതിനായിരം കശുമാവിൻ തൈകളുടെ ഓർഡറുകളാണ് സ്വീകരിച്ചത്.

### ഗുഡ്നെസ്സ് ടി വി - 'ഗുഡ്നെസ്സ് ന്യൂസ്'

ഗുഡ്നെസ്സ് ടി വി ചാനൽ ടീം ബയോമൗണ്ടൻ കമ്പനി സന്ദർശിച്ച് ചിത്രീകരണം നടത്തുകയും കമ്പനിയെക്കുറിച്ചുള്ള വിവരങ്ങളും പ്രവർത്തനങ്ങളും വിവരിക്കുന്ന ന്യൂസ് സംപ്രേഷണം ചെയ്തു.

### ഇടവകയിൽ ബയോമൗണ്ടൻ സ്റ്റാൾ

ബയോമൗണ്ടൻ ഉത്പ്പന്നങ്ങൾ കൂടുതൽ ആളുകളിലേക്ക് എത്തിക്കുന്നതിന്റെ ഭാഗമായി പുളിങ്ങോം ഇടവകയിൽ ബയോമൗണ്ടൻ ഉദ്പ്പന്നങ്ങളുടെ സ്റ്റാൾ ആരംഭിച്ചു. സ്റ്റാൾ ആരംഭിക്കുന്നതിനായി നേതൃത്വം നൽകിയ ബഹു. പുളിങ്ങോം ഇടവക വികാരിയച്ചനും ഇടവക അംഗങ്ങൾക്കും നന്ദി.

### ഇടവകകളിലെ ഷെയർ

കനീലടുക്കം, തളിപ്പറമ്പ്, പുളിങ്ങോം എന്നീ ഇടവകകളിൽ ബയോമൗണ്ടൻ കമ്പനിയുടെ ഷെയർ എടുത്തു. ഷെയർ എടുത്ത എല്ലാ ബഹുമാനപ്പെട്ട വികാരി അച്ചൻമാർക്കും അംഗങ്ങൾക്കും അഭിനന്ദനങ്ങൾ.

നമ്മുടെ അതിരൂപതയിലെ കർഷകരുടെ ക്ഷേമത്തിനും സാമ്പത്തിക വളർച്ചയ്ക്കും വേണ്ടി നമ്മൾ ആരംഭിച്ച ബയോമൗണ്ടൻ കമ്പനിയുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുവാൻ എല്ലാ അച്ചന്മാരുടെയും ഇടവക അംഗങ്ങളുടെയും സഹകരണം അപേക്ഷിക്കുന്നു. ആയതിനാൽ ഇടവകകളുടെ ഷെയറുകൾ എടുത്ത് എല്ലാവരും സഹകരിക്കണമെന്ന് അപേക്ഷിക്കുന്നു. കമ്പനി ഷെയറുകൾ എടുക്കുമ്പോൾ വികാരിയച്ചന്റെ പേരും പള്ളിയുടെ അഡ്രസ്സും ഫോൺനമ്പറും ഇമെയിൽ ഐഡിയും നല്കാൻ ശ്രദ്ധിക്കണം. ആളുകളെ കൂടിയാണ് ഷെയർ എടുക്കുന്നതെങ്കിൽ അംഗങ്ങളുടെ എല്ലാവരുടെയും പേരും ഫോൺ നമ്പറും സെക്രട്ടറി, പ്രസിഡന്റ് എന്നിവരുടെ പേരും നല്കണം. ഗ്രൂപ്പുകൾ ആണെങ്കിൽ വികാരിയച്ചന്റെ പേരും പള്ളിയുടെ ഫോൺ നമ്പറും ഇമെയിൽ ഐഡിയും നല്കണം. അൻപത് പേരടങ്ങുന്ന ഗ്രൂപ്പിൽ ഒരുഷെയർ അച്ചന്റെ പേരിൽ എടുക്കുകയും ചെയ്യണം. കാരണം എങ്കിലെ വികാരിയച്ചന്റെയും പള്ളിയുടെയും പേരിൽ ഷെയർ സർട്ടിഫിക്കറ്റ് നൽകാൻ സാധിക്കുകയുള്ളൂ.

### നമ്മുടെ സംരംഭങ്ങൾ

നമ്മുടെ ഈ സംരംഭം വിജയിപ്പിക്കാൻ എല്ലാ വൈദികരുടെയും എല്ലാ സന്യാസഭവനങ്ങളുടെയും സ്ഥാപനങ്ങളുടെയും അല്മായ നേതാക്കളു

ടെയും ഭക്തസംഘടനകളുടെയും സഹായം അപേക്ഷിക്കുന്നു. നമ്മുടെ ഉൽപ്പന്നങ്ങൾ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും വാങ്ങി ഉപയോഗിച്ചു കൊണ്ട് കമ്പനിയുടെ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കണം. മായ മില്ലാത്ത ഉൽപ്പന്നങ്ങളാണ് നമ്മൾ വിതരണം ചെയ്യുന്നത്. മാർക്കറ്റിനേ ക്കാളും വിലക്കുറവും നമ്മുടെ ഉൽപ്പന്നങ്ങൾക്കുണ്ട്. ഗുണമേന്മയിൽ ഏറ്റവും മികച്ചതുമാണ്.

**കമ്പനി ഓഫീസ്**

കമ്പനി ഓഫീസ് കുന്നോത്ത് പ്രവർത്തനം ആരംഭിച്ചു. ഫുൾടൈം പ്രവർത്തിക്കുന്ന ഓഫീസും സ്റ്റാഫും വാഹനങ്ങളും കുന്നോത്ത് ഉണ്ട്. നമ്മൾ ആരംഭിച്ച പതിനൊന്നോളം വരുന്ന മസാല പൗഡറുകളുടെ ഉൽപാദ നവും വിൽപ്പനയുമെല്ലാം നടന്നു വരുന്നു. ഓർഡറുകൾ നൽകുമ്പോൾ താഴെ തന്നിരിക്കുന്ന നമ്പറിലേക്ക് ഓർഡറുകൾ അയച്ചാൽ സാധനങ്ങൾ അതാത് സ്ഥലങ്ങളിൽ എത്തിക്കുന്നതായിരിക്കും.

**ഫോൺ : 9656054322**

**Mail.id : tsssbiomountain@gmail.com**

ഡിസംബർ മാസത്തിൽ എല്ലാ ഫൊറോനകളിലേക്കും ഇടവകകളി ലേക്കും നേരിട്ടുവരുവാനും ബഹുമാനപ്പെട്ട വൈദികരുടെ നിർദേശങ്ങളും അഭിപ്രായങ്ങളും സ്വീകരിക്കാനും ആഗ്രഹിക്കുന്നുണ്ട്. ഈ അവസരത്തിൽ ഇടവക ഷെയറുകൾ എടുത്ത് സഹകരിച്ചുകൊണ്ട് നമ്മുടെ ഈ സംരംഭ ത്തെ മലബാറിന്റെ തന്നെ മാതൃകയാക്കി മാറ്റുവാൻ നിങ്ങളുടെ എല്ലാവരുടെ യും സ്നേഹവും പ്രോത്സാഹനവും അപേക്ഷിക്കുന്നു.

**മോൺ. സെബാസ്റ്റ്യൻപാലാക്കുഴി**
*ചെയർമാൻ*

**ഫാ. ബെന്നി നിരപ്പേൽ**
*മാനേജിംഗ് ഡയറക്ടർ*

**ഫാ. അരുൺ മുണ്ടപ്ലാക്കൽ**
*എക്സിക്യൂട്ടീവ് ഡയറക്ടർ*

# ഇൻഫാം

*ഇന്ന് ഏറെ പ്രതിസന്ധി അനുഭവിക്കുന്ന ഒരു സമൂഹമാണ് നമ്മുടെ കേരളത്തിലെ കർഷകർ. മാറിവരുന്ന കാലാവസ്ഥയും, നാണ്യവിളക ളുടെ വിലത്തകർച്ചയും, അനുദിനം വർദ്ധിച്ചു വരുന്ന വന്യമൃഗശല്യവും കർഷകരെ കൂടുതൽ ദുരിതങ്ങളിലേക്ക് നയിക്കുന്നു. അധികാരികൾ അവരുടെ സമീപനത്തിലും നിലപാടിലും യാതൊരു മാറ്റവുമില്ലാതെ, കേരളത്തിലെ മലയോര മേഖലകളിലെ കർഷകരെയും അവരുടെ പ്രശ്നങ്ങളെയും ഗൗനിക്കാതെ അനുദിനം പ്രതിസന്ധികളിലേക്ക് തള്ളിയിടുകയാണ്. കർഷകരുടെ അവകാശങ്ങൾ നേടിയെടുക്കുന്ന തിനും, ദിനംതോറുമുള്ള കർഷകരുടെ ജീവിതം കൂടുതൽ സുരക്ഷിത മാക്കാനും രാഷ്ട്രീയത്തിനതീതമായി പ്രവർത്തിച്ചേ മതിയാകൂ. നമുക്കൊന്നിച്ച് കൈകൾ കോർത്ത് മുന്നേറാം...*

## കൃഷിമന്ത്രിക്ക് നിവേദനം

മാർച്ച് 22 ലോക ജലദിനത്തോടനുബന്ധിച്ച്, പ്രാദേശിക കാർഷിക മേഖലയിൽ ജലസങ്കീർണ്ണതയും വരൾച്ചയും വർദ്ധിച്ചുകൊണ്ടിരി ക്കുന്ന സാഹചര്യത്തിൽ, ഇൻഫാം തലശ്ശേരി കാർഷിക ജില്ലയുടെ നേതൃത്വത്തിൽ ബഹു. കേരള കൃഷിവകുപ്പ് മന്ത്രി ശ്രീ. പി. പ്രസാദിന് നിവേദനം സമർപ്പിച്ചു. ഓരോ വർഷവും വരൾച്ചയുടെ പ്രശ്നം ഗൗരവത്തിൽ വർദ്ധിക്കുകയും, ജലത്തിന്റെ ലഭ്യത ക്രമാതീതമായി കുറയുകയും, മണ്ണിൽ ജലത്തിന്റെ അളവ് കുറഞ്ഞ് കൊണ്ടിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ മലയോര മേഖലയിലെ കർഷകർ നിരവധി തടസ്സങ്ങളും പ്രതിസന്ധികളും നേരിടേണ്ടിവരുന്നുണ്ട്. ഈ ദുരിതാവസ്ഥ മനസ്സിലാക്കി ഫലപ്രദമായ പദ്ധതികൾ ബഹു. സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാവണമെന്നും, അവയെ നിയമാനുസൃതമായി നടപ്പിലാക്കണമെന്നും നിവേദനത്തിൽ സൂചിപ്പിച്ചു. കാർഷിക മേഖല കളിലും കൃഷിയിടങ്ങളിലും വരുന്ന മാറ്റങ്ങൾ ഈ സാഹചര്യത്തിന് പ്രധാന കാരണമാണെന്നും, ബഹു. കൃഷി-ജലവിഭവ വകുപ്പ്

സംയുക്തമായി ഈ പ്രതിസന്ധിഘട്ടത്തിൽ പ്രവർത്തിക്കണമെന്നും നിവേദനത്തിൽ സൂചിപ്പിച്ചു. മഴക്കാലത്ത് ജലം ഒഴുക്കിക്കളയാതെ, കൃഷി യിടങ്ങളിൽ ജലസംഭരണികളാക്കി മാറ്റാനുള്ള പദ്ധതികൾ സന്നദ്ധ സംഘടനകളുടെയും ജനങ്ങളുടെയും സഹകരണത്തോടെ പ്രാബല്യത്തിൽ വരുത്തണമെന്നും, ഈ പ്രതിസന്ധി നേരിടാൻ ഇൻഫാമിന്റെ ഭാഗത്തുനിന്നും ശക്തമായ ഇടപെടൽ ഉണ്ടാവുമെന്നും ഇൻഫാം തലശ്ശേരി കാർഷിക ജില്ലാ ഡയറക്ടർ ഡോ. ലൂക്കോസ് മാടശ്ശേരി വ്യക്തമാക്കി.

**അന്താരാഷ്ട്ര വനിതാദിനാചരണം**

ഇൻഫാം തലശ്ശേരി കാർഷിക ജില്ലയുടെയും, YMCA അലക്സ് നഗർ യൂണിറ്റിന്റെയും നേതൃത്വത്തിൽ അന്താരാഷ്ട്ര വനിതാദിനം സമുചിതമായി ആചരിക്കുകയും, സി. അന്നമ്മ, ഡോ. ഫിലോമിന ടീച്ചർ, ശ്രീമതി ത്രേസ്യാമ്മ മാത്യു എന്നിവരെ ആദരിക്കുകയും ചെയ്തു. റവ. ഫാ. തോമസ് വട്ടക്കാട്ടിൽ, സ്ക്കറിയ നെല്ലംകുഴി, ബാബു കോട്ടൂർ, ബിജു മുത്തുപറമ്പിൽ, സജി കല്ലിടുക്കിൽ എന്നിവർ പ്രസ്തുത പരിപാടികളിൽ സംബന്ധിച്ചു.

**ആദരവ്**

ദീർഘകാലം ഇൻഫാം ദേശീയ ചെയർമാനായിരുന്ന റവ. ഫാ. ജോസഫ് ഒറ്റപ്ലാക്കൽ അച്ചനെ ഇൻഫാം തലശ്ശേരി കാർഷിക ജില്ലാ ഭാരവാഹികളുടെ നേതൃത്വത്തിൽ കരുവഞ്ചാൽ പ്രീസ്റ്റ് ഹോമിൽ വച്ച് ആദരിക്കുകയും, തിരുനാളിന്റെ മംഗളങ്ങൾ നേരുകയും ചെയ്തു. ഡോ. ലൂക്കോസ് മാടശ്ശേരി, സ്കറിയ നെല്ലംകുഴി, ഗിരി സർ, സണ്ണി തുണ്ടത്തിൽ, കുര്യാക്കോസ് പുതിയേടത്ത് പറമ്പിൽ, സണ്ണി പുല്ലുവേലിൽ, ജോസ് തോണിക്കൽ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. മലയോര മേഖലയിലെ കർഷകർക്കായി ജീവിതം സമർപ്പിച്ച ബഹു. ഒറ്റപ്ലാക്കൽ അച്ചന് ഇൻഫാം കുടുംബത്തിന്റെ നന്ദിയും സ്നേഹവും നേരുകയും, പൂർണ്ണ ആരോഗ്യവാനായി തിരിച്ചു വരട്ടെയെന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു.

**കർഷക സമുദ്ധാരണം**

കർഷക കുടുംബങ്ങളുടെ സമുദ്ധാരണത്തിനായി അവതരിപ്പിച്ച ഒൻപത് നവീന പദ്ധതികളുടെ തുടർ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചർച്ച സംഘടിപ്പിക്കുകയും ചെയ്തു. അശാസ്ത്രീയമായ കൃഷിരീതികളും വളപ്രയോഗവും മൂലം ഫലഭൂയിഷ്ഠത നഷ്ടപ്പെട്ട മണ്ണിന്റെ പി.എച്ച്. ക്രമീകരിച്ച് ഫലപുഷ്ടി ആർജിക്കാൻ ഡോളമൈറ്റ്, കുമ്മായം, പച്ചക്കറി എന്നിവ കർഷകന്റെ കൃഷിയിടത്തിൽ എത്തിക്കുന്ന ഭൂമി പുനർജനി പദ്ധതി, മണ്ണിന്റെ സമ്പുഷ്ടീകരണത്തിനുവേണ്ടി ചാണകം, കമ്പോസ്റ്റ്, ജൈവ വളങ്ങൾ, ജീവാണുവളങ്ങൾ തുടങ്ങിയവ വിതരണം ചെയ്യുന്നതിനുവേണ്ടി

തുടക്കം കുറിച്ച ധരണി പദ്ധതി, ആഗോളതാപനം തടയുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനും വേണ്ടി നല്ല ഇനം വിത്തുകളും തൈകളും കർഷകർക്ക് വിതരണം ചെയ്യുന്ന വിത്തും തൈകളും പദ്ധതി, കർഷകരുടെ വിളകളും വിഭവങ്ങളും സംഭരിക്കുന്നതിനും സംസ്കരിക്കുന്നതിനും വിറ്റഴിക്കുന്നതിനും വേണ്ടിയുള്ള സംഭരണം വിതരണം പദ്ധതി, ബയോഗ്യാസിനും ചാണകത്തിനും പാൽ ഉൽപാദനത്തിനും പ്രാദേശിക മാംസ ലഭ്യതയ്ക്കുംവേണ്ടി അനുബന്ധ കൃഷികളായ കന്നുകാലി വളർത്തൽ, മുട്ടക്കോഴി വളർത്തൽ, പന്നി വളർത്തൽ, ആടുവളർത്തൽ തുടങ്ങിയവ പ്രോത്സാഹിപ്പിക്കുന്ന പദ്ധതി, കർഷകരുടെ കലാപരമായ കഴിവുകളെ വളർത്താനും വികസിപ്പിക്കാനും വേണ്ടിയുള്ള കലാ-സംസ്കാരിക പ്രോത്സാഹന പദ്ധതിയായ കൈക്കോട്ടും ചിലങ്കയും, കർഷക കുടുംബങ്ങളിലെ കിടപ്പുരോഗികൾക്കും ഡയാലിസിസ് ചെയ്യുന്നവർക്കും ശ്വാസകോശ സംബന്ധമായ രോഗങ്ങൾക്ക് ഓക്സിജൻ സിലിണ്ടർ ഉപയോഗിക്കുന്നവർക്കുംവേണ്ടി വിവിധ ആശുപത്രികളുമായും സന്നദ്ധ സംഘടനകളുമായും ചേർന്ന് നടപ്പാക്കുന്ന ആരോഗ്യപദ്ധതി, കർഷകരുടെ മക്കൾ നേടുന്ന വിജയങ്ങളെ അനുമോദിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി കിസാൻ ജെംസ് എക്സലൻസ് അവാർഡ്, വിവിധ പ്രതിസന്ധി ഘട്ടങ്ങളിലും മാനസിക ബുദ്ധിമുട്ടുകൾ നേരിടുന്ന സമയങ്ങളിലും കർഷകർക്ക് ആശ്വാസം നൽകുന്നതിന് കൗൺസിലിംഗ് പദ്ധതി തുടങ്ങിയ ഒൻപത് ഇനം പദ്ധതികളാണ് ഇൻഫാമിന്റെ നേതൃത്വത്തിൽ രൂപീകരിച്ച തലശ്ശേരി കാർഷിക ജില്ലകളുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കുക.

**ഫാ. ലൂക്കോസ് മാടശ്ശേരി**
ഡയറക്ടർ

# ധ്യാനകേന്ദ്രങ്ങളിലൂടെ
## 2025 ഏപ്രിൽ

**1. മദർഹോം, പരിയാരം; ഫോൺ: 9446567101, 8606603101**

ഏപ്രിൽ
- 05 : വചനാഗ്നി ബൈബിൾ കൺവെൻഷൻ
- 06-09 : കന്നഡ ധ്യാനം
- 12 : വചനാഗ്നി ബൈബിൾ കൺവെൻഷൻ
- 13-17 : വിശുദ്ധവാര ധ്യാനം
- 19 : വചനാഗ്നി ബൈബിൾ കൺവെൻഷൻ
- 21-25 : ആന്തരീക സൗഖ്യ ധ്യാനം (സിസ്റ്റേഴ്സിന് മാത്രം)
- 25-29 : ആന്തരീക സൗഖ്യ ധ്യാനം
- 26 : വചനാഗ്നി ബൈബിൾ കൺവെൻഷൻ
- 30 - മെയ് 04 : ആന്തരീക സൗഖ്യ ധ്യാനം (സിസ്റ്റേഴ്സിന് മാത്രം)

**2. വിമലഗിരി ധ്യാനകേന്ദ്രം, പട്ടാരം - ഇരിട്ടി, ഫോൺ: 6282732852**

ഏപ്രിൽ
- 05-08 : ആന്തരീക സൗഖ്യ ധ്യാനം
- 09-12 : യുവജന ധ്യാനം
- 25-28 : ആന്തരീക സൗഖ്യ ധ്യാനം

**3. മൗണ്ട് കാർമ്മൽ ധ്യാനകേന്ദ്രം, പേരാവൂർ, ഫോൺ : 9446687556**

ഏപ്രിൽ
- 11-13 : ആന്തരീക സൗഖ്യ - ആത്മാഭിഷേക ധ്യാനം
- 25-27 : ആന്തരീക സൗഖ്യ - ആത്മാഭിഷേക ധ്യാനം

**4. ഐഎംഎസ് ധ്യാനകേന്ദ്രം, കൂട്ടുപുഴ (പേരട്ട), ഫോൺ: 8281272873**

ഏപ്രിൽ
- 05 : ഏകദിന ധ്യാനം (9 am – 2 pm)
- 06-09 : പീഢാനുഭവ അഭിഷേക ധ്യാനം
- 11 : ജാഗരണ പ്രാർത്ഥന (06 pm – 09 pm)
- 19 : മദ്ധ്യസ്ഥ പ്രാർത്ഥന (02 pm – 04 pm)

**5. സീയോൺ ധ്യാനകേന്ദ്രം, നെല്ലിക്കുറ്റി, ഫോൺ : 7306859339**

ഏപ്രിൽ
- 05 : ഏകദിന ശുശ്രൂഷ (Spiritual Sharing )
- 06-10 : പീഢാനുഭവ ധ്യാനം
- 11 : ജാഗരണ പ്രാർത്ഥന
- 14-16 : കുടുംബ നവീകരണ ധ്യാനം
- 27-30 : ഹൈസ്കൂൾ കുട്ടികൾക്ക് ധ്യാനം (8-10, +1, +2)

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോസഫ് പാംപ്ലാനി

### ഫെബ്രുവരി 2025

21 എറണാകുളം അങ്കമാലി അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

22 ചരൾ ഇടവകാംഗമായ ബെന്നി ഫിലിപ്പ് കടുപ്പിലിന്റെ മൃതസംസ്കാര ശുശ്രൂഷാകർമ്മം നിർവ്വഹിച്ചു. അതിരൂപതാ കേന്ദ്രത്തിൽവച്ച് ചേർന്ന ഫിനാൻസ് കൗൺസിൽ യോഗത്തിന് അധ്യക്ഷത വഹിച്ചു.

23 തലശ്ശേരി അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു.

24 പടന്നക്കാട് റീജിയണൽ ബിഷപ്സ് ഹൗസിൽവച്ച് വിവിധ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം കുന്നോത്ത് മേജർ സെമിനാരിയിലെത്തി പുതിയ റെക്ടർ അച്ചനെ പ്രഖ്യാപിച്ചു.

25 രാവിലെ ഹാപ്പി വില്ലേജ് പ്രൊജക്ടിനായുള്ള സ്ഥലം സന്ദർശിച്ചു. പത്തുമണിയോടെ തലശ്ശേരിയിൽവച്ച് സംഘടിപ്പിച്ച പ്രൊവിൻഷ്യൽസ് മീറ്റിംഗ് ഉദ്ഘാടനം ചെയ്തു. തുടർന്ന് നിർമ്മലഗിരി കോളേജ് രക്ഷാധികാരി ദിനം ഉദ്ഘാടനം ചെയ്തു. വൈകുന്നേരം കെ.സി.വൈ. എമ്മിന്റെ നേതൃത്വത്തിൽ വന്യമൃഗശല്യത്തിനെതിരായി എടൂരിൽ സംഘടിപ്പിച്ച രാപ്പകൽ ഉപവാസസമരം ഉദ്ഘാടനം ചെയ്തു. തുടർന്ന് അതിരൂപതാ കേന്ദ്രത്തിൽവച്ച് ചേർന്ന കൂരിയാ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

26 രാവിലെ തലശ്ശേരി നസ്രത്ത് കോൺവെന്റിൽ ദിവ്യബലിയർപ്പിച്ചു. തുടർന്ന് വന്യമൃഗ ശല്യത്തിനെതിരായി ഇരിട്ടിയിൽവച്ച് ശ്രീ. സണ്ണി ജോസഫ് എം.എൽ.എയുടെ നേതൃത്വത്തിൽ നടത്തിയ ഏകദിന ഉപവാസ സമരം ഉദ്ഘാടനം ചെയ്തു. കോർപ്പറേറ്റ് എജ്യുക്കേഷണൽ ഏജൻസിയുടെ നേതൃത്വത്തിൽ തളിപ്പറമ്പിൽവച്ച് നടത്തിയ അവാർഡ് വിതരണവും യാത്രയയപ്പ് സമ്മേളനവും ഉദ്ഘാടനം ചെയ്തു.

27-28 എറണാകുളം അങ്കമാലി അതിരൂപതാ കേന്ദ്രത്തിലെ വിവിധ ചുമതലകൾ നിർവ്വഹിച്ചു.

### മാർച്ച് 2025

01 എറണാകുളം അങ്കമാലി അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

02 കോളയാട് ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

03 കത്തീഡ്രൽ ദൈവാലയത്തിൽവച്ച് വിഭൂതി തിരുകർമ്മങ്ങൾക്ക് മുഖ്യ കാർമ്മികത്വം വഹിച്ചു. വൈകുന്നേരം ചേർന്ന കൂരിയാ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

04 രാവിലെ ചേറ്റംകുന്ന് എസ്.എ.ബി.എസ് കോൺവെന്റിൽ ദിവ്യബലിയർപ്പിക്കുകയും വിശ്രമജീവിതം നയിക്കുന്ന ബഹു. സിസ്റ്റേഴ്സിനെ സന്ദർശിക്കുകയും ചെയ്തു. അതിരൂപതാ കേന്ദ്രത്തിൽവച്ച് ചേർന്ന ഫൊറോനാ വികാരിമാരുടെ യോഗത്തിന് അധ്യക്ഷത വഹിച്ചു. ഉച്ചയ്ക്കുശേഷം സന്ദേശഭവനിൽവച്ച് ചേർന്ന കാറ്റെക്കിസം കൗൺസിൽ ഉദ്ഘാടനം ചെയ്തു.

05 കാക്കനാട് മൗണ്ട് സെന്റ് തോമസിൽവച്ച് ചേർന്ന ദീപിക അപെക്സ് ബോഡി മീറ്റിംഗിൽ പങ്കെടുത്തു. വൈകുന്നേരം ഓൺലൈനായി ചേർന്ന ഡോക്ട്രൈനൽ കമ്മീഷൻ മീറ്റിംഗിൽ പങ്കെടുത്തു.

06-07 എറണാകുളം അങ്കമാലി അതിരൂപതാ കേന്ദ്രത്തിലെ വിവിധ ചുമതലകൾ നിർവ്വഹിച്ചു.

08 തലശ്ശേരി അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു. ഉച്ചയ്ക്കുശേഷം തളിപ്പറമ്പിൽ പുതുതായി ആരംഭിച്ച സൂര്യ സിൽക്സ് വസ്ത്രാലയത്തിന്റെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ചു. തുടർന്ന് പേരാവൂരിലെത്തി സി. റോസ് ജെയിംസ് എസ്.എച്ചിന്റെ മൃതസംസ്കാരശുശ്രൂഷാകർമ്മം നിർവ്വഹിച്ചു. രാത്രി ഒൻപതോടെ ചേർന്ന തലശ്ശേരി സാൻജോസ് മെട്രോപ്പോളിറ്റൻ സ്കൂളിന്റെ ഗവേണിംഗ് ബോഡി മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

09 മുപ്പത്തിയാറാമത് പോട്ടാ ദേശീയ ബൈബിൾ കൺവെൻഷന് സമാപന സന്ദേശം നൽകി.

10 അതിരൂപതാ കേന്ദ്രത്തിൽവച്ച് ചേർന്ന ഓഡിറ്റർമാരുടെ യോഗത്തിന് അധ്യക്ഷത വഹിച്ചു. ഉച്ചയ്ക്കുശേഷം കണ്ണൂർ ആസ്റ്റർ മിംസ് ഹോസ്പിറ്റലിൽ പുതുതായി ആരംഭിച്ച കിഡ്നി ട്രാൻസ്പ്ലാന്റേഷൻ ക്ലിനിക്കിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. വൈകുന്നേരം ഓൺലൈനായി ചേർന്ന അജപാലകൻ എഡിറ്റോറിയൽ ബോർഡ് മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

11 രാവിലെ ശാലോം ടീവിയുടെ ഷൂട്ടിംഗ് പ്രോഗ്രാമിൽ പങ്കെടുത്തു. തുടർന്ന് നിലാവ് ചാരിറ്റബിൾ ട്രസ്റ്റിന്റെ നേതൃത്വത്തിൽ തലശ്ശേരി ടൗണിൽ സംഘടിപ്പിച്ച മെഡിക്കൽ ക്യാമ്പും സ്നേഹവിരുന്നും ഉദ്ഘാടനം ചെയ്തു. വൈകുന്നേരം കുന്നോത്ത് മേജർ സെമിനാരി റെക്ടർ ഫാ.

ജേക്കബ് ചാണിക്കുഴിയുടെ യാത്രയയപ്പ് സമ്മേളനത്തിന് അധ്യക്ഷത വഹിച്ചു.

12 രാവിലെ കത്തീഡ്രൽ ദൈവാലയത്തിൽവച്ച് മൈനർ സെമിനാരി വിദ്യാർത്ഥികൾക്കായി ദിവ്യബലിയർപ്പിച്ച് വചനസന്ദേശം നൽകി. തുടർന്ന് അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം ചെമ്പേരി ബൈബിൾ കൺവെൻഷൻ ഉദ്ഘാടനം ചെയ്തു.

13 എറണാകുളം അങ്കമാലി അതിരൂപതയുടെ കൂരിയാ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

14 ചെമ്പേരി ഇടവകാംഗമായ വത്സമ്മ ജോസ് ചാലിലിന്റെ മൃതസംസ്കാര ശുശ്രൂഷാകർമ്മം നിർവ്വഹിച്ചു. വൈകുന്നേരം ഓൺലൈനായി ചേർന്ന ചെറുപുഴ തീർത്ഥാടന സംഘാടക സമിതി യോഗത്തിന് അധ്യക്ഷത വഹിച്ചു.

15 അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു.

16 ഉമ്മർപൊയിൽ ഇടവകയിൽ അജപാലന സന്ദർശനം നടത്തി. വൈകുന്നേരം ചെമ്പേരി ബൈബിൾ കൺവെൻഷന് സമാപന സന്ദേശം നൽകി.

17 പേരാവൂരിൽവച്ച് സംഘടിപ്പിച്ച അജപാലന ശാക്തീകരണം ''എമ്മാവൂസ് മീറ്റ്'' ഉദ്ഘാടനം ചെയ്തു. വൈകുന്നേരം കരിസ്മാറ്റിക് അംഗങ്ങൾക്കുള്ള ഐ.ഡി കാർഡ് വിതരണം നിർവ്വഹിച്ചു.

18 എറണാകുളം അങ്കമാലി അതിരൂപതയിലെ വിവിധ സംഘടനകളുമായുള്ള ചർച്ചകൾ നടത്തി.

19 പടിമരുതിൽനിന്നും പനത്തടിയിലേക്ക് കാൽനടയായി തീർത്ഥാടനം നടത്തുകയും പനത്തടിയിൽ ദിവ്യബലിയർപ്പിച്ച് വചനസന്ദേശം നൽകുകയും ചെയ്തു. അരീക്കമലയിൽ പുതുതായി നിർമ്മിക്കുന്ന ദൈവാലയത്തിന്റെ തറക്കല്ലിടൽ കർമ്മം നിർവ്വഹിച്ചു. നിർമ്മലഗിരി കോളേജിൽ വച്ച് സംഘടിപ്പിച്ച ഈ വർഷം വിരമിക്കുന്ന സ്റ്റാഫംഗങ്ങൾക്കുള്ള യാത്രയയപ്പ് സമ്മേളനത്തിന് അധ്യക്ഷത വഹിച്ചു. വൈകുന്നേരം വി. യൗസേപ്പിതാവിന്റെ തിരുനാളിനോടനുബന്ധിച്ച് കത്തീഡ്രൽ ദൈവാലയത്തിൽ ദിവ്യബലിയർപ്പിച്ച് വചനസന്ദേശം നൽകി.

20 എറണാകുളം അങ്കമാലി അതിരൂപതാ കേന്ദ്രത്തിലെ വിവിധ ചുമതലകൾ നിർവ്വഹിച്ചു.

**APRIL 2025**

# ENGAGEMENTS

## ARCHBISHOP JOSEPH PAMPLANY

| | | | |
|---|---|---|---|
| 01, 02 | | - | Ernakulam |
| 03 | 05:00 pm | - | Rajapuram: Convention |
| 04 | 09:00 am | - | II$^{nd}$ Year Theology Students Conference |
| | 04:00 pm | - | Thalassery: Way of Cross |
| 05 | 09:00 am | - | Regency Brothers Conference |
| | 05:00 pm | - | Calicut: Farmers Rally |
| 06 | 09:00 am | - | Paisakary |
| 07, 08 | | - | Palakkad |
| 09 | 06:30 am | - | Cathedral |
| | 09:00 am | - | Minor Seminary Candidates Interview |
| 10 | 09:00 am | - | Cathedral: Diaconate |
| 11 | 09-12 pm | - | Thalassery: Visitors Day |
| | 04:00 pm | - | Cherupuzha: Pilgrimage |
| 12 | | - | Ernakulam |
| 13 | 07:00 am | - | Cathedral: Palm Sunday |
| 14 | 10:00 am | - | Alakode: Chrism Mass |
| 15 | 09:00 am | - | I$^{st}$ Year Theology Students Conference |
| 16 | 06:30 am | - | Cathedral: Minor Orders |
| 17-20 | | - | Holy Week Service at Cathedral |
| 21 | 09-12 pm | - | Thalassery: Visitors Day |
| 22 | 06:30 am | - | Puravayal: Baptism |
| | 09:00 am | - | Madathil: Ordination |
| | 02:30 pm | - | Iritty: Treics Branch Inauguration |
| 23 | 09:30 am | - | Peravoor: SH Vestition |
| | 03:30 pm | - | Chandanackampara: Marriage |

| | | | |
|---|---|---|---|
| 24 | 09:30 am | - | Kiliyanthara: SABS Vestition |
| 25 | | - | Ernakulam |
| 26 | 10:00 am | - | Chemperi: Pastoral Council |
| | 05:00 pm | - | Panathady |
| 27 | 05:00 am | - | Kolakkad: Pilgrimage |
| | 02:00 pm | - | Palakkad: AKCC |
| 28 | | - | Ernakulam |
| 29 | 08:30 am | - | Ulickal: Shopping Complex Blessing |
| | 09:00 am | - | Nellicampoil: CMC Vestition |
| | 03:00 pm | - | Thalipparamba: Major Seminary Work Camp |
| 30 | 06:30 am | - | Pattaram: OFM Synaxis |

**Secretary to the Archbishop**

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോർജ് ഞറളക്കാട്ട്

### മാർച്ച് 2025

01 രാവിലെ കുന്നോത്ത് വച്ച് ഓടംതോട് ഇടവക അംഗമായ സി. അഖില N.S-ന്റെ ഫൈനൽ പ്രൊഫഷന്റെ തിരുകർമ്മങ്ങൾക്ക് കാർമികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് ധർമ്മശാലയിൽ ഉള്ള MSMI നവദർശൻ കൗൺസിലിംഗ് സെന്ററിന്റെ വാർഷികാഘോഷത്തിൽ പങ്കെടുത്തു.

02 വൈകുന്നേരം ബാംഗ്ലൂർ, ബാബു സാഹിബ് പാളയ ഇടവകയുടെ രജത ജൂബിലി ഉദ്ഘാടന ആഘോഷത്തിന് വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

05 രാവിലെ മഞ്ഞളാംപുറം സ്കൂൾ വാർഷികാഘോഷത്തിലും യാത്ര യയപ്പ് സമ്മേളനത്തിലും പങ്കെടുത്തു.

06 വൈകുന്നേരം നീലേശ്വരം പള്ളിക്കര കേളമംഗലംകഴകത്തിന്റെ ഉത്സവ ത്തോട് അനുബന്ധിച്ചുള്ള സംസ്കാരിക സമ്മേളനത്തിൽ പങ്കെടുത്തു.

07 വൈകിട്ട് കുടിയാമലയിൽ വച്ച് നടന്ന സ്കൂൾ വാർഷികത്തിലും യാത്രയയപ്പ് സമ്മേളനത്തിലും പങ്കെടുത്തു.

08 രാവിലെ ബത്തേരി, പഴൂർ, ഗൂഡല്ലൂർ, കുന്നലാടി, ബെക്കി എന്നീ പ്രദേശ ങ്ങളിൽ സന്ദർശനം നടത്തി.

10 വൈകിട്ട് വാണിയപ്പാറയിൽ വച്ച് നടന്ന വൈദികരുടെ മാസധ്യാനത്തിൽ പങ്കെടുത്തു.

11 വൈകുന്നേരം കുന്നോത്ത് ഗുഡ്ഷെപ്പേർഡ് സെമിനാരിയിലെ റെക്ടർ ബഹു. ജേക്കബ് ചാണിക്കുഴി, പ്രൊഫസർമാരായ ഫാ. തോമസ് പള്ളിയാനിപ്പുറം, ഫാ. ജേക്കബ് കറുകയിൽ എന്നിവരുടെ യാത്രയയപ്പ് സമ്മേളനത്തിൽ പങ്കെടുത്തു.

12 രാവിലെ കോഴിക്കോടുള്ള മാനന്തവാടി മേരിമാതാ കോളേജ് മുൻപ്രിൻസിപ്പൽ Dr. K. T Varkey-യെയും, SKD മുൻ ജനറാൾ ആയിരുന്ന സി. ആലീസിനെയും സന്ദർശിച്ചു. വൈകുന്നേരം ചുണ്ടത്തുംപൊയിൽ നിര്യാതനായ നാമറ്റത്തിൽ ജോർജിനു വേണ്ടി ഭവനത്തിൽ ചെന്ന് പ്രാർത്ഥിച്ചു.

15 വൈകിട്ട് ചെമ്പേരിയിൽവച്ച് നടന്ന കൃപാഭിഷേകം കൺവെൻഷനിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

19 വൈകിട്ട് എടപ്പുഴയിൽ വച്ച് ബഹു. പോൾ ചക്കാനിക്കുന്നേൽ അച്ചന്റെ ഫസ്റ്റ് പ്രൊഫഷന്റെ സുവർണ്ണ ജൂബിലി ആഘോഷത്തിന്റെ വി. കുർബാനയിലും സമ്മേളനത്തിലും പങ്കെടുത്തു. വൈകുന്നേരം തലശ്ശേരി ആർച്ച് ബിഷപ്പ് ഹൗസിൽ നടന്ന അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവിന്റെ തിരുനാൾ ആഘോഷത്തിൽ സംബന്ധിച്ചു.

21 വൈകിട്ട് കൂട്ടുപുഴ എക്സൈസ് ചെക്ക്പോസ്റ്റിനു സമീപം KCBC തലശ്ശേരി രൂപത മദ്യവിരുദ്ധ സമിതിയും, മുക്തിശ്രീയും, കുന്നോത്ത് ഫൊറോനയും സംയുക്തമായി നടത്തിയ ലഹരിക്കെതിരെയുള്ള സായാഹ്ന ധർണ ഉദ്ഘാടനം ചെയ്തു.

25 രാവിലെ എടൂർ സെന്റ്മേരീസ് ആക്കിഎപ്പിസ്കോപ്പൽ ദൈവാലയ ത്തിൽ വി. കുർബാന അർപ്പിച്ച് 1500 വിശുദ്ധരുടെ തിരുശേഷിപ്പ് പ്രദർശനം ഉദ്ഘാടനം ചെയ്തു.

26 രാവിലെ തലശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ മേജർ സെമിനാരി യൻസ്സിന്റെ കൂട്ടായ്മയോട് അനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു.

30 രാവിലെ മാനന്തവാടി രൂപതയിലെ കേളകം സെന്റ് ജോസഫ് ദൈവാലയത്തിൽ ജൂബിലി സമാപനത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ചു. വൈകിട്ട് നെടുവാലൂരിൽ പുതിയതായി നിർമിക്കുന്ന ദൈവാലയത്തിന്റെ കട്ടളവെപ്പ്കർമ്മം നിർവഹിച്ചു.

# APRIL 2025 ENGAGEMENTS

## ARCHBISHOP EMERITUS GEORGE NJARALAKATT

| | | | |
|---|---|---|---|
| 02 | 04:30 pm | - | Cemetery Blessing@ Kannivayal |
| 06 | 07:30am | - | Holy Mass @ Chedikulam |
| 07 | 09:30 am | - | Watch Shop Blessing @ Naduvil |
| 11 | 06:30 pm | - | Holymass @ Chungakunnu |
| 13 | 07:30 am | - | Holy Mass (Palm Sunday), Pazhoor |
| 17 | 06:15 am | - | Holy Mass (Pesaha) @ Nazareth Generalate, Kunnoth |
| 18 | 07:30 am | - | Good Friday @ Thaliparamba |
| 20 | 10:30pm | - | Holy mass (Easter) @ Nazareth kunnoth |
| 21 | 05:00 pm | - | Wedding Golden Jubilee, HolyMass @ Karani |
| 23 | 04:30 pm | - | Cemetery Blessing @ Paduppu |
| 24 | 07:30 am | - | First Communion @ Puravayal |
| 25 | 08:30 am | - | First Communion @ Valad |
| 26 | 08:30 am | - | First Communion @ Nilambur |
| 27 | 08:30 am | - | First Communion @ Vadapuram |
| 28 | 10:30 am | - | Marriage @ Chemperi |
| | 04:00 pm | - | Marriage @ Edoor |

**Secretary to the Archbishop Emeritus**

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോർജ് വലിയമറ്റം

**ഫെബ്രുവരി 2025**

28 പാത്തൻപാറ നിര്യാതനായ ചാക്കോ (വാവ ചേട്ടൻ) പൂന്തേട്ടുകളത്തിലിന്റെ ഭവനത്തിൽ വച്ച് നടന്ന മൃതസംസ്കാര ശുശ്രൂഷയിലും ചെമ്പേരിയിൽ നിര്യാതനായ ജോസഫ് പാറത്താനാത്തിന്റെ ഭവനത്തിലും നടന്ന മൃതസംസ്കാര ശുശ്രൂഷയിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

**മാർച്ച് 2025**

06 തിരുഹൃദയ സന്യാസിനി സമൂഹവും താമരശ്ശേരി സാന്തോം പ്രൊവിൻസ് അംഗവുമായ സി. മേരി ജിൽസിന്റെ കുളത്തുവയലിൽ സെന്റ് ജോർജ് തീർത്ഥാടന ദൈവാലയത്തിൽ വച്ച്നടന്ന മൃതസംസ്ക്കാര ശുശ്രൂഷയിൽ മുഖ്യകാർമികത്വം വഹിച്ചു.

08 തിരുഹൃദയ സന്യാസിനി സമൂഹത്തിന്റെ തലശ്ശേരി സെന്റ് ജോസഫ് പ്രൊവിൻസ് അംഗമായ സി. റോസ് ജെയിംസിന്റെ നിര്യാണത്തെ തുടർന്ന് ക്രിസ്തുരാജ് ഹോസ്പിറ്റൽ തൊക്കിലങ്ങാടിയിൽ വെച്ച് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

10 അന്നമ്മ മാണികത്താഴെയുടെ മൃതസംസ്കാര ശുശ്രൂഷയിൽ പേരാവൂർ മേജർ ആർക്കി എപ്പിസ്കോപ്പൽ ദൈവാലയത്തിൽ വെച്ച് മുഖ്യ കാർമികത്വം വഹിച്ചു.

13 ചെമ്പേരിയിൽ നടന്ന ബൈബിൾ കൺവെൻഷനിൽ പങ്കെടുത്ത് വിശുദ്ധ കുർബാനയ്ക്ക് മുഖ്യ കാർമികത്വം വഹിച്ചു.

15 പഞ്ചാബ് മിഷൻ സന്ദർശനത്തിന് പോയി.

---

## APRIL 2025 ENGAGEMENTS

### ARCHBISHOP EMERITUS GEORGE VALIAMATTAM

| | | |
|---|---|---|
| March 15 April 16 | - | Engaged |
| 26 | - | Hoy communion |
| 27 | - | Jubilee evening |

**Secretary to the Archbishop Emeritus**



തലശ്ശേരി അതിരൂപത ബൈബിൾ കൺവെൻഷൻ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ്
ചെമ്പേരി ലൂർദ് മാതാ ബസിലിക്ക അങ്കണത്തിൽ ഉദ്ഘാടനം ചെയ്യുന്നു.
ചെമ്പേരി, 2025 മാർച്ച് 12-16




തലശ്ശേരി അതിരൂപത പ്രഥമ പനത്തടി സാൻജോസ് തീർത്ഥാടനം
2025 മാർച്ച് 18, 19

RNI Reg. No. 5910  Date of Publication: 28/03/2025
Registered KL/TLY/20/25-27
Licensed to post without prepayment of postage
No. KL/PMG/NR/WPP/2/TLY/2022-24
വാല്യം : 08 ലക്കം : 04 വില : ₹10

## ഏപ്രിൽ 24 | വി. ഗീവർഗീസ്



Published & Printed by Fr. Sajan George Thengumpally on
behalf of Fr. Jacob Narikuzhy. Printed at Vimala Offset Press, Thalassery.
Published from Archbishop's House, Hollow Way Road, Thalassery - 670 101.
Editor- Fr. Sajan George Thengumpally.